


# യവനിക

## ചങ്ങമ്പുഴ

Digitized By Kerala Sahitya Akademi

# യവനിക

Changampuzha

Digitized By Kerala Sahitya Akademi

(Malayalam)

# Yavanika

Poem

By CHANGAMPUZHA KRISHNA PILLAI

Eighth Impression July 1970

PRINTED AT INDIA PRESS, KOTTAYAM

Price Rs. 2·00

Copyright
Mrs. Śreedevi Changampuzha

Publishers:
Sahitya Pravarthaka Co-operative
Society Ltd., Kottayam, Kerala State, India

Sales Department:
NATIONAL BOOK STALL
KOTTAYAM - TRIVANDRUM - ERNAKULAM - TRICHUR
PALGHAT - CANNANORE - QUILON - KOZHIKODE

Digitized By Kerala Sahitya Akademi

# യവനിക

(കവിത)

ചങ്ങമ്പുഴ കൃഷ്ണപിള്ള

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 2·00

Digitized By Kerala Sahitya Akademi

# ചങ്ങമ്പുഴയുടെ കൃതികൾ

## പദ്യം

അപരാധികൾ
അമൃതവീചി
അസ്ഥിയുടെ പൂക്കൾ
ആകാശഗംഗ
ആരാധകൻ
ഉദ്യാനലക്ഷ്മി
ഓണപ്പൂക്കൾ
കലാകേളി
കല്ലോലമാല
ചൂഡാമണി
തളിർത്തൊത്തുകൾ
തിലോത്തമ
ദിവ്യഗീതം
ദേവഗീത
ദേവയാനി
ദേവത
നർത്തകി
നിർവൃതി
നിഴലുകൾ
നിർവ്വാണമണ്ഡലം
നീറുന്ന തീച്ചൂള
പാടുന്ന പിശാച്
ബാഷ്പാഞ്ജലി
മഗ്ദലമോഹിനി
മഞ്ഞക്കിളികൾ
മണിവീണ
മദിരോത്സവം
മയൂഖമാല
മനസ്വിനി
മൗനഗാനം
മോഹിനി
യവനിക
രമണൻ
രക്തപുഷ്പങ്ങൾ
രാഗപരാഗം
വസന്തോത്സവം
വത്സല
ശ്മശാനത്തിലെ തുളസി
ശ്രീതിലകം
സങ്കല്പകാന്തി
സുധാംഗദ
സ്വരരാഗസുധ
സ്പന്ദിക്കുന്ന അസ്ഥിമാടം
ഹേമന്തചന്ദ്രിക
കാവ്യധാര

## ഗദ്യം

അനശ്വരഗാനം
കഥാരത്നമാലിക
കളിത്തോഴി
കരടി
തുടിക്കുന്ന താളുകൾ
പെല്ലീസും മെലിസാന്തയും
പൂനിലാവിൽ
പ്രതികാരദുർഗ്ഗ
മാനസാന്തരം
വിവാഹാലോചന
ശിഥിലഹൃദയം
സാഹിത്യചിന്തകൾ
ഹനേലെ

S2404 B1515 4/70-71 8-5000 JK 109

Digitized By Kerala Sahitya Akademi

# മഹാകവി ചങ്ങമ്പുഴ

മഹാകവി ചങ്ങമ്പുഴ കൃഷ്ണപിള്ള 1087 കന്നിമാസം 24-ാംതീയതി ഇടപ്പള്ളിയിൽ ചങ്ങമ്പുഴവീട്ടിൽ ശ്രീമതി പാറുക്കുട്ടിഅമ്മയുടെ പ്രഥമപുത്രനായി ജനിച്ചു. മട്ടാഞ്ചേരിയിൽ തെക്കേടെത്തുവീട്ടിൽ ശ്രീ നാരായണമേനോനായിരുന്നു പിതാവ്.

നിർദ്ധനാവസ്ഥമൂലം ബാല്യകാലവിദ്യാഭ്യാസംപോലും വളരെ ക്ലേശകരമായിട്ടാണ നിർവ്വഹിച്ചത്. മൂന്നാം ഫാറംവരെ ഇടപ്പള്ളിയിൽത്തന്നെ അദ്ധ്യയനം നടത്തി. ആലുവായിലും എറണാകുളത്തും അദ്ധ്യയനം നടത്തി ഹൈസ്കൂൾവിദ്യാഭ്യാസവും പൂർത്തിയാക്കി.

ഒമ്പതാമത്തെ വയസ്സുമുതൽ പ്രതിഭാശാലിയായ നമ്മുടെ സ്മര്യപുരുഷൻ കവിത എഴുതുവാൻ തുടങ്ങി. ബാഷ്പാഞ്ജലി എന്ന പ്രഥമകവിതാസമാഹാരത്തിലെ കവിതകളെല്ലാം ഇരുപതും ഇരുപത്തഞ്ചും വയസ്സിനിടയിൽ രചിക്കപ്പെട്ടവയാണ്.

ചങ്ങമ്പുഴ ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ അവസരത്തിലാണ് ശ്രീ ഇടപ്പള്ളി രാഘവൻപിള്ള നിര്യാതനായത്. ആ ദുരന്തസംഭവം ചങ്ങമ്പുഴയുടെ ഹൃദയത്തെ അഗാധമായി മുറിവേല്പിച്ചു. അതിൽനിന്നും വിങ്ങിപ്പൊട്ടിയ ദീനരോദനമാണ് രമണൻ എന്ന ആരണ്യകനാടകീയവിലാപകാവ്യം. ആ കൃതി മലയാളത്തിലെ ഒരു മഹാസംഭവമായി പരിണമിച്ചു.

തുടർന്ന് നിരവധി കൃതികൾ അനായാസേന ചങ്ങമ്പുഴയിൽനിന്നും കൈരളിക്കു ലഭിക്കുവാൻ തുടങ്ങി. ഇതിനിടയിൽ അദ്ദേഹം കോളേജ്‌വിദ്യാഭ്യാസവും ആരംഭിച്ചിരുന്നു. എറണാകുളത്തെ പഠനത്തിനുശേഷം തിരുവനന്തപുരം ആർട്ട്സ് കോളേജിൽ ചേർന്ന് ഓണേഴ്സ് ബിരുദം നേടി. അദ്ധ്യയനകാലത്തുതന്നെ ശ്രീമതി ശ്രീദേവിഅമ്മയെ അദ്ദേഹം വിവാഹംചെയ്തു.

പഠനാനന്തരം സാമ്പത്തികപരാധീനതകളിൽനിന്നും മോചനം നേടാനായി ചങ്ങമ്പുഴ യുദ്ധസേവനം അനു

Digitized By Kerala Sahitya Akademi

ഷ്ടിച്ചു. രണ്ടു കൊല്ലത്തിനുള്ളിൽ ഉദ്യോഗവും മതിയാക്കി ഉപരിപഠനാൎത്ഥം മദിരാശി ലാകോളേജിൽ ചേൎന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ അതും വേണ്ടെന്നുവെച്ചു നാട്ടിലേക്കു മടങ്ങി.

സാഹിത്യപ്രവൎത്തനങ്ങൾകൊണ്ടുമാത്രം ധാരാളം ധനം നേടുവാൻ ചങ്ങമ്പുഴയ്ക്കു സാധിച്ചു. മംഗളോദയം മാസികയുടെ പത്രാധിപസമിതിയിലും അദ്ദേഹം അംഗമായിരുന്നു. അഖിലകേരള പുരോഗമന സാഹിത്യസമിതിയുടെ ദ്വിതീയസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് ചങ്ങമ്പുഴ ചെയ്ത ഉജ്ജ്വലപ്രഭാഷണം സാഹിത്യമണ്ഡലത്തിൽ ഒരു കോളിളക്കംതന്നെ സൃഷ്ടിച്ചു.

ബഹുമുഖമായ ജീവിതായോധനങ്ങളിൽപ്പെട്ടു് മാനസികവും ശാരീരികവുമായ യാതനകൾക്കു വിധേയനായി ചങ്ങമ്പുഴ കാവ്യസപര്യ ചെയ്തു. അതിനെത്തുടൎന്നു രോഗവും ധനനഷ്ടവും അദ്ദേഹത്തെ ഗ്രസിച്ചു.

ചങ്ങമ്പുഴയെ ഹൃദയംഗമമായി സ്നേഹിച്ചിരുന്ന കേരളീയർ പണം അയച്ചുകൊടുത്തു് ആ അമൂല്യജീവൻ ഊതിത്തെളിക്കാൻ ശ്രമിച്ചു. എന്നാൽ, അതെല്ലാം വിഫലമായിത്തീൎന്നു. ആബാലവൃദ്ധം കേരളീയരെയും അശ്രുധാരയിൽ ആഴ്ത്തിക്കൊണ്ടു് 1123 മിഥുനം 4-ാംതീയതി മദ്ധ്യാഹ്നത്തിൽ മഹാകവി തൃശ്ശിവപേരൂർ മംഗളോദയം നഴ്സിംഗ്ഹോമിൽവച്ചു് ദിവംഗതനായി.

ചങ്ങമ്പുഴയ്ക്കു് ഒരനുജനും ഒരു പുത്രനും രണ്ടു പുത്രിമാരുമുണ്ടു്. അദ്ദേഹത്തിന്റെ വൃദ്ധമാതാവു് ഇന്നും ജീവിച്ചിരിക്കുന്നു. കവിതാസമാഹാരങ്ങളും പരിഭാഷകളും ചെറുകഥകളും നോവലുകളും ഉൾപ്പെടെ 57 കൃതികൾ മഹാകവി ചങ്ങമ്പുഴ കൈരളിക്കു കാഴ്ചവെച്ചിട്ടുണ്ടു്.

ഒരു പുരുഷായുസ്സുകൊണ്ടുപോലും ആൎജ്ജിക്കാനാവാത്ത അത്ഭുതസിദ്ധികൾ 36 വൎഷങ്ങൾക്കുള്ളിൽ ആ അതിമാനുഷൻ പ്രകടിപ്പിച്ചു.

വേദനിപ്പിക്കുന്ന ആ മധുരസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ!

പ്രസാധകർ

Digitized By Kerala Sahitya Akademi

# അവതാരിക

രാജകൊട്ടാരങ്ങളുടേയും പ്രഭുസദനങ്ങളുടേയും അധികാരവലയത്തിൽനിന്നു കാവ്യകലയെ മോചിപ്പിച്ച് സാമാന്യജനതയുടെ ഹൃദയവേദിയിൽ സകാലം പ്രതിഷ്ഠിച്ച മനുഷ്യസ്നേഹിയും മഹാകവിയുമായ ശ്രീ ചങ്ങമ്പുഴ കൃഷ്ണപിള്ളയോടൊപ്പം ജനപ്രീതിക്കു പാത്രീഭൂതനായ മറെറാരു കലാകാരൻ ഇന്നത്തെ കേരളത്തിൽ ഇല്ലെന്നു തീർത്തുപറയാം. നാട്ടിൻപുറത്തെ സാധുവായ കൃഷിക്കാരനും പരിഷ്കാരമില്ലാത്ത കാലിച്ചെറുക്കനും പട്ടണത്തിലെ പാവപ്പെട്ട തൊഴിലാളിയും ചങ്ങമ്പുഴക്കവിതകൾ പാടി ആനന്ദിക്കുന്നുണ്ട്. പക്ഷേ, ഈ പാവങ്ങൾ ചങ്ങമ്പുഴയുടെ കലാകുശലതയെപ്പററി നിരൂപണം ചെയ്യുന്നതിനു ശ്രമിച്ചിട്ടില്ല. ഇവർ നിരൂപകന്മാരല്ലല്ലോ. അതിനുണ്ടു വേറൊരു കൂട്ടർ. അസൂയയും സ്പർദ്ധയുംകൊണ്ടു മാത്രം ചങ്ങമ്പുഴക്കവിതയെ അവഹേളിക്കുന്ന ഒരു കൂട്ടം നിരൂപകപ്പരിഷ അങ്ങനെ. ഉൽകൃഷ്ട ചിന്തകളും സംസ്കാരമൂല്യങ്ങളും ചങ്ങമ്പുഴക്കവിതയിൽ വളരെ വിരളമാണെന്നു പറഞ്ഞുകൊണ്ടു 'ഐഡിയലിസ'ത്തിന്റെ വാലിൽ തൂങ്ങുന്ന 'മനംനോക്കികൾ' മറെറാരുവിധത്തിൽ. (കലാസൃഷ്ടി ഒരു സാമുദായികപ്രവർത്തനമാണെന്നു വാദിക്കുന്ന ശ്രീ എം. ബാലകൃഷ്ണപിള്ളയെ ഞാൻ ബഹുമാനപുരസ്സരം സ്മരിക്കുന്നു. പക്ഷേ, കേരളത്തിൽ അദ്ദേഹത്തെപ്പോലെ അദ്ദേഹത്തെ മാത്രമേ കണ്ടിട്ടുള്ളൂ.) കർണ്ണസുഖം നല്കുന്ന ദ്രാവിഡശീലുകളിൽകൂടി സംഗീതം പകർന്നു ജനങ്ങളെ വശീകരിക്കുകമാത്ര

Digitized By Kerala Sahitya Akademi

മാണ് ശ്രീ ചങ്ങമ്പുഴ ചെയ്തിട്ടുള്ളതെന്നും കുറെ 'കള കളാരവങ്ങ'ളും 'കില്യകിലാരവങ്ങ'ളും മാററിനോക്കിയാൽ ചങ്ങമ്പുഴക്കവിത അന്തഃസത്തയില്ലാത്ത പൊങ്ങുതടിയാണെന്നു കാണാൻകഴിയുമെന്നും മററുമാണ് ചങ്ങമ്പുഴയെ ആക്ഷേപിക്കുന്നവർ സാധാരണ പറയാറുള്ളത്. ഈ ആക്ഷേപത്തെപ്പററി അല്പമൊന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. കുറെ മധുരപദങ്ങൾ പെറുക്കി നിരത്തിയതുകൊണ്ടുമാത്രം സാമാന്യജനതയെ വശീകരിച്ചു കീഴ്പ്പെടുത്തുവാൻ സാദ്ധ്യമാണോ? മധുരപദങ്ങൾ നിരത്തിവെച്ച മററു പലരുമില്ലേ? അവരും ജനങ്ങളും തമ്മിലുള്ള ബന്ധമെന്താണ്? കഴമ്പില്ലാത്ത സംഗീതത്തിന്റെ പിറകേ നടന്നു മിനക്കെടാൻ മാത്രം സമയവും സൗകര്യവും സാധാരണക്കാർക്കുണ്ടോ? സംഗീതാത്മകത്വം മാത്രമാണോ ചങ്ങമ്പുഴക്കവിതയും കേരളീയരും തമ്മിലുള്ള ദൃഢബന്ധത്തിൻെറ അടിസ്ഥാനം?

ഏതൊരു സമുദായത്തിലും മനുഷ്യമനസ്സിൻെറ വ്യാപാരഫലങ്ങളായ സാഹിത്യം, തത്ത്വശാസ്ത്രം, മതനിബന്ധനകൾ എന്നിവയെല്ലാം അന്ത്യരൂപം നല്കുന്നത് ആ സമുദായത്തിൽ നിലവിലിരിക്കുന്ന സാമ്പത്തികബന്ധങ്ങളാണെന്നും ഒരു കലാകാരൻ (സാഹിത്യകാരൻ) ഏതൊരു വർഗ്ഗത്തിൽപ്പെട്ടുന്നുവോ ആ വർഗ്ഗത്തിനും അയാൾക്കും പൊതുവേയുള്ള രാഷ്ട്രീയാഭിപ്രായങ്ങൾ, അയാളുടെ സന്മാർഗ്ഗചിന്തകൾ, നീതിബോധം മുതലായവയിൽക്കൂടിയാണു സാമ്പത്തികബന്ധങ്ങൾ പ്രകടീഭവിക്കുന്നതെന്നും കലാകാരൻ ജീവിക്കുന്ന കാലത്തു കൈവന്നിട്ടുള്ള ശാസ്ത്രീയപുരോഗതി, അയാളുടെ സ്വന്തമായ ശാസ്ത്രീയവിജ്ഞാനം, അയാൾക്കും അയാളുടെ വർഗ്ഗത്തിനും മതം, തത്ത്വശാസ്ത്രം മുതലായവയോടുള്ള മനോ

Digitized By Kerala Sahitya Akademi

ഭാവം എന്നിവയെ ആശ്രയിച്ചായിരിക്കും മനുഷ്യനും പ്രകൃതിയും—മനുഷ്യനും പരിതഃസ്ഥിതിയും—തമ്മിലുള്ള ബന്ധം അയാളുടെ കലാസൃഷ്ടിയിൽ പ്രതിഫലിക്കുന്നതെന്നും 'കാറൾമാർക്സ്'' പറയുന്നു. കേരളത്തിലെ കവികളുടെയും ഇതരസാഹിത്യകാരന്മാരുടെയും കൃതികളിൽ പ്രകാശിക്കുന്ന ആശയങ്ങളും അഭിപ്രായങ്ങളും പരിശോധിച്ചാലും മാർക്സിൻെറ പ്രസ്താവന പ്രത്യക്ഷരം വാസ്തവമാണെന്നു കാണാം. നാടുവാഴികളേയും പ്രഭുക്കന്മാരേയും വാനോളം വാഴ്ത്തിപ്പുകഴ്ത്തിയ പ്രാചീനകവികളും നിറപറയും നിലവിളക്കുംവെച്ചിച്ചു് ഭൂതകാലമഹത്വത്തെ സ്ഥാപിക്കുവാൻ വെമ്പുന്ന ഇന്നത്തെ കവികളും മാർക്സിയൻ സിദ്ധാന്തത്തെ ഉദാഹരിക്കുകയാണു ചെയ്യുന്നതു്. ചില സാഹിത്യകാരന്മാർ പറയുന്നതു കേട്ടിട്ടുണ്ടു്, അവർ ഒരു കക്ഷിയിലും പെടാത്തവരും രാഷ്ട്രീയചിന്തകൾക്കും മററും അതീതരായി നിലകൊള്ളുന്നവരുമാണെന്നു്. ദിവാൻജിമുതൽ രണ്ടാംക്ലാസ്സ് വാദ്ധ്യാർവരെയുള്ള ഗവൺമെൻറുദ്യോഗസ്ഥന്മാർ ദൃഢസ്വരത്തിൽ പറയാറുണ്ടു്, വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കരുതെന്നു്. രാഷ്ട്രീയകാര്യങ്ങളുടെ എ. ബി. സി. അറിയാവുന്ന സത്യസ്നേഹികൾക്കൊക്കെ ഇതു കേൾക്കുമ്പോൾ പുച്ഛം തോന്നുവാനേ വഴിയുള്ളൂ. രാഷ്ട്രീയകാര്യങ്ങളിൽ നിന്നു മററുള്ളവരെ മാററിനിർത്തുവാൻ ശ്രമിക്കുന്നവർ തന്മൂലം നഗ്നമായ രാഷ്ട്രീയപ്രചരണം നടത്തുകയല്ലേ ചെയ്യുന്നതു്? രാഷ്ട്രത്തെ (State) സംബന്ധിക്കുന്ന കാര്യങ്ങളാണല്ലോ രാഷ്ട്രീയകാര്യങ്ങൾ. ഒരു ഗവൺമെണ്ടും ആ ഗവൺമെണ്ടിനു കീഴ്പ്പെട്ടിരിക്കുന്ന കുറെ ആളുകളുമുണ്ടെങ്കിൽ ഒരു രാഷ്ട്രമാകുമെന്നു സാമാന്യമായി പറയാം. അപ്പോൾ ഗവൺമെണ്ടുദ്യോഗസ്ഥന്മാർ ആരാണു്? അവ

Digitized By Kerala Sahitya Akademi

രുടെ ജോലിയെന്താണ്? ഒരു രാഷ്ട്രത്തെ ഭരിക്കുന്ന ഗവമ്മെണ്ടിന്റെ രാഷ്ട്രീയാധികാരം നിലനിത്തുവാൻവേണ്ടി ശമ്പളം കൊടുത്തു നിയോഗിച്ചിരിക്കുന്ന രാഷ്ട്രീയപ്രവത്തകന്മാരാണവരെന്ന് ഒരത്ഥത്തിൽ പറയാം. രാഷ്ട്രത്തിൻെറ തലവനെ പള്ളിക്കൂടങ്ങളിലും യോഗസ്ഥലങ്ങളിലും നാടകശാലകളിലും സക്കസ് ക്യാമ്പുകളിലും ഗുസ്തിവളപ്പുകളിലുമൊക്കെവെച്ചു സ്തോത്രം ചെയ്യണമെന്നു വന്നാൽ—അതു ശരിയാണെങ്കിലും തെററാണെങ്കിലും—അതും പരസ്യമായ രാഷ്ട്രീയപ്രചാരണമല്ലാതെ മറെറന്താണ്? രാഷ്ട്രാധിപനെ അനുസരിച്ചുകൊള്ളാമെന്നും അങ്ങനെ രാഷ്ട്രത്തിൻെറ ഇന്നത്തെ രൂപം സംരക്ഷിച്ചുകൊള്ളാമെന്നും ഉള്ള വാശത്തമല്ലേ ഇതിൻെറ പുറകിൽ പ്രത്യക്ഷപ്പെടുന്നതു്? സാഹിത്യകാരന്മാരെപ്പോലെതന്നെ വേറെ ചില സാധുക്കളും—കൃഷിക്കാരും കച്ചവടക്കാരും കൂലിവേലക്കാരും മററും—പറയാറുണ്ട്, അവക്കു രാഷ്ട്രീയകാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലെന്ന്. തങ്ങൾ പറയുന്നതെന്താണെന്ന് ഇവരും ഗ്രഹിച്ചിട്ടില്ല. കരവും നികുതിയും മററും മററും കൊടുത്തു് ഇന്നത്തെ രാഷ്ട്രത്തോടുള്ള കൂറു വെളിപ്പെടുത്തുന്ന 'രാഷ്ട്രീയപ്രവത്തകരാ'ണു തങ്ങളെന്ന് ഇവർ അറിയാത്തതു് പരിതാപകരമെന്നല്ലാതെ എന്തു പറയട്ടെ! ഇങ്ങനെ നോക്കുമ്പോൾ രാഷ്ട്രീയകാര്യങ്ങളിൽ വിദ്യാത്ഥികൾ, സാഹിത്യകാരന്മാർ മുതലായവർ പങ്കെടുക്കരുതെന്നു നിദ്ദേശിക്കപ്പെടുന്നതിൻെറ അത്ഥമെന്താണ്? ഗുണദോഷങ്ങളെപ്പററി ചിന്തിക്കാതെ നിലവിലിരിക്കുന്ന രാഷ്ട്രീയവ്യവസ്ഥിതിയെ അനുസരിക്കുകയും അതിൽ മാററം വരുത്താൻ ഒരുമ്പെടാതിരിക്കുകയും ചെയ്യണമെന്നേ ഇതിനത്ഥമുള്ളു. മറെറാരുവിധത്തിൽ പറഞ്ഞാൽ ജന

Digitized By Kerala Sahitya Akademi

ങ്ങളുടെ രാഷ്ട്രീയപ്രവത്തനം ഇന്നത്തെ ഭരണകൂടത്തെ— അതു നല്ലതോ ചീത്തയോ എന്നു വ്യവച്ഛേദിക്കാതെ— പിന്താങ്ങുന്ന രീതിയിലായിരിക്കണമെന്നാണ് നിഷ്ക്കഷിക്കപ്പെടുന്നതു്. പക്ഷേ, പിന്താങ്ങുന്നവരും എതിക്കുന്നവരും, ഒരു രാഷ്ട്രത്തിൽ ജീവിക്കുന്നവരാണെങ്കിൽ, ഒരുപോലെ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കുന്നവരാണെന്നു സുസ്പഷ്ടമാണു്. പിന്താങ്ങുന്നവരിൽ പലരും അവരുടെ രാഷ്ട്രീയപ്രവത്തനത്തിൻെറ സ്വഭാവവും വ്യാപ്തിയും മനസ്സിലാക്കുന്നില്ലെന്നേയുള്ളൂ. രാഷ്ട്രീയചിന്തകളിൽ നിന്നൊഴിഞ്ഞുനില്ക്കുവാൻ ശ്രമിക്കുന്ന സാഹിത്യകാരന്മാരും—ഇവരിൽ ചില പുരോഗമനക്കാരുമുണ്ടു്—ഒരു പ്രത്യേകരാഷ്ട്രീയവ്യവസ്ഥയെ പരോക്ഷമായിട്ടെങ്കിലും പിന്താങ്ങുകയാണു ചെയ്യുന്നതു്. ഇവരിൽ പലരുടേയും പിന്താങ്ങൽ ബോധപൂവ്വകമല്ലായിരിക്കാം. അതുകൊണ്ടു പിന്താങ്ങൽ പിന്താങ്ങലല്ലാതായിത്തീരുന്നില്ല. 'സോഷ്യലിസം', 'കമ്മ്യൂണിസം' എന്നൊക്കെ കേൾക്കുമ്പോൾ കണ്ണു ചുവപ്പിച്ചു്, ഏതെങ്കിലും കക്ഷിയിൽപ്പെടുന്നതു കലാകാരൻെറ മഹത്വത്തിനു ചേന്നതല്ലെന്നു ശഠിച്ചു് ത്രിശങ്കുസ്വഗ്ഗത്തിൽ തൂങ്ങിക്കിടക്കുവാൻ പാടുപെടുന്ന ഏതാനും സാഹിത്യകാരന്മാർ—നല്ല കഴിവുള്ളവർ പോലും!—നമ്മുടെ ഇടയിലുണ്ടു്. ഇവരും, മാർക്സ് പറയുന്നതുപോലെ, ഒരു പ്രത്യേകവഗ്ഗത്തിൻെറ സ്ഥാപിത താത്പയ്യങ്ങൾക്കുവേണ്ടി പ്രത്യക്ഷമായ പ്രചരണം നടത്തുന്നവരോ നിഷ്പക്ഷതമൂലം പ്രസ്തുത താത്പയ്യങ്ങളെ സഹായിക്കുന്നവരോ അവയോടെതിരിടാൻ ഭയപ്പെടുന്ന ഭീരുക്കളോ ആണു്. ഇങ്ങനെ പരിശോധിച്ചാൽ വഗ്ഗപരമായ (Class) താത്പയ്യസംരക്ഷണത്തിനുവേണ്ടി നിലകൊള്ളാത്തവർ, സാഹിത്യകാരന്മാരായാലും അല്ലെ

Digitized By Kerala Sahitya Akademi

ങ്കിലും, ഇല്ലെന്നുള്ള മാർക്സിന്റെ സിദ്ധാന്തം അൎത്ഥസമ്പൂൎണ്ണമാണെന്നു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ പരിവൎത്തനത്തിന്റെ പ്രാധാന്യവും പ്രയോജനവും അപ്രതിരോധ്യതയും മനസ്സിലാക്കി, സ്വവൎഗ്ഗതാത്പര്യങ്ങളിൽനിന്നു വ്യതിരിക്തമായി നിന്നുകൊണ്ടു്, സമുദായപുരോഗതിക്കുവേണ്ടി പ്രയത്നിക്കുന്ന കലാകാരന്മാരും ശാസ്ത്രജ്ഞന്മാരുമൊക്കെ ഏതൊരു സമുദായത്തിലും ഉണ്ടായിരിക്കുമെന്നും 'മാർക്സിസം' ചൂണ്ടിക്കാണിക്കുന്നുണ്ടു്. കാറൽമാർക്സിന്റെ ജീവിതചരിത്രംതന്നെ ഇതിനു് ഉത്തമദൃഷ്ടാന്തമാണു്.

കല, തത്വശാസ്ത്രം മുതലായവയിൽക്കൂടി നിഴലിക്കുന്ന ആദൎശസംഹിത(Ideology)യ്ക്കു് അന്ത്യരൂപം നല്കുന്നതു സാമ്പത്തികബന്ധങ്ങളാണെങ്കിലും, കലയ്ക്കും മറ്റും സാമ്പത്തികബന്ധങ്ങളിൽ താത്കാലികമായ സ്വാധീനശക്തി ചെലുത്താൻ കഴിയുമെന്നും മാർക്സ് പറയുന്നുണ്ടു്. ഈ ഭാഗം വിശദീകരിച്ചുകൊണ്ടു് ഒരൊന്നാന്തരം റഷ്യൻ സാഹിത്യനിരൂപകനായ എഫ്. യൂഡിൻ ഇപ്രകാരം പറയുന്നു: "ആദ്യകാലത്തു ഗാനങ്ങൾ, നൃത്തങ്ങൾ, ചുമർചിത്രങ്ങൾ, വീട്ടുസാമാനങ്ങളിന്മേലുള്ള അലങ്കാരങ്ങൾ ആദിയായവയ്ക്കു സാമ്പത്തികപ്രയത്നങ്ങളെ നേരിട്ടു നിയന്ത്രിക്കണമെന്നുള്ള ഉദ്ദേശ്യമുണ്ടായിരുന്നു. മറ്റുള്ളവരുടെ പ്രയത്നഫലം ചൂഷണംചെയ്തു്, യാതൊരു കായക്ലേശവും കൂടാതെ, കഴിയുന്ന വൎഗ്ഗങ്ങൾ അടിമസമുദായത്തിലും ജന്മിസമുദായത്തിലും ഉണ്ടായതോടുകൂടി മാനസികവ്യാപാരങ്ങൾ ഇത്തരക്കാരുടെ കുത്തകയായിത്തീൎന്നു. ഭൗതികസാധനങ്ങളുടെ നിൎമ്മാണത്തിൽ നേരിട്ടു ബന്ധപ്പെടുത്താതെ ശാസ്ത്രീയവും കലാപരവും മറ്റുമായ പ്രവൎത്തനത്തെ ഇവർ സ്വായത്തമാക്കി. മുതലാളിസമുദായത്തിൽ

Digitized By Kerala Sahitya Akademi

കായികവും മാനസികവുമായ പ്രവൃത്തികൾ തമ്മിലുള്ള വിഭജനം ഉച്ചകോടിയിൽ എത്തുകയാണു ചെയ്തിരിക്കുന്നതു്. കായികാധ്വാനവും മാനസികാധ്വാനവും തമ്മിലുള്ള അസ്വാഭാവികവും വിനാശകരവുമായ വിഭജനത്തെ സാധൂകരിക്കുന്നതിനായി ചില പ്രത്യേക സിദ്ധാന്തങ്ങളെ—'കല കലയ്ക്കുവേണ്ടി', 'വർഗ്ഗരഹിതമായ ശാസ്ത്രം' എന്നിങ്ങനെ വളരെയെണ്ണത്തെ—മുതലാളിസമുദായം സൃഷ്ടിച്ചുവിടുകയും ചെയ്തിട്ടുണ്ടു്. ഈ പരിതഃസ്ഥിതിയിൽ കല, തത്ത്വശാസ്ത്രം, മതം മുതലായവ യാതൊരു ക്രമവുമില്ലാതെ, അനിയന്ത്രിതമായിട്ടാണു സാമ്പത്തികബന്ധങ്ങളിൽ സ്വാധീനശക്തി ചെലുത്തുന്നതു്. കലാനിർമ്മാണമാദിയായ മാനസികപ്രവർത്തനങ്ങളിൽ ഇത്തരം ക്രമക്കേടുകളുണ്ടെങ്കിലും, ഭരണകർത്തൃത്വം നടത്തുന്ന വർഗ്ഗത്തിന്റെ താൽപര്യങ്ങൾക്കനുരൂപമായി ജനങ്ങളുടെ മനോഭാവത്തെ സജ്ജീകരിക്കുകയെന്നതാണു് ആ പ്രവർത്തനങ്ങളുടെയെല്ലാം ഉദ്ദേശ്യമെന്നു് അപഗ്രഥനാന്ത്യത്തിൽ വെളിപ്പെടാതിരിക്കുകയില്ല."

കലാസൃഷ്ടി ഒരു സാമുദായികപ്രവർത്തനമാണെന്നുള്ള ശ്രീ എ. ബാലകൃഷ്ണപിള്ളയുടെ വാദവും മുകളിൽ ഉദ്ധരിച്ച മാർക്സിയൻ സിദ്ധാന്തവും തമ്മിൽ സാരാംശത്തിൽ വ്യത്യാസമില്ല. ആകാശത്തിൽനിന്നു കയറുപൊട്ടി ഭൂമിയിൽ പതിച്ചവനല്ല കലാകാരൻ. അയാൾ ജീവിക്കുന്ന കാലഘട്ടത്തിലെ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവും ആദ്ധ്യാത്മികവുമായ പ്രവർത്തനങ്ങളോടു് അയാൾ അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. അയാൾ കാലത്തിന്റെ—ഒരു പ്രത്യേക കാലഘട്ടത്തിന്റെ—സന്താനമാണു്. അയാളുടെ ജനനം, വളർച്ച, വർഗ്ഗം, വിദ്യാഭ്യാസം, പരിതഃസ്ഥിതികൾ മുത

Digitized By Kerala Sahitya Akademi

ലായവ അയാൾക്കു സ്വന്തമായ ഒരു സംസ്കാരവും വീക്ഷണവും നല്കുന്നു. അപ്പോൾ ഓരോ കലാകാരനും സ്വന്തമായ ഒരു ജീവിതനിരൂപണരീതി, അഥവാ ലോകവീക്ഷണകോടി, ഉണ്ടായിരിക്കുമെന്നു സിദ്ധിക്കുന്നു. ലെനിൻ പറയുന്നു: "പ്രകൃതിയേയും സമുദായത്തേയും ചുഴിഞ്ഞുനോക്കുന്ന മററാരെയുംപോലെ ഒരു സാഹിത്യകാരനും കാലേക്കൂട്ടി നിബന്ധിക്കപ്പെട്ട ഏതാനും ആശയങ്ങളും ധാരണകളുമായിട്ടാണു യാഥാൎത്ഥ്യങ്ങളെ സമീപിക്കുന്നതു്. ജനങ്ങളോടും സംഭവങ്ങളോടും അയാൾക്കുണ്ടാകുന്ന മനോഭാവത്തെ ഏറിയകൂറും നിൎണ്ണയിക്കുന്നതു് ഈ ആശയങ്ങളും ധാരണകളുമാണു്. ഒരു സംഭവത്തെ ബലഹീനമാക്കുന്നതിനോ വികൃതപ്പെടുത്തുന്നതിനോ ഒരു കൎമ്മപരിപാടിയെ ശക്തിപൂൎവ്വം പിന്താങ്ങുന്നതിനോ ഒരു പാത്രത്തെ അവഹേളിക്കുന്നതിനോ മറെറാന്നിനെ പ്രശംസിക്കുന്നതിനോ അയാളെ പ്രേരിപ്പിക്കുന്നതു് അവയാണു്. തീൎച്ചയായും കലാകാരൻെറ ലോകവീക്ഷണകോടി അയാളുടെ സൃഷ്ടിപരമായ പ്രവൎത്തനത്തിൽ പ്രകടമായ സ്വാധീനശക്തി പ്രയോഗിക്കുന്നുണ്ടു്. അഭിപ്രായങ്ങളോ ഇഷ്ടാനിഷ്ടങ്ങളോ കലാകാരൻ നേരിട്ടു പ്രകടിപ്പിക്കുന്നില്ലെങ്കിലും, അയാൾ വിവരിക്കുന്ന സംഭവങ്ങൾക്കും വൎണ്ണിക്കുന്ന പാത്രങ്ങൾക്കും അയാളുടെ കലാസൃഷ്ടിയിൽ അന്തൎഹിതമായിരിക്കുന്ന ലോകവീക്ഷണകോടിയെ വെളിപ്പെടുത്താതിരിക്കുവാൻ സാദ്ധ്യമല്ല."

ഇങ്ങനെ വ്യക്തിപരമായ അഭിപ്രായങ്ങളോടും ആദൎശങ്ങളോടുംകൂടിയാണു് ഒരു കലാകാരൻ ജീവിതത്തെ—ലോകത്തെ—വീക്ഷിക്കുന്നതു്. ബുദ്ധിയേയും ഹൃദയത്തേയും സമ്മൎദ്ദിക്കുന്ന പരിതഃസ്ഥിതികളാണു്

Digitized By Kerala Sahitya Akademi

അയാൾക്കു സൃഷ്ടിപരമായ പ്രചോദനം നല്കുന്നതു്, അഥവാ നല്കേണ്ടതു്. പരിതഃസ്ഥിതികളെ വിസ്മരിച്ചുകൊണ്ടോ നോക്കി മനസ്സിലാക്കാൻ കെല്പില്ലാതെയോ കലാസൃഷ്ടി നടത്തുന്നവരുടെ കൃതികളാണു നീർപ്പോളകൾ പോലെ മാഞ്ഞുപോകുന്നതു്. ഒരു സാഹിത്യകാരൻെറ വില നിർണ്ണയിക്കേണ്ടതു് അയാൾ ചരിത്രയാഥാർത്ഥ്യങ്ങളെ—മനുഷ്യജീവിതയാഥാർത്ഥ്യങ്ങളെ—എത്രമാത്രം സൂക്ഷ്മമായി അയാളുടെ കൃതിയിൽ വിനിവേശിപ്പിച്ചിട്ടുണ്ടെന്നുള്ളതിനെ ആധാരമാക്കി വേണമെന്നു ലെനിൻ നിഷ്കർഷിക്കുന്നു. പഴങ്കഥകൾ എടുത്തു കൈകാര്യംചെയ്താലും അവയിൽ ചരിത്രയാഥാർത്ഥ്യങ്ങൾ കലർത്തുവാൻ കഴിയുമെങ്കിൽ അവ വിലമതിക്കപ്പെടേണ്ടവതന്നെ. വർഗ്ഗബന്ധത്തിൻെറ വെളിച്ചത്തിൽ, വ്യക്തികളുടെ വികാരങ്ങളേയും വിചാരങ്ങളേയും വാക്കുകളേയും പ്രവൃത്തികളേയും അസത്യമോ ആത്മവഞ്ചനയോ കൂടാതെ പ്രതിഫലിപ്പിക്കുന്നതിനെയാണു് ചരിത്രയാഥാർത്ഥ്യങ്ങളുടെ പ്രതിപാദനമെന്നു ലെനിൻ പറയുന്നതു്. ശ്രേഷ്ഠതമമായ കലാസൃഷ്ടിയും ഇതാകുന്നു. ഷേക്സ്പീയർ, ററോൾസ്റ്റോയി, ബാൽസാക്ക്, ഗോർക്കി മുതലായവർ ഈ വിധത്തിൽ കലാനിർമ്മാണം നിർവ്വഹിച്ചു വിശ്വസാഹിത്യകാരന്മാരായിത്തീർന്നിട്ടുള്ളവരാണു്.

ഒരു കലാകാരൻ ജീവിക്കുന്ന കാലഘട്ടം, ആ കാലത്തെ സാമ്പത്തികവ്യവസ്ഥിതി, ആ വ്യവസ്ഥിതിയിൽ കെട്ടിപ്പടുത്തിട്ടുള്ള വിവിധാദർശങ്ങൾ (മതപരം, സാംസ്കാരികം, രാഷ്ട്രീയം etc.), അയാളുടെ ലോകവീക്ഷണകോടി, ചരിത്രയാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുന്നതിൽ അയാൾക്കുള്ള കെല്പ് എന്നിവയെ ആസ്പദമാക്കി വേണം അയാളുടെ കലാനിപുണതയ്ക്കു വിലയിരുത്തുവാനെന്നാണു് മുക

Digitized By Kerala Sahitya Akademi

ളിൽ എഴുതിയ ഖണ്ഡികകളെല്ലാം ചൂണ്ടിക്കാണിക്കുന്നു്. ഈ അളവുകോൽ വെച്ചുനോക്കുമ്പോൾ സംഗീതം മാത്രമല്ല കേരളീയരെ, പ്രത്യേകിച്ചു കേരളത്തിലെ സാമാന്യജനങ്ങളെ, ചങ്ങമ്പുഴകൃതികളിലേക്കാകർഷിച്ചതെന്നു കാണാവുന്നതാണു്. ജീർണ്ണിച്ചു വിറകൊള്ളുന്ന ജന്മിത്തത്തേയും മൂത്തുമുരടിച്ച മുതലാളിത്തത്തേയും വെല്ലുവിളിച്ചുകൊണ്ടു് സോഷ്യലിസ്റ്റാദർശങ്ങൾ കേരളക്കരയിൽ അവ്യാഹതമായി സഞ്ചരിക്കുന്ന ഒരു കാലഘട്ടമാണിതു്. ചങ്ങമ്പുഴ ജീവിക്കുന്ന ഇന്നത്തെ കാലം സാമാന്യജനതയുടെ കാലമാണു്. ലോകത്തിന്റെ മററു ഭാഗങ്ങളിലെപ്പോലെ നമ്മുടെ നാട്ടിലും സാമാന്യജനങ്ങൾ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾക്കായി വെമ്പൽകൊള്ളുന്ന ഒരു കാലഘട്ടമാണിതു്. കൈയേററങ്ങളും കഷ്ടപ്പാടുകളും നിറഞ്ഞ ഇന്നത്തെ സാമൂഹ്യസംഘടനയെ തട്ടിത്തകർത്തു് വർഗ്ഗരഹിതവും സമത്വസുന്ദരവുമായ ഒരു നൂതനവ്യവസ്ഥിതി കെട്ടിപ്പടുക്കുന്നതിനു ജനസാമാന്യം കുതികൊള്ളുന്നു. "ജീവിക്കുവാനും വളരുവാനും എല്ലാവർക്കും സന്ദർഭങ്ങൾ വേണം"—ഇതാണു് ഇന്നത്തെ മുദ്രാവാക്യം. ഇതിന്റെ പെരുമ്പറയടി കേട്ട നമ്മുടെ കവികളും കലാകാരന്മാരും നിരൂപകന്മാരുമെല്ലാം പലവഴിക്കു പാഞ്ഞു് പല ചേരിയിലും ചേർന്നിട്ടുണ്ടു്. തനി പിന്തിരിപ്പന്മാർ ഒരു വക; ഒരു കാൽ യാഥാസ്ഥിതികത്വത്തിൽ ഉറപ്പിച്ചുകൊണ്ടു് മറേറക്കാൽ പുരോഗമനപ്രസ്ഥാനത്തിലേക്കു നീട്ടിനോക്കുന്ന അവസരസേവകന്മാർ വേറൊരുവക; എങ്ങോട്ടാണു പോകേണ്ടതെന്നറിയാതെ ചഞ്ചലപ്പെട്ടുന്ന ഭീരുക്കൾ മറെറാരിനം. ഒന്നിലും പെടാതെ രണ്ടിൽ നിന്നും മുതലെടുക്കാൻ ശ്രമിക്കുന്ന 'സൃഗാലവീര'ന്മാരും

Digitized By Kerala Sahitya Akademi

ഇക്കൂട്ടത്തിൽ ഇല്ലാതില്ല. നിലത്തു തൊടാതെ ആകാശത്തിൽത്തന്നെ നിലകൊള്ളുവാൻ നോക്കുന്ന ഇന്ദ്രജാലക്കാരും ഈ സെററിൽ പെട്ടുന്നുണ്ടു്. എന്നാൽ ശ്രീ ചങ്ങമ്പുഴയോ? "അതേ, പുരോഗമനസാഹിത്യം കമ്മ്യൂണിസ്റ്റ സിദ്ധാന്തങ്ങളുടെ കളരിയാണു്. അഭിമാനപൂർവ്വം നിങ്ങൾ ആ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്ന സാഹിത്യത്തെ ആശ്ലേഷിക്കുക, ആശീർവ്വദിക്കുക"—ഒരു സാഹിത്യമഹാസമ്മേളനത്തിൻെറ അദ്ധ്യക്ഷസ്ഥാനത്തുനിന്നുകൊണ്ടു തൻെറ ശബ്ദത്തോടുകൂടി ഇപ്രകാരം ഉദ്ഘോഷിച്ച ചങ്ങമ്പുഴയും അദ്ദേഹത്തിൻെറ ചേരിയേതാണെന്നു വ്യക്തമാക്കിയിട്ടുണ്ടു്.

കാലത്തിൻെറ ആഹ്വാനത്തെ ആദരിക്കുന്നതിനും തദനുസരണം ഒരു ലോകദർശനകോടി സൃഷ്ടിക്കുന്നതിനും ശ്രീ ചങ്ങമ്പുഴയ്ക്കു സാധിച്ചിട്ടുണ്ടു്. അതുകൊണ്ടാണു് നാളത്തെ ഭരണാധികാരികളാകുവാൻപോകുന്ന ഇന്നത്തെ സാമാന്യജനങ്ങളുടെ ഹൃദയങ്ങളിൽ മറെറാരു കവിക്കും ലഭിക്കാത്ത മഹനീയസ്ഥാനം അദ്ദേഹത്തിനു ലഭിച്ചതു്. എന്താണു് ശ്രീ ചങ്ങമ്പുഴയുടെ ലോകവീക്ഷണകോടി? നമ്മുടെ ചില മഹാകവികളെപ്പോലെ ഭൗതികജീവിതത്തെ നിസ്സാരകോടിയിൽ തള്ളിക്കൊണ്ടു്, ആദ്ധ്യാത്മികസിദ്ധികൾക്കും പരലോകത്തിലെ പരമശാന്തിക്കുംവേണ്ടി ഉഴറുകയല്ല അദ്ദേഹത്തിൻെറ കവിഹൃദയം ചെയ്യുന്നതു്.

"നിസ്വാർത്ഥസേവനം നിർദ്ദയമർദ്ദനം!
നിസ്സഹായതചം, ഹാ, നിത്യദുഃഖം!
നിശിതനിരാശാതിമിരം ഭയങ്കരം!
നിരുപാധികോഗ്രനിയമഭാരം!"

എന്നു 'വാഴക്കുല'യിലും,

Digitized By Kerala Sahitya Akademi

"വിത്തനാഥന്റെ 'ബേബി'ക്കു പാലും
നിർദ്ധന'ച്ചെറുക്ക'ന്നുമിനീരും
ഈശ്വരേച്ഛയ,ല്ലാകിലമ്മട്ട-
ള്ളീശ്വരനെച്ചവിട്ടുക നമ്മൾ."

എന്നു 'ഭാവത്രയ'ത്തിലും,

"കമ്രശ്രീമയവിശ്വഗേഹമവനാ-
വാസത്തിനായീശ്വരൻ
നിർമ്മിച്ചേകിയതും കൃതഘ്നനവനോ
വെട്ടിപ്പകുത്തു ശഠൻ"

എന്നു് ഒരൊററശ്ലോകത്തിലും,

"കപടതന്ത്രേ കഴിഞ്ഞിട്ടു കാഞ്ചന-
ജയപതാകയിവിടെപ്പറത്തുവാൻ!"

എന്നു 'രമണ'നിലും വികാരനിർഭരമായി വരച്ചുകാണിച്ചിട്ടുള്ള ദുരവസ്ഥയുടെ സംഹാരതാണ്ഡവം നടത്തുന്നതിനു് 'ഉൽക്കടപ്രഭാവോഗ്രനായ' ആ 'കൊട്ടുങ്കാററിനെ' ക്ഷണിച്ചുകൊണ്ടു്.

"ജീവിതം ശോകാപ്തമല്ല—ഒരു
ജീവിയും നിസ്സാരമല്ല.
നാനാത്വം പാടേ മറന്നു—ലോക-
മേകമാം സത്തയിൽ നിന്നു.
ചിത്തങ്ങൾ തമ്മിൽ പുണർന്നു—ദിവ്യ-
സത്യസൗന്ദര്യം നുകർന്നു.
എല്ലാം സുഖത്തിൻമുകുരം—എങ്ങു-
മില്ല ദുഃഖത്തിൻ തിമിരം"

എന്നു 'സങ്കല്പകാന്തി'യിൽ വിഭാവനംചെയ്തിട്ടുള്ള നവ്യലോകവ്യവസ്ഥിതിയിലേക്കു മനുഷ്യവർഗ്ഗത്തെ ഉയർത്തുവാനാണു് ശ്രീ ചങ്ങമ്പുഴ അഭിലഷിക്കുന്നതു്. അദ്ദേഹ

Digitized By Kerala Sahitya Akademi

ത്തിൻെറ പമരനിർമ്മലമായ ലോകവീക്ഷണകോടി ഇത ല്ലാതെ മററൊന്നുമല്ല. വിധിയെ പഴിച്ചും മരണത്തെ ക്ഷണിച്ചും സാഹചര്യങ്ങളോടു പരിഭവിച്ചും ചങ്ങമ്പുഴ കവിതകൾ എഴുതിയിട്ടുണ്ട്. പക്ഷേ, അവയൊക്കെ ചി ല നിമിഷങ്ങളിലെ ദുർബ്ബലമായ ചഞ്ചലത്വത്തെ കാണി ക്കുകമാത്രമേ ചെയ്യുന്നുള്ളു. അദ്ദേഹത്തിൻെറ ഒന്നാന്ത രം കൃതികളിലെല്ലാം മുകളിൽ കാണിച്ച ലോകവീക്ഷണ കോടിയുടെ അടിയൊഴുക്കുകൾ ദശിക്കുവാൻ കഴിയും. ഒരു കലാകാരൻെറ ഒന്നാംതരം കൃതികളെ ആസ്പദമാക്കി വേണമല്ലോ അദ്ദേഹത്തിൻെറ കലാവൈദഗ്ദ്ധ്യം നിർണ്ണ യിക്കുവാൻ. ഷേക്സ്പീയർപോലും മൂന്നാംതരം നാടക ങ്ങളെഴുതിയിട്ടുണ്ടെന്നുള്ള വാസ്തവം ഇവിടെ സ്മരണീ യമാണ്. യഥാത്ഥമായ സമത്വത്തിനും സാഹോദര്യ ത്തിനുംവേണ്ടി കാഹളമൂതുന്ന ഒരു ലോകവീക്ഷണമാണ് ശ്രീ ചങ്ങമ്പുഴയ്ക്കുള്ളത്. കേരളത്തിലെ സാമാന്യജന ങ്ങൾ—കഷ്ടപ്പെടുന്ന ഏഴകൾ—ദിവ്യമോഹനമായ ആ കാഹളധ്വനിയാൽ അപഹൃതചിത്തരായിത്തീന്നതു് അത്ഭുതജനകമല്ലല്ലോ. ദീനത്വത്തിൻെറ രോദനങ്ങളും നിസ്സഹായതയുടെ നെടുവീപ്പുകളുമാണ് രക്തപുഷ്പങ്ങ ളിലും അസ്ഥിമാടത്തിലും രമണനിലും ഈ അവതാരി കയ്ക്കു വിഷയമായ 'യവനിക'യിലുമെല്ലാം മുഴങ്ങിക്കേൾ ക്കുന്നതു്. വികാരസംക്രമണമാണ് കലയുടെ ജീവനെ ങ്കിൽ, സാമാന്യജനങ്ങളെ വികാരഭരിതരാക്കിത്തീത്ത ചങ്ങമ്പുഴയെ അവർ ആരാധിക്കുന്നതിൽ എന്തൊരസാം ഗത്യമാണുള്ളതു്? ഇതാണ് ശ്രീ ചങ്ങമ്പുഴയുടെ അതു ല്യമായ ജനസമ്മതിക്കടിസ്ഥാനം. അല്ലാതെ വികാര ശൂന്യമായ ഈരടികൾ സംഗീതത്തിൽ കുഴച്ചു വിളമ്പി യതുകൊണ്ടല്ല അദ്ദേഹം ജനകീയസാഹിത്യകാരനായി

Digitized By Kerala Sahitya Akademi

ത്തീന്നതു്. സംഗീതത്തിൻെറപേരിൽ ചങ്ങമ്പുഴയെ കുററംപറയുന്നവർ ജനങ്ങളെ തരംതാഴ്ത്തുന്ന സമുദായ ദ്രോഹികളാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു. മഹാനായ ലെനിനെ ഞാൻ ഒരു പ്രാവശ്യംകൂടി ഉദ്ധരിച്ചു കൊള്ളട്ടെ: "കല ജനങ്ങളുടെവകയാണു്. അദ്ധ്വാനിക്കുന്ന ജനലക്ഷങ്ങളുടെ (Masses) മദ്ധ്യത്തിലായിരിക്കണം അതിൻെറ നാരായവേരുകൾ ചുഴിഞ്ഞിറങ്ങേണ്ടതു്. അവരുടെ മനസ്സിലാകത്തക്കതായിരിക്കണം കല. അവർ അതിനെ സ്നേഹിക്കണം." ഈ പ്രമാണത്തെ സഫലമാക്കുവാൻ ശ്രമിച്ചതാണു് ശ്രീ ചങ്ങമ്പുഴയുടെ വിജയരഹസ്യമെന്നു നിസ്സംശയം പറയാം. 'മലയപ്പുലയ'ൻെറ കണ്ണീരിലും രമണൻെറ ദീർഘനിശ്വാസത്തിലും ശേഖരകവിയുടെ യവനികാമൂകതയിലുമെല്ലാം സാമൂഹ്യയാഥാത്ഥ്യങ്ങളാണു നിഴലിക്കുന്നതു്. സ്വാനുഭവങ്ങളെപ്പററി പരിസ്ഫുടമായ പ്രതീതിയുണ്ടാകത്തക്കവണ്ണം, ജീവിതയാഥാത്ഥ്യങ്ങൾ പാടിക്കേൾപ്പിച്ച കവികോകിലത്തെ പാലും തേനും നല്കി താലോലിക്കുവാൻ ജനസാമാന്യം ഒരുമ്പെടുന്നതു് അപ്രകൃതമല്ലതന്നെ.

സംഗീതമല്ല ചങ്ങമ്പുഴയെ ജനകീയസാഹിത്യകാരനാക്കിത്തീർത്തതെന്നിരുന്നാലും, അദ്ദേഹത്തിൻെറ കവിതയിൽ തെളിഞ്ഞുപ്രകാശിക്കുന്ന സംഗീതാത്മകത്വത്തിൻെറ വശ്യത അസാദൃശമാണെന്നു പറയാതെതരമില്ല. വാഗ്മിതാരഹിതവും വികാരസമ്പൂർണ്ണവുമായ സംഗീതമാണു് ശ്രീ ചങ്ങമ്പുഴയുടേതു്. വികാരലേശമില്ലാതെ വാഗ്മിതാപ്രൗഢികൊണ്ടു കവിതയിൽ സംഗീതം കലത്താൻ ശ്രമിച്ചിട്ടുള്ള കവികൾ കേരളത്തിൽ അനവധിയുണ്ടു്. അവരുടെ കവിത വേട്ടുതേങ്ങപോലെ നിഷ്പ്രയോജനവും ജനഹൃദയങ്ങളെ വശീകരിക്കാൻ അശക്തവുമായി

Digitized By Kerala Sahitya Akademi

ത്തീരുകയാണു ചെയ്തതു്. കഥയില്ലാത്ത സംഗീതത്തിനു പാവപ്പെട്ടവരുടെ ഹൃദയത്തിലേക്കുപോലും എത്തിനോക്കുന്നതിനു കഴിവില്ല. രചനയിൽ മാത്രമല്ല ഭാവത്തിലും 'റിഥ'(Rhythm)മുണ്ടെന്നു് ഒരു സുപ്രസിദ്ധനിരൂപകൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. ശരിതന്നെ. പക്ഷെ, ഭാവത്തിൽ, വികാരങ്ങളുടേയും ചിന്തകളുടേയും സംവിധാനത്തിൽ, റിഥമില്ലെങ്കിൽ രചനയിൽ വികാരാത്മകമായ റിഥം എങ്ങനെയാണുണ്ടാവുക? ചങ്ങമ്പുഴയെ സംബന്ധിച്ചിടത്തോളം ഭാവത്തിന്റെ റിഥംതന്നെയാണു് രചനയുടെ റിഥമെന്നു പറയുവാൻ ശങ്കിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ സംഗീതം വികാരങ്ങളുടെ പരിശുദ്ധമായ പകപ്പല്ലാതെ മറെറാന്നുമല്ല. അതിൽ കല്ലോപതിരോ ഇല്ല. വികാരങ്ങൾക്കു സ്വതേ ഒരു സംഗീതാത്മകത്വമുണ്ടു്. പിഞ്ചുപൈതങ്ങളുടെ അവ്യക്തഭാഷണങ്ങളും പക്ഷിമൃഗാദികളുടെ ശബ്ദവിശേഷങ്ങളും വികാരമാത്രപ്രസക്തങ്ങളാണു്. അവയ്ക്കു സ്വതേ ഒരു സംഗീതാത്മകത്വം കാണുന്നുണ്ടല്ലോ. അപ്പോൾ വികാരങ്ങളുടെ സ്വാഭാവികമായ പ്രകടനം സംഗീതാത്മകമാണെന്നു പറയുന്നതിൽ തെററില്ല. വികാരാത്മകമായ ഹൃദയസംഗീതത്തെ പരിപൂർണ്ണമായി പ്രകടീകരിക്കുകയാണു് ശ്രീ ചങ്ങമ്പുഴ ചെയ്യുന്നതു്. അദ്ദേഹത്തിന്റെ വികാരങ്ങൾ വാക്കുകളാകുന്ന സ്ഫടികപ്പാത്രങ്ങളിൽ കിടന്നു താളാനുസൃതം ഓളംവെട്ടുന്നു. ശ്രീ ചങ്ങമ്പുഴയുടെ ശുദ്ധവും വാച്യതാശൂന്യവും വികാരപരിപൂർണ്ണവുമായ സംഗീതത്തിന്റെ അടിസ്ഥാനം ജന്മായത്തമായ വാസനയല്ലാതെ മറ്റൊന്നുമല്ലെന്നാണു് എനിക്കു തോന്നുന്നതു്. ആർഭാടംകൂടാതെ സംഗീതം തുളുമ്പുന്ന രീതിയിൽ വികാരങ്ങൾക്കു രൂപം നല്കാൻ കഴിയുന്ന കവിക്കായിരിക്കും ജനസാ

Digitized By Kerala Sahitya Akademi

മാന്യം അഗ്രാസനത്വം നല്കുന്നതു്. വികാരാംശത്തിന്റേയും സംഗീതാംശത്തിൻേറയും സ്വാഭാവികമായ സമ്മേളനമാണു് ചങ്ങമ്പുഴക്കവിതയിൽ കാണുന്നതു്. അവ രണ്ടും വേർപെടുത്താൻ സാദ്ധ്യമല്ലാത്തവിധത്തിൽ ബന്ധപ്പെട്ടുകിടക്കുകയും ചെയ്യുന്നു. വിരോധികൾ പറയുന്നതുപോലെ സംഗീതം മാത്രമല്ല ചങ്ങമ്പുഴയെ ചങ്ങമ്പുഴയാക്കിയതെന്നു സ്പഷ്ടം.

## II

അത്യുൽകൃഷ്ടമായ ലോകവീക്ഷണകോടിയും അനന്യസുലഭമായ സംഗീതാത്മകത്വവും സാമൂഹ്യയാഥാർത്ഥ്യങ്ങളെ ചിത്രീകരിക്കുന്നതിനുള്ള പ്രാഗല്ഭ്യവുമാണു് ശ്രീ ചങ്ങമ്പുഴയുടെ തെളിഞ്ഞുവിളങ്ങുന്ന വ്യക്തിമുദ്രകൾ. കൂടാതെ സാരള്യ, സൗകുമാര്യം, ഓജസ്സു് മുതലായ ഗുണങ്ങൾ അദ്ദേഹത്തിന്റെ രചനാശില്പത്തെ ആവശ്യാനുസരണം ആശീർവ്വദിച്ചിട്ടുണ്ടു്. ചങ്ങമ്പുഴക്കവിതയ്ക്കു മറ്റേതു ഗുണമുണ്ടെങ്കിലും ഓജസ്സില്ലെന്നു പറയുന്നവർ ഉണ്ടു്: "അമൃതം തുളുമ്പുമപ്പേർമുലക്കുടം നിങ്ങൾക്കടിമപ്പുഴക്കളെപ്പാലൂട്ടിപ്പോററാനല്ലേ?" ഇങ്ങനെ കുറിക്കുകൊള്ളത്തക്കവിധം ഭാരതത്തിലെ ഭാവശുദ്ധകളോടു ചോദിക്കുന്ന ചോദ്യത്തിൽ ഓജസ്സു കാണാത്തവർ മററു പലതും കാണുന്നവരല്ലെന്നേ അർത്ഥമാക്കേണ്ടതുള്ളു. ചങ്ങമ്പുഴക്കവിതയുടെ എടുത്തുപറയാവുന്ന ഗുണങ്ങളെല്ലാം ഒത്തിണങ്ങിയിട്ടുള്ള ഒരു മനോഹരകാവ്യമാണു് 'യവനിക.' വിശ്വമഹാകവിയായ രവീന്ദ്രനാഥടാഗോറിന്റെ സുപ്രസിദ്ധമായ ഒരു ചെറുകഥയാണു് ഇതിലെ ഇതിവൃത്തം. ടാഗോറിന്റെ കഥാമർമ്മങ്ങളെല്ലാം സ്വീക

Digitized By Kerala Sahitya Akademi

രിച്ചുകൊണ്ടു്, അവയിൽ സ്ഫുരണംചെയ്യുന്ന ഏതാനും ഭാവാംശങ്ങളെ സ്വന്തം കാവ്യാനുഭൂതിയാകുന്ന ഭൂതക്കണ്ണാടിയിൽക്കൂടി, ഒരു ഭക്തദാസനെപ്പോലെ, വികസിപ്പിക്കുകയാണു് ശ്രീ ചങ്ങമ്പുഴ ചെയ്തിരിക്കുന്നതു്.

ടാഗോർകഥയെ ഇങ്ങനെ സംക്ഷേപിക്കാം:

"സുന്ദരിയും ഗുണവതിയുമായ അജിതകുമാരി അമരാപുരിയിലെ രാജാവായ നാരായണന്റെ പുത്രിയാണു്. സുകുമാരനും സുശീലനും ഗായകകവിയുമായ ശേഖരൻ (രാജകവി) അജിതകുമാരിയെ കണ്ടിട്ടില്ല. എങ്കിലും അദ്ദേഹം ഒരു പുതിയ ഗാനം രാജസദസ്സിൽവെച്ചു പാടിയപ്പോൾ, സദസ്സിൻെറ മുകൾഭാഗത്തുള്ള 'ബാൽക്കണി'യിൽ, തിരശ്ശീലയ്ക്കുപിറകിൽ ഇരിപ്പുറപ്പിച്ചിരുന്ന രാജപുത്രിക്കു കേൾക്കത്തക്കവണ്ണം തൻെറ ശബ്ദം ഉയർത്തിവിട്ടു. യവനികയുടെ പിന്നിലുണ്ടായ നിഴൽപ്പാടുകൾ കവിയുടെ കണ്ണിലും, കാൽച്ചിലമ്പൊച്ച കാതിലും പതിച്ചു. അജിതകുമാരിയുടെ നിഴലാണു താൻ കണ്ടതെന്നും അവളുടെ തങ്കച്ചിലമ്പൊലിയാണു താൻ കേട്ടതെന്നും ശേഖരകവിക്കു മനസ്സിലായി. ആ നിഴൽപ്പാടുകളിൽനിന്നു കവിയുടെ ഭാവന ഒരു ജീവിതേശ്വരിയെ സൃഷ്ടിച്ചു. സ്വഹൃദയത്തിൽ ഭക്തിപൂർവ്വം പ്രതിഷ്ഠിച്ചു. ദേവീധ്യാനത്താൽ ഉന്മേഷമനസ്കനായിത്തീന്ന ശേഖരൻ ഗാനാമൃതം തൂകി അമരാപുരിയെ മുഴുവൻ കോൾമയിർകൊള്ളിച്ചു. സന്തോഷപൂർണ്ണങ്ങളായ ദിവസങ്ങൾ നീണ്ടുനിന്നില്ല. തെക്കേദേശത്തുനിന്നു് ഒരു മഹാപണ്ഡിതൻ കണ്ണിൽപ്പെട്ട കവികളേയും പണ്ഡിതന്മാരേയുമെല്ലാം തോല്പിച്ചു, വിജയമത്തനായി, നാരായണരാജധാനിയിൽ എത്തി. യുദ്ധമാണു്—'വാക്സമര'മാണു്—തനിക്കു വേണ്ടതെന്നു പുണ്ഡരീകൻ രാജാവിനോടഭ്യ

Digitized By Kerala Sahitya Akademi

ത്ഥിച്ചു. പുണ്ഡരീകനെ നേരിടാൻ രാജാവു ശേഖര കവിയെ നിയോഗിക്കുകയുംചെയ്തു. പാവം ശേഖരൻ! ആദ്യമായി പുണ്ഡരീകൻ രാജസ്തുതികൊണ്ടു് ഒരു പാണ്ഡിത്യക്കസർത്തു നടത്തി. അതു കഴിഞ്ഞപ്പോൾ രാജവംശത്തിൻെറ ഉത്ഭവംമുതൽ നാരായണരാജാവിൻെറ പ്രശസ്തഭരണംവരെയുള്ള ചരിത്രസംഭവങ്ങൾ കോർത്തിണക്കി ശേഖരകവി പാടിയ ഗാനത്തിൻെറ അവസാനം ഇപ്രകാരമായിരുന്നു: 'എൻെറ രക്ഷകനായ രാജാവേ, വാക്കുകൾകൊണ്ടുള്ള ഇന്ദ്രജാലത്തിൽ ഞാൻ തോറ്റാലും അങ്ങയോടുള്ള ഭക്തിയിൽ ഞാൻ പരാജയപ്പെടുകയില്ല.' വാക്കുകളേക്കാൾ ഉപരിയായി എന്താണുള്ളതെന്നായി പുണ്ഡരീകൻ. ഒരു 'സർക്കസ്സു'കൂടി അയാൾ നടത്തി. അന്നത്തെ സദസ്സ് അങ്ങനെ അവസാനിച്ചു. പിറേറ ദിവസം ശേഖരൻ കൃഷ്ണഭഗവാൻെറ മുരളീനാദം ഗോപസ്ത്രീകളെ ആത്മവിസ്മൃതിയിൽ ആറാടിച്ച രംഗം ചിത്രീകരിച്ചുകൊണ്ടു് ഒരു ഗാനം പാടി. പുണ്ഡരീകൻ വിട്ടുമോ? 'ആരാണീ രാധയും കൃഷ്ണനും?'—ഇതായിരുന്നു അയാളുടെ ചോദ്യം. ആരും ഉത്തരംപറഞ്ഞില്ല. പുണ്ഡരീകൻ തൻെറ പാണ്ഡിത്യഭാണ്ഡം മുഴുവൻ അഴിച്ചു നിരത്തി. രാജാവും ജനങ്ങളും അത്ഭുതപ്പെട്ടു. തൻെറ കവിക്കു് ഒരു സന്ദർഭംകൂടി നല്കണമെന്നു കരുതി രാജാവു് ശേഖരൻെറ മുഖത്തേക്കു ദൃഷ്ടികൾ അയച്ചെങ്കിലും ശേഖരൻ ഭയപ്പെട്ടു മരപ്പാവപോലെയിരുന്നതേയുള്ളു. കോപം വന്ന രാജാവു തൻെറ കഴുത്തിൽനിന്നു വജ്രമാല്യമെടുത്തു് പുണ്ഡരീകനു സമ്മാനിച്ചു. ശിഥിലഹൃദയനായിത്തീർന്ന ശേഖരൻ അന്നു രാത്രി തൻെറ കൃതികളെല്ലാം ചുട്ടെരിച്ചശേഷം വിഷംകുടിച്ചു് മരണവും കാത്തു പട്ടുമെത്തയിൽ കിടപ്പായി. അപ്പോഴും തൻെറ ദേവി

Digitized By Kerala Sahitya Akademi

യെപ്പററിയുള്ള സ്മരണയായിരുന്നു ശേഖരഹൃദയത്തിൽ അലതല്ലിക്കൊണ്ടിരുന്നതു്. ഒരിക്കൽക്കൂടി ചിലമ്പൊലി. ഒരു നേരിയ സൗരഭ്യം മുറിക്കകത്തെത്തി. കണ്ണു തുറക്കാതെ ശേഖരൻ ചോദിച്ചു: 'എന്റെ ദേവീ, അവസാനം ഈ ദാസനിൽ കനിവുണ്ടായി നീ അവനെ കാണാൻ വരികയാണോ ചെയ്തതു്?' 'എന്റെ കവീശ്വരാ, ഞാൻ ഇതാ വന്നിരിക്കുന്നു'—ഇതായിരുന്നു മറുപടി. ശേഖരൻ കണ്ണു തുറന്നു നോക്കി. കുമാരി വീണ്ടും പറഞ്ഞു: 'ഞാൻ അജിതകുമാരിയാണു്.' ശേഖരൻ വിഷമിച്ചു് എഴുന്നേറ്റിരുന്നു. രാജാവു് അനീതിയാണു പ്രവർത്തിച്ചതെന്നും വാസ്തവത്തിൽ ശേഖരകവിയാണു മത്സരത്തിൽ ജയിച്ചതെന്നും അദ്ദേഹത്തെ വിജയമകുടം ചൂടിക്കാനാണു താൻ വന്നതെന്നും ശേഖരന്റെ ചെവിയിൽ മന്ത്രിച്ചുകൊണ്ടു് അജിത അവളുടെ കഴുത്തിൽ കിടന്ന പുഷ്പമാല്യമെടുത്തു കവിയുടെ മുടിയിൽ ചൂടി. തൽക്ഷണം ശേഖരകവി ജീവരഹിതനായി നിലംപതിക്കുകയുമാണു ചെയ്തതു്."

(ഈ കഥാശില്പത്തെ ശ്രീ ചങ്ങമ്പുഴ 'യവനിക' യിൽ എട്ടു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ഇംഗ്ലീഷിൽ നാടകീയഖണ്ഡകാവ്യങ്ങൾ (Dramatic Lyrics) എന്നു പറയുന്ന കൃതികളുടെ രീതിയാണു കവി സ്വീകരിച്ചിരിക്കുന്നതെന്നു പറയാം. പ്രഥമഭാഗത്തിൽ ഒരു നാടകരംഗത്തിലെന്നപോലെ അദ്ദേഹം രാജസദസ്സിനേയും ഗാനനിരതനായ ശേഖരകവിയേയും അവതരിപ്പിക്കുന്നു. ആരംഭം അത്യധികം ഹൃദയാവർജ്ജകമായിട്ടുണ്ടു്. രണ്ടാം രംഗത്തിൽ 'മഞ്ജരി'(അജിതയുടെ തോഴി)യെ അവതരിപ്പിക്കുകയും മൂന്നാംഭാഗത്തിൽ അതിമനോഹരമായ വസന്താഗമത്തെ വരച്ചുകാണിക്കുകയും നാലിൽ ശേഖര

Digitized By Kerala Sahitya Akademi

ഗാനങ്ങൾ നാടാകെ—കൊട്ടാരംതൊട്ട കടിൽവരെ—പരന്നതായി ചിത്രീകരിക്കുകയും അഞ്ചിൽ പുണ്ഡരീകൻെറ വരവും മംഗലശ്ലോകസമപ്പ്ണവും വിവരിക്കുകയും ആറിൽ പ്രഥമമത്സരത്തെപ്പററി പ്രതിപാദിക്കുകയും ഏഴിൽ കൃഷ്ണമുരളിയുടെ സ്വഗ്ഗീയനാദത്തെ പുകഴ്ത്തുന്നതോടൊപ്പം പുണ്ഡരീകൻെറ വിജയരഹസ്യവും ശേഖരൻെറ പരാജയകാരണവും പ്രകടമാക്കുകയും അന്ത്യഭാഗത്തിൽ വിജയമാല്യം ശിരസ്സിലേററുകൊണ്ട ശേഖരകവി മരിച്ചുവീഴുന്ന രംഗം വണ്ണിക്കുകയുമാണു് ശ്രീ ചങ്ങമ്പുഴ പ്രധാനമായി ചെയ്തിട്ടുള്ളതു്.

ശേഖരകവിയുടെ പാട്ട കേട്ടു് രാജാവും ബാഷ്പം പൊഴിച്ചുവെന്നാണു് കഥയുടെ ആരംഭത്തിൽത്തന്നെ കവി പറയുന്നതു്. മൂലത്തിൽ ഇല്ലാത്ത ഈ കല്പനകാവ്യത്തിൽ ആദ്യന്തം നീണ്ടുകിടക്കുന്നതും കഥാഗതിയനുസരിച്ചു ശക്തി കൂടിവരുന്നതുമായ വിഷാദാത്മകത്വത്തിൻെറ (ശോകാത്മകത്വത്തിൻെറ) ഉദ്ഘാടനമാണു്. സന്തോഷത്തിൻെറ പിറകിലും സന്താപത്തിൻെറ നിഴലേററം ദശിക്കുവാൻ കഴിയുമല്ലോ. "ഒരു ചെറിയ പുഷ്പം വിടരാൻവേണ്ടി പ്രപഞ്ചം മുഴുവൻ പ്രസവവേദനയനുഭവിക്കുന്നു"വെന്നാണു് 'ഓസ്കാർ വൈൽഡ്' പറയുന്നതു്. മന്നവൻെറ 'കടമിഴിക്കോണിൽ' പ്രത്യക്ഷപ്പെട്ട കണ്ണീക്കണങ്ങളിൽ ആരംഭിച്ചു്, ശേഖരൻെറ ഹൃദയവേദനകളിലും മൗനരോദനങ്ങളിലും കൂടി മുമ്പോട്ട നീങ്ങി, ആ കവീശ്വരൻെറ ദാരുണമരണത്തെപ്പോലും അതിലംഘിച്ചു്, അജിതകുമാരിയുടെ ഹൃദയശൈഥില്യത്തിൽ ചെന്നാഞ്ഞടിക്കുന്ന ശോകാത്മകത്വമാണു് യവനികയിലെ ഹൃദയഹാരിത്വത്തിൻെറ അടിസ്ഥാനം.

യവനികാന്തരിതയായ നായികയുടെ കാലുകൾ,

Digitized By Kerala Sahitya Akademi

കൈകൾ, മേനി, വിലാസം ഇവയിൽ ക്രമേണ സൂക്ഷ്മവും സ്ഥൂലവുമായി പ്രദ്യോതിക്കുന്ന നായകോത്കണ്ഠ രതിഭാവമാകുന്നു. ആ രതിഭാവവും ചെന്നലിഞ്ഞുചേരുന്നതു ശോകത്തിലാണ്:

"ഹാ മനസ്സിൽ പ്രതിദ്ധ്വനിക്കുന്നു-
ണ്ടാ മനോഹരനൂപുരാരാവം.
തമ്പിഴികൾക്കുമുന്നിൽ പ്രപഞ്ചം
നന്മ പൂത്ത പൂവാടിയായ് മിന്നി.
പുഞ്ചിരിക്കൊണ്ടു രാഗാർദ്രമാം തൻ
നെഞ്ചകംപോൽ നിലാവല ചിന്നി."

ഇവിടെ ശേഖരകവിയുടെ ഹൃദയഭിത്തിമേൽ രതിഭാവത്തിൻെറ ചിത്രം തൂങ്ങിക്കിടക്കുന്നതായിട്ടു° അനുമേയമാകുന്നു. ഇപ്രകാരം നായികോന്മുഖമായ രതിഭാവമാണ് നായകന്റെ ഗാനോത്കഷ്ത്തിന്റെ സവ്വനിദാനവും. കാവ്യത്തിലെ ശോകാത്മകത്വത്തിൻെറ മൂച്ച് കൂട്ടുന്നതിനും ഈ രതിഭാവം ശക്തമായിത്തീന്നിട്ടുണ്ട്. ഹൃദയത്തെ കവന്നെടുക്കാൻ കെല്പുള്ള മററു പല ഭാവങ്ങളും (അവയുടെ സാങ്കേതികനാമങ്ങൾ എനിക്കറിഞ്ഞുകൂടാ) ഈ കാവ്യത്തെ അത്യന്തം രമണീയമാക്കിയിട്ടുണ്ടെന്നുകൂടി പ്രസ്താവിച്ചുകൊണ്ടു ഭാവങ്ങളിൽനിന്നു പുറത്തു കടന്നുകൊള്ളട്ടെ.

മൂലകഥയിലെ ഒന്നാംതരം അലങ്കാരങ്ങൾ അത്ഥവും രസവും ചോൻപോകാതെ കാവ്യത്തിൽ ഘടക്കുന്നതിനു ചങ്ങമ്പുഴയ്ക്കു കഴിഞ്ഞിട്ടുണ്ട്. സവ്വശക്തൻെറ കാരുണ്യപൂരം പതിതരെ പുല്കുന്നതുപോലെ അജിതകുമാരിയുടെ തൃച്ചേവടികൾ മണൽത്തരികളെ പുല്കുന്നതായും പുണ്ഡരീകനെ കണ്ട ശേഖരകവി ബലിക്കല്ലിന്റെ

Digitized By Kerala Sahitya Akademi

മുമ്പിൽ നില്ക്കുന്ന ആടിനെപ്പോലെ പേടിക്കുന്നതായും നൃപാലാജ്ഞ ലംഘിക്കാൻ നിവൃത്തിയില്ലാതെ പാട്ടു പെട്ടു പാടാനെഴുന്നേററ ശേഖരകവി, അമ്പേററോടിയപ്പോൾ മാർഗ്ഗംകൂടി ഉഴറുന്ന മാനിനോടു സാമ്യം വഹിക്കുന്നതായും ഗാനസന്നദ്ധനായ കവി തൊട്ടാൽ ഗാനം തുളുമ്പുന്ന വീണയോടു സാധർമ്മ്യമേലുന്നതായും മുരളീഗാനം കേട്ടു മതിമറന്ന ഗോപികകൾ അവാച്യമായ ആ ജീവിതപൂർണ്ണിമയിൽ തന്നെ മരിക്കുവാൻ ആഗ്രഹിച്ചതായും മററുമുള്ള പ്രയോഗവിശേഷങ്ങൾ രവീന്ദ്രനാഥന്റെ വിശിഷ്ടകല്പനകളുടെ മുഗ്ദ്ധമനോജ്ഞങ്ങളായ പ്രതിച്ഛായകളാണു്. ചില സ്ഥലങ്ങളിൽ ചങ്ങമ്പുഴയുടെ പ്രതിപാദനം മൂലത്തിലെ വാചകങ്ങളെക്കാൾ സരളതരമായി അനുഭവപ്പെടുകയുണ്ടായി. ഒരുദാഹരണം കാണിക്കാം: ടാഗോർ—"And it was rumoured that Princess Ajitha also laughed at her maid's accepting the poet's name for her, and Manjari felt glad in her heart."

ചങ്ങമ്പുഴ—

> ഗായകകവിവര്യനേകിയ നാമ-
> ധേയമംഗീകരിച്ചതായ് കേൾക്കെ,
> മഞ്ജരിക്കന്നജിതകുമാരി
> മന്ദഹാസം പകർന്നേകിപോലും!
> മഞ്ജരിതൻ മനസ്സിലാനന്ദ-
> മർമ്മരങ്ങൾ പൊടിഞ്ഞിതുപോലും!"

കഥാഘടനയിൽ ശ്രീ ചങ്ങമ്പുഴ വ്യത്യാസമൊന്നും ചെയ്തിട്ടില്ല. ചില ഭാഗങ്ങൾ അദ്ദേഹം സ്വന്തം മനോധർമ്മവും ഭാവനയും കലർത്തി, മൂലത്തിലെ കലാസൗഭഗത്തിനു ഭംഗംവരാതെ ദീർഘിപ്പിച്ചിട്ടുണ്ടു്.

Digitized By Kerala Sahitya Akademi

ആകൃതിയിലും പ്രകൃതിയിലും ചെറുകഥയിൽനിന്നു വ്യത്യസ്തമായി പരിഗണിക്കേണ്ടതായ കാവ്യത്തിന്റെ മനോഹാരിത്തം തന്നിമിത്തം വർദ്ധിക്കുകയേ ചെയ്തിട്ടുള്ളു. വേണുഗോപാലൻേറയും രാധാദേവിയുടേയും നിസ്തുലചിത്രങ്ങൾ, വാസന്തശ്രീവിലാസങ്ങൾ എന്നിങ്ങനെ കാവ്യഗുണത്തെ പ്രവൃദ്ധമാക്കുന്ന ശ്രേഷ്ഠാംശങ്ങളാണ് കവി സ്വന്തമായി കൂട്ടിച്ചേർത്തിരിക്കുന്നതു്.

ശ്രീ ചങ്ങമ്പുഴയുടെ കലാനിപുണത പാത്രസൃഷ്ടിയിൽ അത്യന്തം ഫലപ്രദമായിട്ടുണ്ടെന്നു പൊതുവേ പറയാം. "His youthful delicate figure" എന്ന വർണ്ണനയിൽ അന്തർഭവിച്ചിട്ടുള്ള മധുരധ്വനികൊണ്ടും ഗാനാലാപസാമർത്ഥ്യംകൊണ്ടും ടാഗോർ സമാകർഷകനാക്കിത്തീർത്ത നായകനെ ഉചിതസംസ്കാരങ്ങൾ അണിയിച്ചു ഭാവശുദ്ധിയുടെ പരമോന്നതസ്ഥാനത്തേക്കുയർത്തുകയാണ് ശ്രീ ചങ്ങമ്പുഴ ചെയ്തിരിക്കുന്നതു്.

"ഖ്യാതി പൊങ്ങിയെന്നാകിലും ഗർവ്വ-
മേതുമേശാതഭിമതനായി,
നിത്യതൃപ്തി നകന്നു..." മുമ്പാട്ടുപോകുന്ന ഒരുത്തമകലാകാരനാണു് ശേഖരകവി. ശുഷ്കനിശിതമായ പാണ്ഡിത്യത്തിൻെറ 'കമ്പക്കൂത്താട്ടങ്ങളെ' വെല്ലാൻ സാധിക്കുന്നില്ലെങ്കിലും, അതിൻെറ അർത്ഥശൂന്യതയെ മനസ്സിൽ കണ്ട സ്വച്ഛന്ദഹൃദയനാണു് ശേഖരൻ. ചിരകാലപരിചിതവും, സ്തബ്ധസദഃസമ്പന്നവുമായ ഗാനധാരയുടെ യാഥാർത്ഥ്യം, കേവലം വാക്കിനെ പിടിച്ചുകൊണ്ടുള്ള 'കസർത്തുവേലകൾ' കണ്ടു സരാജകമായ ജനസംഹിതയാൽ നിരാകൃതമായതിൽനിന്നു ശേഖരകവി പ്രശംസയുടേയും അഭിനന്ദനത്തിൻേറയും മിഥ്യാത്വം

Digitized By Kerala Sahitya Akademi

ധാരാളം ഗ്രഹിക്കുന്നുണ്ട്. ഇങ്ങനെ ശേഖരകവി ആത്മഹത്യയുടെ ഗൗരവത്തെപ്പോലും നിസ്സാരമാക്കാടിയിൽ തള്ളിക്കൊണ്ടു നിത്യഭാസുരമായ യശോമണ്ഡലത്തിലേക്കുയരുകയാണു് ചെയ്യുന്നതു്. എങ്കിലും ഇവിടെ ഒരു ചോദ്യം ഉത്ഭവിക്കുന്നുണ്ടു്. മണിമേടമുതൽ പുൽമാടംവരെ അമരാപുരിയെ ഒന്നടങ്കം തരംഗതരളിതമാക്കിയ ഗാനധാരയുടെ പ്രഭവസ്ഥാനം ഒരുദ്ദണ്ഡൻെറ വാശ്ധാടിയാൽ ജനദൃഷ്ടിയിൽനിന്നു സമ്പൂർണ്ണമായി മറയ്ക്കപ്പെട്ടുവെന്നു പറയുന്നതു് അല്പം സാഹസമല്ലേ? തങ്ങളുടെ ഓമനക്കവിക്കുവേണ്ടി ഒരു ചെറുവിരലനക്കാൻപോലും ജനനിബിഡമായ ആ രാജസദസ്സിൽ ഒരൊററക്കുഞ്ഞെങ്കിലും ഉണ്ടായിരുന്നില്ലെന്നോ? ചങ്ങമ്പുഴ ചെയ്തിട്ടുള്ളതുപോലെ, ശേഖരഗാനങ്ങളുടെ പ്രിയംകരത്വം ടാഗോർ സുദീർഘമായി വർണ്ണിച്ചിട്ടില്ല. അതുകൊണ്ടാണു് കഥയിലേക്കാളധികമായി കാവ്യത്തിൽ ഈ പ്രശ്നം സ്ഫുടീഭവിക്കുന്നതു്. ശ്രീ ചങ്ങമ്പുഴയെത്തന്നെ ഒന്നിടതട്ടിച്ചുനോക്കാം. സർവ്വജനമനോനന്ദനങ്ങളായ കാവ്യങ്ങൾ രചിച്ചു് ഏററവുമധികം ജനപ്രീതി സമ്പാദിച്ചിട്ടുള്ള ഇന്നത്തെ മലയാളകവിയായ ചങ്ങമ്പുഴയെ ഭാവനാശൂന്യനായ ഒരു ഭാഷാപണ്ഡിതൻ, അനേകായിരമാളുകൾ പങ്കെടുക്കുന്ന ഒരു സാഹിത്യസമ്മേളനത്തിൽ വെച്ചു്, വാക്കുകൾകൊണ്ടു തോല്പിക്കാൻ ശ്രമിച്ചാൽ ഫലമെന്തായിരിക്കും? ആ പാണ്ഡിത്യവൈകൃതത്തെ ഗളഹസ്തം ചെയ്യാൻ ആയിരമായിരം കയ്യുകൾ ഉയരുകതന്നെ ചെയ്യും. ഏതായാലും അന്നത്തെ കാലമല്ല ഇന്നത്തെ കാലമെന്നു കവിക്കു് ഒരു സമാധാനം പറയാൻ കാണും.

രാജാവിനെക്കാളും സദസ്യരെക്കാളും അധികമായി സൗന്ദര്യാംശത്തെയും ജീവിതസത്യത്തെയും കണ്ടറി

Digitized By Kerala Sahitya Akademi

ന്ധ്വാനുള്ള കെല്പ് കഥാനായികയായ അജിതകുമാരിക്കുണ്ട്. നായകനിൽ കാലേകൂട്ടി രൂഢമൂലമായിക്കഴിഞ്ഞ രതിനിമിത്തം രാജാവും സദസ്സും സമ്മതിച്ച പരാജയം അതേപടി നായകനിൽ നായിക ദർശിച്ചിരിക്കയില്ലെന്നു് ഒരാക്ഷേപമുണ്ടായേക്കാം. പക്ഷേ, വിജയമാല്യം ശേഖരകവിയുടെ കഴുത്തിൽ വീഴേണ്ടതായിരുന്നു വെന്നുള്ള ധ്വനി കഥാമർമ്മമായി നിലകൊള്ളുന്നതുകൊണ്ടു് ഈ ആക്ഷേപത്തിനു പ്രസക്തിയില്ല. സുഖഭോഗങ്ങളുടെ നിത്യലാളനത്തിനു വിധേയയായ രാജകുമാരി കേവലം നിസ്വഗായകനായ ശേഖരകവിയെ—പിതാവും സദസ്യരും പരാജിതനെന്നു മുദ്രയടിച്ചുവിട്ട കവിയെ—ചരമശയ്യയോളം പിന്തുടരുന്നതുമൂലം മാർഗ്ഗദർശിനിയായിത്തീരുന്നു. വേണമെങ്കിൽ രമണനിലെ ചന്ദ്രികയെപ്പോലെ അവൾക്കും ചെയ്യാമായിരുന്നല്ലോ.

"എത്ര ലോകം തപസ്സുചെയ്താലാ-
ണെത്തീടുന്നതൊരിക്കലിസ്സുബ്ബം
ഉത്തമകവേ, നന്നായറിവൂ
ഹൃത്തിൽ ഞാനതിൻ ദിവ്യമഹത്വം.
ഇങ്ങിതാ നില്പു ഞാനിസ്സ്ഥലത്തിൽ
മംഗളജയമാല്യമണിയാൻ"

ഇവയാണു നായികയുടെ ആദ്യവും അന്ത്യവുമായ മൊഴികൾ. ഹൃദയവിശാലത, വീക്ഷണകൗശലം, മനസ്സാന്നിദ്ധ്യം മുതലായി അജിതകുമാരിയിൽ പ്രശോഭിക്കുന്ന വിശിഷ്ടഗുണങ്ങളുടെ മുമ്പിൽ ജീവിതസത്യഗായകനായ നായകൻപോലും ഒരു പടി താഴന്നില്ലയോ എന്നു സംശയിച്ചുപോകുന്നു.

കഥയിലെ 'വില്ലനായ' (പ്രതിനായകനായ) പുണ്ഡരീകൻെറ ഒരൊന്നാന്തരം ചിത്രമാണു് ശ്രീ ചങ്ങ

Digitized By Kerala Sahitya Akademi

മ്പുഴ വരച്ചിരിക്കുന്നതു്. പിൻകുടുമയും ഭസ്മക്കുറിയും പൂണൂലും പാളത്താറും വീശുപാളയുമായി കഥാപ്രസംഗത്തിനും മററും നടക്കുന്ന ഒരു 'പാണ്ടിപ്പട്ടരെ' കണ്മുമ്പിൽ കാണുന്നതുപോലെ തോന്നുന്ന ആ ഭാഗം വായിക്കുമ്പോൾ. സൂത്രശാലിയാണെങ്കിലും സർവ്വശാസ്ത്രനിപുണനും ബുദ്ധിമാനുമായ ഒരു മഹാപണ്ഡിതനെയാണു ടാഗോർ നിർമ്മിച്ചിരിക്കുന്നതു്. ചങ്ങമ്പുഴയുടെ 'ഉദ്ദണ്ഡൻ' സന്ദർഭത്തിനു തികച്ചും അനുരൂപനാണു്. അറപ്പും വെറുപ്പും തോന്നിക്കത്തക്കവിധം കാവ്യത്തിൽ പുണ്ഡരീകനെ നിബന്ധിച്ചിരിക്കുന്നതുമൂലം നായകനായ ശേഖരകവിയുടെ ഔൽകൃഷ്ട്യം വർദ്ധിക്കുന്നുണ്ടു്. പുണ്ഡരീകന്റെ കഴുത്തിൽ വജ്രമാല്യം ചാർത്തിയ രാജാവും കാവ്യത്തിൽ അപഹാസ്യപാത്രമായിത്തീരുകയാണു ചെയ്യുന്നതു്. ഒടുവസാനമൊക്കെ നോക്കാൻ ടാഗോറിന്റെ രാജാവു പല പ്രാവശ്യവും ശേഖരകവിയെ ഉററുനോക്കുകയുണ്ടായി. എന്നാൽ ചങ്ങമ്പുഴയുടെ രാജാവു് ഒരു പ്രാവശ്യംമാത്രമേ കവിയുടെനേരേ നോക്കുകയുണ്ടായുള്ളു. ഹൃദയമില്ലാത്ത പാണ്ഡിത്യത്തെയും അതിനെ ആദരിക്കുന്ന രാജത്വത്തെയും അപലപിക്കുന്നതിനു് ഈ വ്യത്യാസം ഉപകരിക്കുന്നുണ്ടു്. പുണ്ഡരീകനേയും രാജാവിനേയും ഇങ്ങനെ തരംതാഴ്ത്തുന്നതുമൂലം ചങ്ങമ്പുഴയുടെ ലോകവീക്ഷണകോടി വ്യക്തീഭവിക്കുകയും ചെയ്യുന്നു. പുലമാടത്തിൽപ്പോലും ആദരണീയമായ വ്യക്തിത്വം ദർശിക്കുന്ന കവി—സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം മുഴക്കുന്ന സ്നേഹഗായകൻ—രാജകൊട്ടാരത്തിലെ വൻപും മദവും ഗർവ്വുമൊക്കെ വലിച്ചുതാഴ്ത്തുന്നതു് അത്ഭുതകരമല്ലല്ലോ. ഇക്കാലത്തുപോലും വെറും മൂന്നാംതരക്കാർക്കു 'തിലകത്വവും' 'കുശലത്വവും' 'പ്രവീണത്വവു'മെ

Digitized By Kerala Sahitya Akademi

ല്ലാം ലഭിക്കുന്നതായി നാം കാണുന്നില്ലേ? ഇത്തരം സ്ഥാനലബ്ധികളെപ്പററിയുള്ള സ്മരണ ചങ്ങമ്പുഴയുടെ നാരായണനരേന്ദ്രനും പുണ്ഡരീകപണ്ഡിതനും വായനക്കാരിൽ ഉളവാക്കുന്നുണ്ട്. പണ്ഡിതവരേണ്യനായ എം. ബാലകൃഷ്ണപിള്ളയുടെ ഭാഷയിൽ പറയുകയാണെങ്കിൽ 'റൊമാന്റിക്ക്' സാങ്കേതികമാർഗ്ഗം പ്രയോഗിച്ചിട്ടുള്ള ഈ കാവ്യത്തിൽ അങ്ങിങ്ങായി തിളങ്ങിക്കാണുന്ന 'റിയലിസ'ത്തിനു് ഒന്നാംതരം ഉദാഹരണമാണു പുണ്ഡരീകനെപ്പററി പ്രതിപാദിക്കുന്ന ഭാഗം.

ടാഗോറിൻെറ കഥയിലും യവനികയിലും വർണ്ണിക്കപ്പെട്ടിട്ടുള്ള തോഴിക്കു പറയത്തക്ക വ്യക്തിത്വമൊന്നും കാണുന്നില്ല. രാജപുത്രിക്കൊരു തോഴി—ഇതിൽ കവിഞ്ഞു കഥയുമായി 'മഞ്ജരി'ക്കു യാതൊരു ബന്ധവുമില്ല. 'മഞ്ജിമയേലുമൊരു കുഞ്ഞലയാഴി'യാണവളെന്നും 'പൂവുപോലെ ചിരിക്കുന്ന ചിത്ത'മാണവളുടേതെന്നും ചങ്ങമ്പുഴ വർണ്ണിക്കുന്നുണ്ടെങ്കിലും കഥാഗതിയിൽ അവൾക്കുള്ള സ്ഥാനമെന്താണെന്നു് അജ്ഞാതമായിരിക്കുന്നതേയുള്ളൂ. രമണനിലെ ഭാനുമതിയെപ്പോലെ മഞ്ജരി ഒരു സജീവകഥാപാത്രമായിത്തീർന്നിട്ടില്ല. മൂലകഥയിലുണ്ടെങ്കിലും കാവ്യത്തിൽ തോഴിയെക്കൂടാതെകഴിക്കാൻ പാടില്ലായിരുന്നോ എന്നൊരു ചോദ്യത്തിനു വകയുണ്ട്. എന്നാൽ പുരാണകഥകളും മററും ഇഷ്ടാനുസരണം കൈകാര്യം ചെയ്യുന്നതുപോലെ ടാഗോറിന്റെ ജഗൽപ്രസിദ്ധമായ ഒരു ചെറുകഥ കൈകാര്യംചെയ്യുന്നതു ശരിയല്ലെന്നു സമ്മതിക്കാതിരിക്കാനും നിവൃത്തിയില്ല. ശേഖരസദനത്തിൽ പ്രതിദിനം പൊയ്ക്കൊണ്ടിരുന്ന 'വാസന്തമഞ്ജരി' കവിയുടെ ഗുണഗണങ്ങൾ വർണ്ണിച്ചു് അജിതകുമാരിയുടെ അനുരാഗത്തിനു കൊഴുപ്പുകൂട്ടിയെന്നു

Digitized By Kerala Sahitya Akademi

സങ്കല്പിക്കുന്നതിൽ അപാകമില്ല. എന്നാലും ഇതൊരു സങ്കല്പംമാത്രമാണല്ലോ.

അലങ്കാരത്തിനുവേണ്ടി കാട്ടുകയറുന്ന പ്രകൃതക്കാരനല്ലല്ലോ ശ്രീ ചങ്ങമ്പുഴ. അതേസമയത്തു സന്ദർഭോചിതമായി അലങ്കാരം പ്രയോഗിക്കുന്നതിൽ അദ്ദേഹത്തിനു പ്രശംസനീയമായ പ്രാഗല്ഭ്യമുണ്ടുതാനും. സ്വകപോലകല്പിതങ്ങളായ ഒന്നാന്തരം അലങ്കാരങ്ങൾ—ടാഗോറിന്റെ അലങ്കാരങ്ങളുടെ അടുത്തു തലയുയർത്തി നില്ക്കാൻ അർഹതയുള്ളവ—യവനികയിൽ പലതുമുണ്ടു്. സ്ഥാനസ്ഥിതവും അകൃത്രിമവുമായി അലങ്കാരങ്ങൾ പ്രയോഗിക്കുക നിസ്സാരകാര്യമല്ല. കാവ്യമർമ്മജ്ഞതയുടെ പരമകാഷ്ഠയിലുള്ളൊരു വിജയമാണതു്.

"കൊക്കുരുമ്മാനിണയടുക്കുമ്പോൾ
കൊഞ്ചിനീങ്ങും കുയിൽപ്പേടപോലെ"

ആർദ്രമനസ്കരായ കാമിനീകാമുകന്മാരുടെ പ്രണയസല്ലാപം ഇതിനേക്കാൾ ചേതോഹരമായി പകർത്തുവാൻ സാദ്ധ്യമല്ലെന്നു്—ഒരു മഹാകവിക്കും സാദ്ധ്യമല്ലെന്നു്—പറയാം.

"ആററുവക്കിലാ മാമരക്കാവി-
ലാത്മശാന്തിതന്നങ്കുരംപോലെ"

സത്യഗായകനായ കവിയുടെ ശാന്തിമന്ദിരം എത്ര പരിസ്ഫുടമായി പ്രകാശിക്കുന്നു. ഇങ്ങനെ പലതും എടുത്തുകാണിക്കുവാൻ കഴിയും. എല്ലാം സന്ദർഭത്തിന്റെ തരളപ്പൊടിപ്പുകൾതന്നെ.

യവനികയിലെ ഒരു ചിത്രം നോക്കുക:

"കന്ദളിതമദാലസയാമ-
ക്കണ്മണി രാധ തോൾചേർന്നു നില്‌ക്കേ;

Digitized By Kerala Sahitya Akademi

ഹാ, വലംകാലൊരല്പം മടങ്ങി-
ച്ചുവെതിരിടംകാൽത്തണ്ടുരുമ്മി;
തെല്ലിടം ഗളം ചാഞ്ഞാംഗുലികൾ
ലല്ലലല്ലലം തത്തിക്കളിക്കെ;
ചുണ്ടിലോടക്കുഴൽ ചേർന്നു, ഹർഷം
ചെണ്ടിട്ടൊരു പുഞ്ചിരിയോടെ;
താളംമാപ്പിച്ചു പീലിയിളകി-
ച്ചേലിലാ വനമാലകളാടി;
ഗാനധാരയിൽ വിശ്വം മയക്കി
വേണുഗോപാലനങ്ങുല്ലസിച്ചു."

'ലല്ലലല്ലല'മായപ്പോൾ എന്റെ കൈവിരലുകൾ താനേ ഇളകിപ്പോയി. മലയാളസാഹിത്യത്തിനു് എന്നുമെന്നും അഭിമാനപൂർവ്വം ഉയർത്തിപ്പിടിക്കാവുന്ന ഒരു സജീവ ചിത്രം സംഭാവനചെയ്ത ചങ്ങമ്പുഴ ഏതൊരു ഭാഷാസ്നേഹിയുടേയും കൃതജ്ഞത അർഹിക്കുകതന്നെ ചെയ്യുന്നുണ്ടു്.

ഒരെണ്ണംകൂടി എടുത്തുകാണിച്ചുകൊള്ളട്ടെ:

"പൊന്നൊലിക്കുമിളവെയിൽച്ചാലിൽ
മിന്നിയാട്ടം തളിക്കലച്ചാർത്തിൽ
നൂണിറങ്ങിക്കറങ്ങിപ്പതുങ്ങി-
ത്താണുയർന്നു പൂമ്പാററകൾ പാറി"

ഉത്തരാർദ്ധത്തിലെ ഓരോ പദവും പൂമ്പാററയുടെ പൂഞ്ചിറകിന്റെ ചലനംമാത്രമാണെന്നു തോന്നിപ്പോകുന്നു!

ചങ്ങമ്പുഴയ്ക്കു ധ്വനിയില്ലെന്നും ആഴമില്ലെന്നുമൊക്കെ ചിലർ പറയാറുണ്ടു്. വാഗ്മിതാശൂന്യമായ അദ്ദേഹത്തിന്റെ മധുരഗാനം തൽക്ഷണം അർത്ഥപ്രതീതിയുണ്ടാക്കത്തക്കവണ്ണം സരളകോമളമായി പ്രവഹിക്കുന്നതു്

Digitized By Kerala Sahitya Akademi

ഒരു വലിയ അനുഗ്രഹമാണെന്നാണ് എനിക്കു തോന്നു ന്നതു്. പക്ഷേ, ഹൃദയസ്പൃക്കായ ഭാവധ്വനി—അത്തും ക്ലേശംകൂടാതെ തെളിഞ്ഞുകാണത്തക്കവണ്ണം—കവിത യിൽ കലർത്താൻ ചങ്ങമ്പുഴയ്ക്കു കഴിവുണ്ടെന്നു് അദ്ദേഹ ത്തിന്റെ കവിതകൾ നിഷ്പക്ഷബുദ്ധിയോടുകൂടി വായി ക്കുന്നവർക്കു കാണാൻ സാധിക്കും. യവനികയിൽനിന്നു തന്നെ ഒരുദാഹരണം ഉദ്ധരിക്കുന്നു:

> "ഉച്ചനേരത്തു പൊത്തിലൊതുങ്ങി-
> ക്കൊച്ചരിപ്രാവു കൂവുന്നനാളിൽ;
> ചേറിലങ്ങിങ്ങു ചേരിനിരന്നു
> ഞൊറുപാകും പുലപ്പെൺകിടാങ്ങൾ
> കൂട്ടിനുള്ളിലിരുന്നു കൂകാനും
> ഭാഗ്യമില്ലാത്ത കൊച്ചരിപ്രാക്കൾ."

ഇവിടെ പുലയപ്പെൺകിടാങ്ങളുടെ പരാശ്രയത്വത്തെ എത്ര ഭംഗിയായി ധ്വനിപ്പിച്ചിരിക്കുന്നു. കവിയുടെ ലോകവീക്ഷണകോടിയും ഇവിടെ അഭിവ്യഞ്ജിക്കു ന്നുണ്ടു്.

ആകെപ്പാടെ നോക്കുമ്പോൾ ചങ്ങമ്പുഴയുടെ സഹ ജമായ രചനാസൗഷ്ഠവം തികഞ്ഞ ശാലീനതയോടെ യവനികയിലും വിജയനടനംചെയ്യുന്നതായിട്ടാണ് കാ ണുന്നതു്. 'ലളിതകോമളകാന്തപദാവലി'കളുടെ യഥാ സ്ഥാനസന്നിവേശമാണ് ചങ്ങമ്പുഴയുടെ രചനയ്ക്കു ഭം ഗിയും വശ്യതയും കൂട്ടുന്നതു്. ശേഖരകവിയുടെ ഗാന ങ്ങൾ അങ്ങാടിമുതൽ അരമനവരെ, അടുക്കളമുതൽ 'അസംബ്ലി'വരെ, പരന്നതുപോലെ ചങ്ങമ്പുഴയുടെ ഗാ നങ്ങളും ഏതൊരോണംകേറാമൂലയിലും എത്തിയിട്ടുണ്ടു്. ഈ നിസ്തുലവിജയത്തിന്റെ പ്രധാനകാരണങ്ങൾ അദ്ദേ

Digitized By Kerala Sahitya Akademi

ഹത്തിന്റെ ലോകവീക്ഷണഭംഗിയും, സംഗീതാത്മകതയുംതന്നെ. രചനാസൗഷ്ഠവത്തിൽ യവനിക രമണനെപ്പോലും പിൻതള്ളിയിട്ടുണ്ടെന്നു നിസ്സംശയം പറയാം.

"എവിടെത്തിരിഞ്ഞൊന്നു നോക്കിയാലെ-
ന്തവിടെല്ലാം പൂത്ത മരങ്ങൾമാത്രം"

എന്നമട്ടിൽ എവിടെ നോക്കിയാലും അവിടെയെല്ലാം രചനയുടെ സാരസ്യം കല്ലോലനൃത്തംചെയ്യുന്നതായിട്ടാണ് അനുഭവപ്പെടുന്നതു്. വിശ്വമഹാകവിയുടെ ഭാവശില്പം യവനികയെ സവിശേഷം അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്.

കൈരളിയുടെ തൃപ്പാദങ്ങളിൽ മറെറാരു കനകമാല്യംകൂടി സമർപ്പിച്ച ചങ്ങമ്പുഴ കൃഷ്ണപിള്ളയ്ക്കു് ആയുരാരോഗ്യാദികൾ ആശംസിച്ചുകൊണ്ടു കേവലം അനാവശ്യമായ ഈ അവതാരിക അവസാനിപ്പിച്ചുകൊള്ളുന്നു.

കോട്ടയം
15—8—1946

കെ. സി. സഖറിയാ
എം. എ., എൽഎൽ. ബി.

Digitized By Kerala Sahitya Akademi

# സമപ്പ്ണം

കളികൊഞ്ചലോടെ കമിഴ്ന്നു നീന്തിയിരുന്ന
എന്റെ കവനകലാകൗതുകത്തെ
വാത്സല്യപൂർവ്വം കൈപിടിച്ച സാഹിത്യലോകത്തിൽ
പിച്ചപ്പിച്ചനടത്തിയതാരോ;
അപ്രതിമമായ യുക്തി, അതിതീക്ഷ്ണമായ ബുദ്ധി,
സമ്പുഷ്ടമായ നിർമ്മാണശക്തി, സംസ്കാര
സമ്പന്നമായ വിജ്ഞാനലബ്ധി;—
ഇവയുടെ സംഘടിതമായ ചൈതന്യം
മൂർത്തിമത്തായിപ്പരിലസിക്കുന്നതാരോ;

ഇന്നത്തെ കേരളീയപുരോഗമനചിന്തകന്മാരിൽ
അദ്വിതീയനായ ആ ഉത്തമവിമർശകന്റെ,

**ശ്രീ കുററിപ്പുഴ കൃഷ്ണപിള്ളയുടെ**

ജ്വലിക്കുന്ന പ്രതിഭയുടെ മുമ്പിൽ,

എന്റെ സ്നേഹം, ബഹുമാനം, കൃതജ്ഞത, ഭക്തി
ഇവയുടെ അപൂർണ്ണമെങ്കിലും ഏററവും ആത്മാർത്ഥമായ
ഒരുപഹാരമെന്ന നിലയിൽ, ഞാൻ ഈ കാവ്യം
സാഭിമാനം സമപ്പ്ണംചെയ്യുന്നു.

'ശ്രീദേവിമന്ദിരം'
ഇടപ്പള്ളി
1—1—1122

ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

നീ കവേ, നിര്യാതനാകവേ, നിൻ പ്രേമം
ലോകത്തിൻ ചിന്തയിൽത്തങ്ങിയെങ്കിൽ!

—ജി..

Digitized By Kerala Sahitya Akademi

# യവനികയെപ്പററി

വിശ്വമഹാകവി രവീന്ദ്രനാഥ് ടാഗോറിൻെറ 'വിക്റ്ററി' എന്ന വിശിഷ്ടമായ ചെറുകഥയിലെ ഇതിവൃത്തത്തെ ആധാരമാക്കി സ്വതന്ത്രമായി ചെയ്തിട്ടുള്ള ഒരു കലാസൃഷ്ടിയാണ് 'യവനിക'. എൻെറ സ്വന്തം കല്പനകളുടെ കെല്പില്ലായ്മയിൽ മൂലകൃതിയുടെ മൂല്യത്തിനു സാരമായ ഉടവു തട്ടാതിരിക്കാൻ ഞാൻ ഹൃദയപൂർവ്വം ശ്രമിച്ചിട്ടുണ്ട്; അതു ഫലപ്പെട്ടിട്ടുണ്ടോ എന്തോ!

എൻെറ കവിതകൾ പൊതുവേയും, യവനിക പ്രത്യേകമായും ശ്രദ്ധിച്ചു പഠിച്ച്, ആകർഷകമായ ആകാരം മാത്രമല്ല അമൂല്യമായ ആത്മാവുകൂടി ഉൾക്കൊള്ളുന്ന വിമർശനാത്മകമായ ഒരവതാരികയാൽ ഈ കൃതിയെ അനുഗ്രഹിച്ച ശ്രീ കെ. സി. സഖറിയാ അവർകളോട് ഞാൻ കൃതജ്ഞനാണ്. എൻെറ ഈ കൃതികൂടി സഹിക്കേണമെന്ന അപേക്ഷയോടുകൂടി ഞാനിതു സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ചങ്ങമ്പുഴ കൃഷ്ണപിള്ള

Digitized By Kerala Sahitya Akademi

ജീവിപ്പീടുന്നു മൃതിയാൽ ചിലർ, ചത്തുകൊണ്ടു
ജീവിക്കുകയാണു് പലർ—മൃത്യുവിൽ ഞാൻ മരിക്കാ!

—ജി.

Digitized By Kerala Sahitya Akademi

സ്തബ്ധമായീ സഭാസദനാന്തം
ലബ്ധസംഗീത സാന്ദ്രപ്രശാന്തം.

സ്വർണ്ണസിംഹാസനത്തിലിരിക്കും
മന്നവന്റെ കടമിഴിക്കോണിൽ,

വന്നുനിന്നെത്തിനോക്കിച്ചിരിച്ചു
മിന്നിടും രണ്ടു കണ്ണീർക്കണങ്ങൾ.

ചാരവേ പിന്നിൽ ചേടികൾ വീശും
ചാമരങ്ങളനങ്ങിടാതായി.

മന്ത്രിപുംഗവർ, സൈനികർ, രാജ്യ-
തന്ത്രകോവിദ,രംഗപാലന്മാർ,

കിങ്കര,രെന്തി,നസ്സദസ്സൊന്നോ-
ടംഗിതചിത്രരംഗമായ് മാറി.

ആ വിശാലമാം ശാലതൻ മധ്യ-
ഭൂവി,ലുന്നതമണ്ഡപമൊന്നിൽ,

ഗായകകവി 'ശേഖരൻ' ഹർഷ-
ദായകസ്വപ്നരൂപിയായ് മേവി.

തൽഗ്ഗളനാളവേണുവിൽനിന്നും
നിർഗ്ഗളിച്ചോരമൃതപ്രവാഹം,

ഓമനിച്ചുചെന്നോരോ മനസ്സും,
രോമഹർഷശിശിരിതമാക്കി.

Digitized By Kerala Sahitya Akademi

വന്ദ്യഭൃവരൻ തമ്പുരാന്റെ പുത്രി
സുന്ദരിയാം 'അജിതകുമാരി'

കാണുവാനിടയായീല രാജ-
കാവ്യകാരനക്കന്യാമണിയെ!...

തെല്ലുകലത്തുയരത്തു വെണ്ണ-
ക്കല്ലുകെട്ടിപ്പുട്ടത്തോരെട്ടപ്പിൽ,

മഞ്ഞവണ്ണച്ചുരുളിടതിങ്ങി-
ക്കുഞ്ഞലത്തൊങ്ങലങ്ങിങ്ങൊഴുകി,

മിന്നും പട്ടുയവനികയൊന്നിൻ
പിന്നിൽനിന്നൊരു നിശ്വാസലേശം

സംക്രമിപ്പു ഞൊടിയിടയേതോ
കങ്കണസ്വരമോടിടകൂടി!

ഗാനധാരതന്നാരോഹണത്തിൽ
പ്രാണഹർഷത്തിൻ പൂർണ്ണോദയത്തിൽ,

മഞ്ജിമയ്ക്കു മണിയരങ്ങാമാ
മഞ്ഞവണ്ണഞെറികൾക്കുനേരേ,

പാട്ടറഞ്ഞ ഹൃൽസ്പന്ദങ്ങളോടേ
പാതികൂമ്പിയ കണ്ണുകളോടെ,

ശ്രീയുതസ്മിതസാന്ദ്രാസ്യനായി-
ഗ്ഗായകൻ ശിരസ്സൊന്നു തിരിച്ചു.

ചെണ്ടൊളി ചേർന്നതിമൃദുവാകും
രണ്ടു കൈവിരൽത്തുമ്പുകൾ ചൂടി,

ഹാ, ഞൊടിയൊരു മിന്നൽക്കൊടിക്കാ-
യാ ഞെറിവക്കൊരിത്തിരി നീങ്ങി.

Digitized By Kerala Sahitya Akademi

അഞ്ജനക്കൺമുനയൊന്നുലഞ്ഞു
മഞ്ജുഹാസമൊരല്പം പൊഴിഞ്ഞു.

അത്രമാത്രം—അരഞൊടിക്കുള്ളിൽ
ബദ്ധമായി മറഞ്ഞെറി വീണ്ടും.

സ്വപ്നതുല്യമാശ്ശിഞ്ജിതം മാത്ര-
മുത്ഭവിപ്പതുണ്ടപ്പൊഴുമല്പം.

വ്യക്തമല്ലാത്തൊരു നിഴൽപ്പാടാ
വസ്ത്രഭിത്തിതൻ പിന്നിൽ ത്രസിപ്പൂ!...

ആ മണിച്ചിപ്പാൻ ചിലമ്പൊലിയോലും
പൂമൃദുപദമെന്തെട്ടിരിക്കും?

അത്തരിവള മിന്നിത്തിളങ്ങും
പൊൽത്തളിർക്കൈകളെന്തെട്ടിരിക്കും?

ആ നിഴൽപ്പാടിനാലംബമാകും
മേനിതന്നഴകെന്തായിരിക്കും?

ഹാ, വിദൂരത്തദൃശ്യമായ് നില്പു-
മാ വിലാസമെന്തത്ഭുതമാവോ!

സർവ്വേശക്തന്റെ കാരുണ്യപൂര-
മുർവ്വിയിങ്കൽ പതിതരെപ്പോലെ,

മൺതരികളെപ്പുല്കുമത്തൂക്കാൽ-
ച്ചെന്തളിരുകളന്തരംഗത്തിൽ,

ഭക്തിപൂർവ്വം പ്രതിഷ്ഠിപ്പതേക്കാ-
ളിദ്ധരയിലെന്തുണ്ടൊരു ഭാഗ്യം!

ഗായകനു ഹൃദയം വിടർന്നു
ഗാനധാരയിലോളം വളർന്നു.

Digitized By Kerala Sahitya Akademi

അത്തിരകളുയർന്നു [illegible]ിഞ്ഞോള-
മെത്തി മുട്ടി നറുനുറുങ്ങായി,

താരകോടികൾ വാരിത്തഴുകി-
ത്താഴെ വീണ്ടും പതിക്കുന്നപോലെ;

ഏകമായാപ്രതീതി കൊളുത്തി-
ശ്ലോകമൊട്ടുക്കകലെത്തുരത്തി,

ആദിമധ്യാന്തഹീനമാമട്ടാ
നാദവാഹിനി വീപ്പിട്ടൊഴുകി.

മുഗ്ദ്ധഗാനസരിത്തതിൽജ്ജീവ-
ന്മുക്തരായ് മുങ്ങി നീന്തിയെല്ലാരും!...

നിന്നു ഗാനം—കുറച്ചുനേരത്തേ-
ക്കൊന്നുമാരുമനങ്ങിയില്ലൊട്ടും.

പിന്നെയേറ്റു നൃപേന്ദ്രനൽഫുല്ല-
സ്വിന്നശാന്തസ്മിതാർദ്രാസ്യനായി.

ആ മിഴികളിൽത്തിങ്ങിത്തുളുമ്പി
സീമയററാഭിനന്ദനഭാവം.

ആനതാസ്യനായ് കൂപ്പുകൈയോട-
ഗ്ഗാനലോലൻ സഭാഗൃഹം വിട്ടു.

ഹാ, മനസ്സിൽ പ്രതിദ്ധ്വനിക്കുന്നു-
ണ്ടാ മനോഹരനൂപുരാരാവം,

തന്മിഴികൾക്കു മുന്നിൽ പ്രപഞ്ചം
നന്മ പൂത്ത പൂവാടിയായ് മിന്നി;

പുഞ്ചിരിക്കൊണ്ടു, ഗാനാർദ്രമാം തൻ
നെഞ്ചകംപോലെ പാൽനിലാവല ചിന്നി!

Digitized By Kerala Sahitya Akademi

ആററുവക്കിലാ മാമരക്കാവി-
ലാത്മശാന്തിതന്നങ്കുരംപോലെ,
നേർത്ത നീലനിലാവിൽ, പുളകം
ചാർത്തിനില്ക്കും കുടിലിനുനേരേ;
പാല പൂത്തു പരിമളം കാററിൽ
പാറിയെത്തുമപ്പാതയിലൂടേ,
മായികനൃത്തമാടിട്ടും മൂക-
ച്ഛായകൾതന്നകമ്പടിയോടെ,
കാട്ടുപൊന്തയിൽ രാക്കിളി പെയ്യും
പാട്ടു കേട്ടു രസിച്ചു ഗമിക്കെ,
ബദ്ധകൗതുകം മന്ത്രിച്ചിതിത്ഥം
ശുദ്ധശുദ്ധമാഗ്ഗായക ചിത്തം:

"വിശ്വസൗന്ദര്യമൊന്നിച്ചൊരാത്മ-
വിസ്മൃതിക്കധിനായികയായി,
സ്പഷ്ടരൂപമെഴാതേവമെന്നോ-
ടൊട്ടിനില്പവളാരു നീ, ദേവീ?..."

## രണ്ട്

രാമണീയകം മേളിച്ചിണങ്ങി
രാപകലുകളോരോന്നു നീങ്ങി.
ശേഖരകവിപുംഗവകീർത്തി-
മേഖലയിൽ വസന്തം വിളങ്ങി.
മാനവേന്ദ്രനാം നാരായണനാൽ
മാനിതനായ്, യശോധനനായി,

Digitized By Kerala Sahitya Akademi

ചോലിയല്ല'മമരാപുരി'യിന്
ലാലസിച്ചിതഗ്ഗായകവര്യർ

ധന്യധന്യാത്തുലിക ജീവ-
സ്പന്ദമേകിന ഗാനശതങ്ങൾ,
വർണ്ണനാതീതവൈശ്യത വാണ്ണം
വർണ്ണസങ്കീർണ്ണപിഞ്ഛരിക വീശി,
മർത്ത്യഹൃത്തിനടിത്തട്ടിലെത്തി-
ത്തത്തി മാസ്മരനൃത്തം നടത്തി!

അപ്രതിമപ്രതിഭയിൽ മങ്ങാ-
തുജ്ജ്വലിക്കും മയൂഖനാളങ്ങൾ,
ഇന്ദ്രചാപങ്ങൾ നെയ്യനെയ്യാട്ടം
സുന്ദരമാമബ്ഭാ പനതാററിൽ,
ചിത്തമൊന്നായ്ക്കവന്നിട്ടമോരോ
ചിത്രപംക്തികൾ മേളിച്ചിണങ്ങി,
ചിന്ത പൂത്തും തളിർത്തും പുളകം
ചിന്തിനിന്നു സുഷമയിൽ മുങ്ങി.
ചുററിമുററിപ്പടന്നതിൽത്തങ്ങി
കുററമററ കലാത്മകഭംഗി.

ഹാ, മരതകപ്പച്ചയൊലിക്കും
കോമളശ്രീയമുനാതടത്തിൽ,
നിത്യപൂരുഷ,നച്യുതൻ, കൃഷ്ണൻ,
നിത്യനാരിയാം രാധയുമായി,

Digitized By Kerala Sahitya Akademi

ആത്തരാഗം രമിച്ച രംഗങ്ങൾ-
ക്കാത്മദീപ്തമാം രൂപമിണക്കി,

ഫുല്ലഗാന്ധർവ്വമാധുര്യമുൾച്ചേർ-
ന്നുല്ലസിച്ചിതപ്രേമഗാനങ്ങൾ!

'മഞ്ജരി'—രാജകന്യതൻ തോഴി—
മഞ്ജിമയെഴുമൊരു കുഞ്ഞലയാഴി

ഉണ്ടവൾക്കൊരു ചെമ്പനിനീർപ്പൂ-
ച്ചെണ്ടിനൊപ്പം ചിരിക്കുന്ന ചിത്തം!—

അംഗുലിയൊന്നനങ്ങുകിൽ, ഗാനം
വിങ്ങിടും വീണപോലൊരു ചിത്തം!

സ്പന്ദനങ്ങളിൽ സൗരഭം തേങ്ങും
മന്ദവായുപോൽ നേർത്തൊരു ചിത്തം!—

സാത്വികാസ്വാദനങ്ങളെപ്പുല്കി-
സ്സത്കരിക്കുന്ന സമ്പൃത ചിത്തം!...

ആ നടപ്പാത നിർജ്ജനമായി-
പ്പൂനിലാവുലഞ്ഞന്തി വരുമ്പോൾ,

കെട്ടിവെച്ച നിഴലുകൾ മുന്നിൽ
മുട്ടുകുത്തി നമസ്കരിക്കുമ്പോൾ,

ഗായകാലയ പാർശ്വത്തിലൂടെ
ഗാനസാന്ദ്രമാം നെഞ്ചിടിപ്പോടെ,

സ്നാനകർമ്മാർത്ഥമാററുവക്കത്തേ-
ക്കാനതാംഗിതന്നാഗമം കാണാം.

പോയിടാതെ കവിയുടെ വീട്ടിൽ—
പോയിടാറില്ലവളൊരു നാളും.

Digitized By Kerala Sahitya Akademi

ഓലമേഞ്ഞ, മൺഭിത്തികളോടും
ശ്രീലഹർഷദസ്വച്ഛതയോടും;
ഉച്ചവെയ്ലുമരിച്ചിറങ്ങാതെ
പച്ചകെട്ടിയ പന്തലുപോലെ,
നാലു ദിക്കിലും പൂമരം തിങ്ങി
ലോലമർമ്മരം മാറാതിണങ്ങി,
മന്ദവായുവിൽ പൂമഴവീഴും
സുന്ദരാങ്കണവീഥികളോടും;
ലാലസിക്കുമക്കൊച്ചുകുടിലിൽ
കാലുകുത്താൻ കഴിവതുപോലും,
ഭാഗ്യമെന്നോർത്തു നിത്യപ്രശംസാ-
യോഗ്യമാശ്ശുദ്ധകന്യാഹൃദന്തം.

ദീപദീപ്തമാമച്ചിൽ, സുഗന്ധ-
ധൂപലാളിതയായൊരു കോണിൽ,
അങ്കിതലതാപുഷ്പാദിചിത്ര-
സങ്കലിതമാം കൊച്ചുപുല്പായിൽ;
തെല്ലിടം ചാഞ്ഞു കൈ നിലത്തൂന്നി,
മുല്ലമൊട്ടൊന്നു ചെഞ്ചുണ്ടിൽ മിന്നി,
ഹാ, വലംകൈത്തളിരിൽച്ചിബുകം
പൂവിതൾപോലലസമായ് ത്തങ്ങി,
പ്രീതിപൂർവ്വം ചടഞ്ഞിരുന്നോരോ-
ന്നോതിടുന്നതു കേട്ടു രസിക്കെ;
എത്ര ഗന്ധർവ്വലോകം കടന്നാ
മുഗ്ദ്ധകന്യകാചിത്തം പറന്നു!

Digitized By Kerala Sahitya Akademi

നിർമ്മലാശയൻ ഗായകൻ ത്തകം
നമ്മ് സൂക്തത്തിരച്ചാത്തിലൂടെ,

എത്ര വിഭ്രമദചീപങ്ങൾ ചുററി-
ത്തത്തിയാ സ്വപ്നലോലഹൃദയം!

നീലിമയിൽക്കിനാവുകൾ നീന്തും
നീണ്ടിടംപെട്ടൊരാ മിഴി രണ്ടും,

മിന്നി മിന്നി, മനോഹരസ്മേരം
ചിന്നി, നക്ഷത്രരേണുക്കൾ പൂശും!

ആ വിലാസിനി തൻതളിർപ്പട്ടു-
ദാവണികൾതൻ വണ്ണപ്പിയത്തിൽ,

കററവാർകുന്തൽ പൂവെച്ചു ചീകി-
ക്കെട്ടിമോടി ചാർത്തുമാ മട്ടിൽ,

അല്പനാളായഭിനവകാമ്യ-
കല്പനയൊന്നു വേറിട്ടുകാണാം.

ആടയാഭരണാദികളാലാ
മോടികൂട്ടന്നതാരാസ്വദിക്കാൻ?

ഒക്കിൽ മൺകുടംവെച്ചു, കിണററിൻ-
വക്കിലെത്തുന്ന നാട്ടുപെണ്ണുങ്ങൾ,

കാത്തു കൈ കഴുത്താരോന്നൊളിവിൽ-
ക്കാണിലോരം പരസ്പരം നോക്കി

തെല്ലസൂയ തികട്ടി വിഴങ്ങി
മെല്ലയൊന്നു ചിരിച്ചതിൻശേഷം

തമ്മിലെന്താ കുണുകുണുത്തൊന്നൊ-
ട്ടുണ്മയിൽ്ച്ചെന്നാരുത്സവംകൂടി.

Digitized By Kerala Sahitya Akademi

ശിഞ്ജിതംപോലിടയ്ക്കിടെപ്പൊങ്ങി
മഞ്ജരിയെന്ന പേരിൻെറ ഭംഗി!...

അമ്പലക്കുള,മാപണം, രഥ്യാ-
മണ്ഡലം, വഴിയമ്പലം, സത്രം,

എന്നവ,യുണ്ടൊരു നാലുപേർ നാട്ടി-
ലൊന്നുചേരുമിടങ്ങളിലെല്ലാം,

മഞ്ഞിനെപ്പുനിലാവുപോൽപ്പുല്കി
മഞ്ജരീശേഖരാഖ്യകൾ തമ്മിൽ!

വല്ലതുമൊന്നു കിട്ടിയാലേറ-
ച്ചൊല്ലുവതാണു ലോകസ്വഭാവം

എന്നുമല്ലതിൽക്കുററപ്പെടുത്താ-
നൊന്നുമില്ലാ ജനങ്ങളെയാരും!

ശേഖരനൊരു കാരണംപാകി
ശാഖകളതിനന്യരുമേകി.

മന്ദിരാന്തവിജനതയിങ്കൽ
മഞ്ജരിയുടെ സന്ദർശനങ്ങൾ,

തന്മനസ്സിനു സമ്പൂതമാമൊ-
രുന്മദാസ്പദമാണെന്ന സത്യം,

പാരിൽനിന്നൊളിക്കാനൊരുനാളും
പാടുപെട്ടില്ലവനണുപോലും!

മഞ്ജരി—ലസൽത്ര്യക്ഷരി—ശബ്ദ-
രഞ്ജനതൻ മുദുമധുമാരി;

അത്ഥമോ?—ത്തുമലക്കുലയെന്നാ-
ണെത്ര മാധുയ്യ്യപൂണ്ണമാ നാമം!

Digitized By Kerala Sahitya Akademi

ഹന്ത, സാധാരണക്കീയഭിജ്ഞ-
യ്യെന്തഴകൊന്നിതിൽപ്പരം വേണം?

എങ്കിലും തൃപ്തിപൂർണ്ണമായീലാ
തൻകരളിൽക്കവി,യ്യതുമൂലം,

ഭംഗികൂട്ടാനപ്പുറിനൊരോമൽ-
ത്തൊങ്ങൽക്കൂടിയത്തൊട്ടത്തിട്ടു ധന്യൻ!

അങ്ങനെ വെറും മഞ്ജരി പേർത്തും
പൊങ്ങി 'വാസന്തമഞ്ജരി'യായി!

'ചിത്ര!'മെന്നായ് ച്ചിരിച്ചു സാമാന്യ-
മർത്ത്യർ കേട്ടു തലയാട്ടിയോതി!

## മൂന്ന്

വന്നു ചന്ദ്ര വസന്തം—വനശ്രീ
വല്ലലജ്ജവഴിഞ്ഞു ചിരിച്ചു.

തത്തിയെത്തുന്ന തൈമണിക്കാററിൻ
തല്പമേറിസ്സുഗന്ധം മദിച്ചു.

വണ്ടു വന്നു വലംവെച്ചുമ്മി-
ത്തണ്ടുലയുന്ന താമരപ്പൂക്കൾ,

പാടലശ്രീപകന്നിടതിങ്ങി
സ്ഫാടികോജ്ജ്വലവാപികൾ മിന്നി.

നീട്ടിനീട്ടിക്കുറുക്കിക്കുറുക്കി-
ക്കാട്ടിൽ നീളെക്കര കുയിൽ കൂകി.

പൊന്നൊലിക്കുമിളവെയിൽച്ചാലിൽ-
മിന്നിയാട്ടം തളിക്കലച്ചാർത്തിൽ,

Digitized By Kerala Sahitya Akademi

ന്നൂണിറങ്ങിക്കറങ്ങിപ്പതുങ്ങി-
ത്താണുയന്നു പൂമ്പാററകൾ പാറി.

താലിമാലകൾ കെട്ടിക്കുണുങ്ങി-
ത്തായ്മരംചേർന്നു വല്ലി നിന്നാടി.

അഷ്ടദിഗ്ഗന്ധുരത്താങ്ങളേന്തി
തുഷ്ടിയുകം ഹിരണ്മയകാന്തി!—

ഏവമോരോ വിലാസങ്ങൾ നേടി-
ബ്ഭാവമോഹനമായൊരച്ചൈത്രം,

നല്കി നൃത്തചോദനം മേന്മേൽ
പുല്കി ദീപ്തമാം ശേഖരചിത്തം!

ഭാവനക്കളിത്തോണിയിലേറി-
ദേവഗംഗയിലങ്ങിങ്ങു ചുററി,

ഉൾപ്പുളകമണിഞ്ഞണിഞ്ഞോമൽ-
ക്കല്പപുഷ്പമധൂളികൾ ചൂടി,

നന്ദനോദ്യാനസൗന്ദര്യസാരം
സ്പന്ദനങ്ങളിൽക്കൂട്ടിക്കലത്തി,

ജന്മജന്മാന്തരങ്ങളിൽത്തങ്ങും
നന്മയൂറിയൊഴുകിയൊന്നായി,

കർമ്മവൈഭവാബദ്ധമക്കാവ്യ-
കർമ്മയോഗിതൻ മാനസം പാടി!

അന്നു ശേഖരഗാനത്തിൽ നീന്തി
വന്നു രാജസദസ്സിൽ വസന്തം
കണ്ടു കൺപൂട്ടി ശ്രോതാക്കൾ മുന്നിൽ-
ച്ചെണ്ടുലഞ്ഞ ഹരിതവനാന്തം.

Digitized By Kerala Sahitya Akademi

കേട്ട ചുററും ചിറകടിയൊക്കാപ്പം
കൂട്ടപോവും കളകളാഘോഷം;
ശംഖനാദസമാനം മുഴങ്ങി-
സ്സംക്രമിക്കും മധുകരാരാവം!

ഏതു ലോകമി,തേതാഭിചാര-
സ്ഫീതശക്തിതൻ പൂണ്ണവിപാകം?
എന്തുരംഗമി,തെന്തഭിമാദ-
തന്ത്രികകൾതൻ മാന്ത്രികോത്സംഗം?
ഹാ, ജനൗഘമെവിടെയ്ക്കുമിച്ചു?
രാജസൗധവുമെങ്ങെങ്ങൊളിച്ചു?
എങ്ങു ഭൂവരൻ, രാജസദസ്സെ-
ങ്ങെ,ങ്ങു പോയിതഗ്ഗായകൻപോലും?
ഒന്നു,മില്ലൊക്കെ മിത്ഥ്യയാണുള്ള-
തൊന്നുമാത്രം—ആ വണ്ണപ്രപഞ്ചം!—
വിഭ്രമോന്മുക്തചേതന,യാത്മ-
വിസ്മൃതിയെപ്പുണരുന്ന മഞ്ചം—
സത്യസൗന്ദര്യ്യസത്തകൾ പൂത്ത
നിത്യശീതള ശ്രീലനികുഞ്ജം—
ജാതമോദമങ്ങൊററ ഞൊടിയിൽ
നീതരായിതാ ശ്രോതാക്കളെല്ലാം.

അന്നുമത്തിരശ്ശീലയ്ക്കു പിന്നിൽ-
നിന്നതിൻ വളക്കിലുക്കങ്ങൾ.
ഭിത്തിമേലിടയ്ക്കവ്യക്തമായി-
ത്തത്തിയേതോ നിഴലുകളാടി.

Digitized By Kerala Sahitya Akademi

പൂത്ത പൊൻകൊന്നപ്പൂങ്കാവുപോലെ
പൂനിലാവു പരന്നതുപോലെ;

ലോലസുസ്മിതമാലകൾപോലെ
ലാലസിച്ചിതാ മഞ്ഞഞെറികൾ.

ഗായകാത്മാവിലേയ്ക്കുണ്ടുനിന്നും
പാന്ഥകയായൊരാവേശനാളം!...

കേവലം ഗാനമല്ലാതൊരേതോ
ദ്രാവകീകൃതസ്വപ്നസാമ്രാജ്യം.

തൽപ്രവാഹത്തിലേതോ ജഗത്തെ-
യ്ക്കുിപ്രപഞ്ചമൊലിച്ചുൻപോയി.

തണ്ടലർപോൽ വിശേഷിച്ചതിങ്കൽ
രണ്ടു ചിത്തം വിടർന്നുനിന്നാടി.

രാജകന്യകതൻ കടക്കണ്ണിൽ
രാജസമൊരു ലാളനം കുമ്പി!...

ആ വസന്തവിലാസാപദാന-
ഭാവഗാനങ്ങൾ കേട്ടതിൻശേഷം,

മന്ദഹാസമോടാത്താനുഭാവം
മന്നവനന്നു ചോദിച്ചിതേവം:

"ഫുല്ലപുഷ്പപ്രസന്നമായുള്ളോ-
രുല്ലസൽച്ചൈത്രരാജാങ്കണത്തിൽ,

മത്തടിച്ചാത്തുമൂളുകയെന്യേ
മററുയാതൊന്നും മക്ഷികയ്ക്കില്ലേ?..."

തെല്ലു കണ്ണൊന്നു ചിമ്മിച്ചിരിച്ചു
ചൊല്ലി മെല്ലെക്കവീന്ദ്രനമിത്ഥം:
"ഉണ്ടു്—വാസന്തമഞ്ജരിതൻതേ-
ന്നണ്ടിട്ടും ജോലികൂടി,യെൻ സ്വാമിൻ!..."

കൂട്ടമായിതു കേട്ട ചിരിച്ചു
കേട്ടനിന്നവർ രാജസദസ്സിൽ!

ഗായകവയ്യനേകിയ നാമ-
ധേയമംഗീകരിച്ചതായ്ക്കൾക്കെ,
മഞ്ജരിക്കന്നജിതകുമാരി
മന്ദഹാസം പകന്നേകിപോലും!
മഞ്ജരിതൻ മനസ്സിലാനന്ദ-
മമ്മരങ്ങൾ പൊടിഞ്ഞിതുപോലും!—

ഒത്തുചേരുന്നു ജീവിതംതന്നിൽ
സത്യവും പൊയ്യുമാവിധം തമ്മിൽ,
എങ്ങുമീശ്വരൻ തീപ്പതിൽ, സ്വന്തം
തൊങ്ങൽ കൂട്ടിയിണക്കുന്നു മത്ത്യൻ.
അക്കവീശ്വരഗാനങ്ങളെന്നാ-
ലൊക്കെയൊന്നുപോൽ സത്യങ്ങൾമാത്രം.
ആദിമാത്രതൊട്ടുള്ളാത്മഖേദം
ഏതുമന്തമൊന്നില്ലാത്ത മോദം—
നിത്യഭാവങ്ങളേവമിണങ്ങി
നിസ്തുലങ്ങളഗ്ഗാനങ്ങൾ മിന്നി!

Digitized By Kerala Sahitya Akademi

## നാലു്

നാട്ടനീളെപ്പരന്ന യശസ്സിൻ
സ്ഫാടികാഭയിലാഗ്രമായി,
പൂജതൻപൂർണ്ണകുംഭാഭിഷിക്ത-
രാജഗായകനാമം വിളങ്ങി!

പുല്ലണിപ്പച്ചത്താഴ്വരക്കാട്ടി-
നുള്ളിലാടുകൾ മേഞ്ഞലയുമ്പോൾ,
ശ്യാമളസരിൽത്തീരത്തിലോരോ
പൂമരംചേർന്നിരുന്നിടയന്മാർ,
സ്വച്ഛശേഖരഗാനങ്ങൾ വർഷി-
ച്ചുച്ചവെയ്‌ലിൽ നിലാവു പുരട്ടി!

കാററുപായ്ക്കട നീർത്തിപ്പിടിച്ച-
ങ്ങാററിൽ നീങ്ങുന്ന തോണികൾക്കുള്ളിൽ,
ഭാവമൊപ്പിച്ചു നേർപ്പിച്ചുനീട്ടി-
ക്കേവുകാരാക്കവിതകൾ പാടി!

താരകകൾ വിളറി,ക്കിഴക്കിൻ
താമരപ്പൊയ്ക പൂത്തുല്ലസിക്കെ;
വൃക്ഷരാശിയിലങ്ങിങ്ങുണർന്നു
പക്ഷികളോരോ കീർത്തനം ചൊല്ലെ;
ശീകരാർദ്രമാം വായുവിൽ, നേർത്ത
പൂഗന്ധമൊളിച്ചുകളിക്കെ;
കങ്കണങ്ങൾ കിലുങ്ങിക്കിലുങ്ങി
മങ്കമാരത്തയിർ കലക്കുമ്പോൾ,

Digitized By Kerala Sahitya Akademi

ഗ്രാമഗേഹമുഖങ്ങളിൽ നിന്നു-
പ്രേമഗാനങ്ങൾ വീർപ്പുവിട്ടെത്തി;
താലിപൊട്ടിച്ചൊരോമൽക്കൃഷക-
ബാലികതൻ സ്മൃതികളെപ്പോലെ!

ചന്ദ്രശാലയിൽ, ഗ്രീഷ്മാന്തശാന്ത-
ചന്ദ്രികാമനമാകിയ രാവിൽ;
രോമഹർഷങ്ങൾ തിങ്ങിത്രസിക്കും
കാമുകൻതൻ മലർമടിത്തട്ടിൽ;
ആഞ്ഞുപുല്കവേ, ലജ്ജിച്ചു താനേ
ചാഞ്ഞുവീഴും പ്രഭുവരപുത്രി,
കൊക്കുരുമ്മാനിണയടുക്കുമ്പോൾ
കൊഞ്ചി നീങ്ങും കുയിൽപ്പേടപോലെ,
പ്രേമസാന്ദ്രസാകൂതസ്മിതത്തോ-
ടാ മനോഹരഗാനങ്ങൾ പാടി!

അററരണ്ടു വറുതിയിൽ വെള്ളം
തൊട്ടിടാതെ, വയലുകൾക്കുള്ളം,
കത്തിടുമ്പോൾ കനിവിൻകഴത്തിൽ
കത്തിവെയ്ക്കാത്ത കർഷകയോധൻ,
കൊക്കരണിയിൽ തൊളാവിട്ടു തേകി
നില്ക്കെ,യാപ്പാട്ടമൊപ്പമൊഴുകി!

ചൂടു മാറി,പ്പുതുമഴ ചാറി-
പ്പാടമൊക്കെക്കുളിക്കുന്ന നാളിൽ;
നീലമേഘത്തെ നോക്കിക്കടക-
പ്പാല കോൾമയിർക്കൊള്ളുന്ന നാളിൽ;

Digitized By Kerala Sahitya Akademi

ഉച്ചനേരത്തു പൊന്തിലൊതുങ്ങി
കൊച്ചരിപ്രാവു കൂവുന്ന നാളിൽ;

ചേറിലങ്ങിങ്ങു ചേരി നിരന്നു
ഞാറുപാകും പുലപ്പെൺകിടാങ്ങൾ—

കൂട്ടിനുള്ളിലിരുന്നു കുകാനും
ഭാഗ്യമില്ലാത്ത കൊച്ചരിപ്രാക്കൾ—

ചേലുവീട്ടൊരീണത്തിലൊന്നി-
ച്ചാലപിച്ചിതഗ്ഗാനശതങ്ങൾ!

അന്തിമായുമ്പോഴമ്പലമുററ-
ത്തന്തികത്തുള്ള രാൽത്തറയിൽ,

വട്ടമിട്ടിരുന്നോരോ വിനോദം
തട്ടിമൂളിച്ചു, ധൂമങ്ങൾ ചിന്നി,

മാറി മാറിച്ചിലമ്പിക്കൈമാറി
മാദമാളുന്ന കപ്പ്ടികന്മാർ,

പാടി, രാധികാമാധവരാഗ-
ധാടിവാഴ്ത്തുമാദ്ദിവ്യഗീതങ്ങൾ!

ചന്ദ്രലേഖയൊരല്പം സ്ഫുരിച്ചാൽ
മന്ദവായുവന്നൊന്നമന്ത്രിച്ചാൽ,

ജാലകങ്ങൾ, സദനാങ്കണങ്ങൾ
ചോലവൃക്ഷച്ഛവട്ടക,ളേവം,

എങ്ങുനിന്നുമുയന്നു നാടാകെ-
ത്തങ്ങിടുമക്കവിയുടെ ഗാനം!

പിച്ചയാചിച്ചലയുമവാർപോലു-
മുച്ചരിച്ചിതാക്കാവ്യഖണ്ഡങ്ങൾ.

Digitized By Kerala Sahitya Akademi

പൊൻമുടിചൂട്ടം മന്നവർപോലു-
മുണ്ടായിരിപ്പാടിയ ഗീതകങ്ങൾ—
എന്നുവേ,ണ്ടാക്കവിയുടെ ഗാന-
മൊന്നുരണ്ടു വരികളെന്നാലും
അല്ലലററു ഹൃദിസ്ഥമാക്കീടാ-
തില്ല നാട്ടിലൊന്നൊററാരാൾപോലും!—

ഖ്യാതിപൊങ്ങിയെന്നാകിലും ഗർവ്വ-
മേതുമേശാതഭിമതനായി,
നിത്യതൃപ്തി നുകർന്നുല്ലസിച്ചു
നിഷ്കളങ്കഹൃദയൻ കവീന്ദ്രൻ.

വന്നു സുന്ദരി മഞ്ജരി വീട്ടിൽ
ചെന്നു താനെന്നും രാജസദസ്സിൽ;
പാടി, മുന്നിലാ മഞ്ഞത്തെറിക-
ളാടി—നേരിയ ശിഞ്ജിതം ചിന്നി!
ശിഞ്ജിതങ്ങൾ, ശിഥിലങ്ങൾ, മുന്നിൽ
മഞ്ജുളങ്ങളാ മഞ്ഞത്തെറികൾ!
നേർത്ത നീല നിഴലുക,ളേതോ
വാസ്തവത്തിൻ മുഖാവരണങ്ങൾ!—

ആ യവനികയ്ക്കപ്പുറം, ദിവ്യ-
മായൊരജ്ഞാത ശുദ്ധപ്രപഞ്ചം!
തന്നനാർഭാടജീവിതാലംബ-
സ്സ്വപ്നങ്ങൾക്കധിഷ്ഠാനതാരം,
ഉല്ലസിപ്പതുണ്ടങ്ങതിലേതോ
ഫുല്ലവിദ്യുൽപരിവേഷപൂർവ്വം!

Digitized By Kerala Sahitya Akademi

താനതിനെത്തന്നാത്മഗാനത്താൽ
താണു കൈകൂപ്പിയച്ഛനചെയ്വൂ!—

എന്തു ശാന്തിയാ,ണെന്താത്മഹർഷം!
എന്തു ദിവ്യപ്രചോദനവർഷം!

എത്ര ധന്യനാ,ണെത്ര സന്തുഷ്ട,-
നെത്ര സംതൃപ്തനക്കവിവര്യൻ!

കന്മഷമററാജ്ജീവിത,മോമൽ-
ക്കന്ദ്രുകൾഹാരവാപിപോൽ മിന്നി!...

## അഞ്ചു്

രാഗമോഹമദാദികൾ തങ്ങി
രാപകൽത്തിരയോരോന്നു നീങ്ങി.

ദക്ഷിണദിക്കിൽനിന്നാത്തണഞ്ഞു
ദക്ഷദക്ഷനൊരു കവിമല്ലൻ;

ശീതശാന്തശരൽക്കലാസന്ധ്യാ-
വേദിയിലൊരിടിവെട്ടപോലെ—

സ്വപ്നസാന്ദ്രസുഷുപ്തിയിലേക-
ശപ്തമകുണദംശനംപോലെ—

ചാരുനൃത്തഗാനോത്സവമധ്യേ
ചീറിട്ടമൊരു പേമാരിപോലെ—

വ്യാപൃതഭാവകാവ്യകർമ്മത്തിൽ
വ്യാകരണവിഡംബനംപോലെ!

നാട്ടിൽനിന്നു തിരിച്ചു, താൻ ചെന്നു
നാട്ടിലെങ്ങും ജയക്കൊടിനാട്ടി,

Digitized By Kerala Sahitya Akademi

ലോകമൊട്ടുക്കെഴും കവിവര്യർ-
ക്കാകമാനമടിയറവേകി,
അന്നൊട്ടുവിലമരാപുരിയിൽ
വന്നതാണുപോലാ മഹോദ്ദണ്ഡൻ!

മുണ്ഡിതശീർഷപിണ്ഡ,മതിങ്കൽ
തുണ്ഡതുല്യം നട്ടക്കല്പകശം.
ചന്ദനാങ്കിതസ്വിന്നലലാടം
നിന്ദപൊങ്ങിക്കുമളച്ച നേത്രം.
കുഞ്ചിതാഗ്രമാം നാസ,യിന്നോളം
പുഞ്ചിരിയൊന്നു പുല്കാത്ത വക്ത്രം—
വല്ലകാലത്തതിനതു വന്നാൽ
പല്ലുമാത്രമിളിക്കുന്ന വക്ത്രം.
ഒട്ടിയ കവിൾത്തട്ടുകൾ, കണ്ഠം
മുട്ടി മിന്നിടും സ്വർണ്ണരുദ്രാക്ഷം,
കുങ്കമഭസ്മചന്ദനരേഖാ-
സങ്കരാങ്കിതപങ്കിലഗാത്രം.
കൈയിലാ വിശ്രുപാള, പിൻപേ വാ-
ക്കയ്യുപൊത്തിയ ശിഷ്യസമൂഹം.
ചുററുപൂണുനൂൽ മാറിലതേതോ
തററുട്ടത്ത സജീവകങ്കാളം.

സർവ്വശാസ്ത്രത്തികവും, ദുരയും
ഗർവ്വം, വൻപും, കുളിയും കുറിയും,
ഹാ, കുതർക്കം പിശുക്കും കുറുമ്പും
ലോകനിന്ദ കനിഷ്ഠും കശുമ്പും

Digitized By Kerala Sahitya Akademi

ഒക്കെയൊന്നിച്ചു ചേർത്തൊന്നിണക്കാ-
നൊക്കുമെങ്കി,ലശ്ശാസ്ത്രിയോടൊക്കും!
കക്കശൻ കലി ചത്തുയന്നേററ
കല്ലിതന്നെയപ്പണ്ഡിതരാജൻ!

വാക്കിലോരോന്നുമെട്ടുപത്തർത്ഥം
വാ പൊളിച്ചും, പൊളിപ്പിച്ചു കൊന്നും,
ശ്ലേഷവും, ധ്വനി, പ്രാസം, യമകം
ശേഷമുള്ള സമസ്തകസത്തും,
അട്ടിയട്ടിയായ്ച്ചേർന്നൊരുകീറാ-
മുട്ടിയായി മരവിച്ച പദ്യം,
ബദ്ധഗർവ്വമൊടിച്ചു മടക്കി-
സ്സുശ്രദ്ധരച്ചട്ടക്കൂട്ടിലടക്കി,
കാഴ്ചവെച്ചു നരേന്ദ്രനെ വാഴ്ത്തി-
ക്കാൽത്തളിരിലക്കാവ്യപ്രഭാവൻ!

പദ്യപാരായണാൽപരം ഭൂപൻ
ഹൃദ്യമായോതി സസ്മിതമേവം:

"ഭദ്ര, ഹേ, കവേ, സ്വാഗതം. നീണാ-
ളുദ്രസം ഭവാൻ വാഴകായുഷ്മൻ!"
മെല്ലെയൊന്നു നമിച്ചു സഗർവ്വം
ചൊല്ലിനാനിദം പുണ്ഡരീകാഖ്യൻ:

"മന്ദിരേ, ഭോ, മദാഗമം, ശബ്ദ-
ദ്വന്ദ്വയുദ്ധാർത്ഥമാണദ്യ, ധീമൻ!

Digitized By Kerala Sahitya Akademi

കുത്ര കർഹിചിൽ കശ്ിതം, ഹാ, മൽ
ജൈത്രയാത്രാകലാഹകം, ശ്രീമൻ!
ദേഹി ദേഹി മേ വാഗ്രണഭ്രമൗ
ദാഹികപ്രതിദ്വന്ദ്വിയെ സ്വാമിൻ!..."

ഒന്നുയന്നക്കവീന്ദ്രനനേരെ
കണ്ണെറിഞ്ഞൊരു പുഞ്ചിരി തൂകി,
"ഉണ്ടു ഞങ്ങൾക്കു ശേഖരൻ"—മാനം
വിണ്ടുകീറാതെ കാത്തു മഹീശൻ!

സ്പന്ദനങ്ങൾക്കു തീവ്രതയേറി
സുന്ദരമാം കവിഹൃദയത്തിൽ—
അന്തരാത്മാഭയിൽ സപ്തവർണ്ണം
ചിന്തിമിന്നും മണിമുകുരത്തിൽ!
വാസ്തവത്തിൽ തനിക്കറിവീലാ
വാക്സമരമതെന്തെന്നുപോലും!
വാക്കുകൾ—അവർ യുദ്ധത്തിനെന്നോ?
പോർക്കളത്തിലവക്കെന്തു കാര്യം?
തററുടുത്തു തുടങ്ങുവ തല്ലി-
പ്പുററലരോടെതിർപ്പവരാണോ?
കട്ടകെട്ടുന്ന രക്തക്കളത്തെ-
പ്പുട്ടമെത്തയെന്നോർക്കുവോരാണോ?
പ്രാണനിലാ നഖാഗ്രങ്ങൾ കേററി-
ശ്ശോണിതം നക്കി നില്പുവോരാണോ?
ദേവഹർമ്മ്യങ്ങൾ തീവെച്ചു മാട-
പ്രാവുകളെപ്പിടിപ്പവരാണോ?

Digitized By Kerala Sahitya Akademi

വാക്കിൽ നിന്നാണു സർവ്വവും— അയ്യോ'
വാക്കുകൾ!—അവർ യക്ഷികളാണോ?

വൈപരീത്യമിതെന്തു, താൻ കണ്ട
വൈഖരികളഹോ, കുലസ്ത്രീകൾ!

കന്ദുകക്രീഡയാടിടുമോമൽ-
സുന്ദരികൾ, സുശീലകൾ മാത്രം.

ശസ്ത്രസംഗ്രാമഭൂമിയിലേയ്ക്കാ
സ്വപ്നലോലകളെങ്ങനെ ചെല്ലും?

രോമഹർഷം വിതയ്ക്കുമക്കൈകൾ
ഭീമഖഡ്ഗങ്ങളേന്തിടുമെന്നോ?

ചുംബനങ്ങൾ തുളുമ്പിടുമോരാ—
ച്ചുണ്ടു രക്തം കുടിച്ചിടുമെന്നോ?

വിശ്വസിക്കാനരുതു തനിക്കീ
വിക്രിയാവൈകൃതങ്ങളെത്തെല്ലും!

—എങ്കിലു,മൊരു നൊമ്പരം തോന്നീ
തൻ കരളിൽ കവിക്കെന്തുകൊണ്ടോ!

അന്നു രാത്രിയിലേകാന്തരാഗ-
സുന്ദരമാം നിജാലയംതന്നിൽ,

വിശ്രമനിദ്ര വീണ്ടും തൊട്ടത്തു
വിശ്രമിക്കും കവിയുടെ മുന്നിൽ,

കുഞ്ഞുകുഞ്ഞല ചിന്നിയുലഞ്ഞാ
മഞ്ഞവർണ്ണയവനിക മിന്നി.

ഇല്ല ശിഞ്ജിത,മില്ല സുഗന്ധ,-
മില്ല നേരിയോരാ നിഴലാട്ടം.

Digitized By Kerala Sahitya Akademi

എന്തു മൂകത,യെന്തൊരു ശൈത്യം
എന്തസഹനീയോഗ്രജഡത്വം!

ഒന്നു പാടാൻ കഴിഞ്ഞെങ്കി,ലയ്യോ!
തന്നിൽനിന്നുമാപ്പാട്ടെങ്ങു പോയി?

ജീവനാണു തൻപാ,ട്ടതു പോയി
കേവലം താൻ വെറുംപ്രേതമായി!

പ്രേതമാണു താൻ—തൻപേരിൽ മേലിൽ
പ്രീതിതോന്നീട്ടിനിക്കെന്തു കാര്യം?

അത്ഭുത,മാ യവനികയെന്തേ-
ട്ടിത്ര വേഗം കരിന്തുണിയായി?

എങ്ങു പോയിതാ മഞ്ഞക്കുരികൾ?—
മംഗലത്തിൻെറ പൂപ്പുഞ്ചിരികൾ!

അക്കരിമറതൻ പിന്നിലെന്താ-
ണഗ്നിനാളങ്ങൾ, ചെന്തീപ്പൊരികൾ!

കത്തിപ്പോൽക്കൈവിരലുകൾ മീതേ
തത്തിനില്പൂ, നഖാഗ്രകോഗ്രങ്ങൾ!

ചഞ്ചലിപ്പൂ തിരയതിന്നേതിൻ
നെഞ്ചെരിക്കും തിരപ്പുറപ്പാടോ?...

മാറിയാ മറ—പന്നഗങ്ങളാളി!
മാരകമതെന്തുഗ്രജവ്യാളി!

അട്ടഹാസ,മാ ദംഷ്ട്രകൾ—കണ്ടാൽ
ഞെട്ടും—എന്തു ഭയങ്കരസത്വം!

മുണ്ഡിതോച്ചിഖശീഷമതാരാ-
പ്പുണ്ഡരീകൻ!—നട്ടങ്ങി കവീന്ദ്രൻ!

Digitized By Kerala Sahitya Akademi

കണ്ണു ഞെട്ടിത്തുറന്നു—തമസ്സിൽ
കമ്രതാരം വിളിപ്പൂ നഭസ്സിൽ!

## ആറ്

പാടലബലിക്കല്ലിനു മുൻപൊ-
രാടിനെപ്പോലരണ്ടാഞ്ഞു ചൂളി,

പണ്ഡിതാഢ്യനെതിരേ, വിവൎണ്ണ-
ഗണ്ഡനായ് കവി ചെന്നൊന്നു നിന്നു.

ധ്യാനലോലമാം പുഞ്ചിരിയോടേ
താണു കൈകൂപ്പിത്താഴത്തിരുന്നു.

ഒന്നു ശീഷമനക്കിയതല്ലാ-
തൊന്നുമേ ചെയ്തീലുദ്ധൃതഗവ്വൻ.

പിന്നിൽ മേവുന്ന ശിഷ്യർതൻ നേരേ
പിന്നെയൊന്നത്ഥഗഭമായ് നോക്കി.

മത്ത്യലക്ഷനിബിഡിതം വാണീ-
മത്സരാങ്കമാ മന്ത്രശാലാന്തം.

ശ്വേതഭിത്തികാശീഷശാലാഗ്ര
പീതലോലയവനിക മിന്നി.

അങ്ങു നോക്കവേ ഗായകഹൃത്തി-
ലങ്ങുമിങ്ങുമൊരിക്കിളിയോടി.

ധ്യാനപൂവ്വം നമിച്ചു പിന്നീടാ-
ഗ്ഗാനലോലഹൃദയമിതോതി:

"മത്സമീപേ വിജയമണഞ്ഞീ
മത്സരത്തിലിന്നെന്നെ വരിക്കിൽ,

Digitized By Kerala Sahitya Akademi

കാഹളീതമാമിങ്ങവിരാമം
സ്നേഹരൂപിണി, ദേവി, നിൻ നാമം!..."

ഭേരി പൊങ്ങി മുഴങ്ങി— വണങ്ങി
ദ്വാരപാലകൻ വാങ്ങിയൊതുങ്ങി.

"വെല്ലു, നാരായണാഖ്യൻ നരേന്ദ്രൻ
വെല്ലു, നാടിൻ പുരാപുണ്യ ചന്ദ്രൻ!"—
വാച്ച ഭക്തിയോടൊത്തുയർക്കെക്കൂപ്പി
വാഴ്ത്തിയുച്ചത്തിൽ വൈതാളികന്മാർ.

ദാർഢ്യമൊന്നിളകീ—ജനൗഘം
സാർവ്വഭൗമനെക്കണ്ടേററുകൂപ്പി.

ഭേരധൂളികൾ പാളിപ്പളുങ്ങും
ഗൗരനീരാളധാരാഞ്ചലങ്ങൾ,
ചന്ദ്രകാന്തത്തറയിലിഴഞ്ഞു
മന്ദഹാസം മെഴുകി സ്രവിക്കെ;
വജ്രകുണ്ഡലം വെട്ടിത്തിളങ്ങി
വക്ത്രമണ്ഡലദീപ്തി വർദ്ധിക്കെ;
മുഗ്ദ്ധകോടീരപുച്ഛകപിച്ഛം
മുത്തോളിയിലിളകിക്കളിക്കെ;
മാറിൽ മഞ്ജുമണിമയമാല്യം
മാരിവിൽ മാറിമാറി മഥിക്കെ;
ഹാ, പദേ പദേ രാജസശ്രീതൻ
വ്യാപിതാംശുക്കൾ പൂമഴപെയ്കെ;
അംഗിതശസ്ത്രസജ്ജാഢ്യരായോ—
രംഗരക്ഷകന്മാരോടുംകൂടി;

Digitized By Kerala Sahitya Akademi

കാന്തിതൻനീലനീരലച്ചാലിൽ
നീന്തിനീങ്ങും ശരന്മുകിൽപോലെ;

വന്നു, ഹേമാംഗസിംഹാസനത്തിൽ
വന്ദ്യധാത്രീന്ദ്രവയ്യനിരുന്നു.

ആദരമാർന്നിടംവലമൊപ്പ-
മാളികൾ നിന്നു ചാമരംവീശി.

—അല്പമാത്രകൾ പോയി, ജനൗഘം
അപ്പൊഴേക്കുമൊന്നൽബ്ബുദ്ധമായി.

"വെല്ല, ശേഖരൻ, രാജകവീന്ദ്രൻ
വെല്ല സംഗീതവാസന്തചന്ദ്രൻ!..."

വാച്ച തുഷ്ടിയോടൊത്തു കൈയാട്ടി
വാഴ്ത്തിയുച്ചത്തിലാത്തു പൗരന്മാർ.

"വെല്ല, പുണ്ഡരീകാഖ്യൻ, സുധീന്ദ്രൻ!
വെല്ല, വിശൈകകാലാപകേന്ദ്രൻ..."

വദ്ധിതാദരം പ്രാത്ഥിച്ചു പാശ്വ-
വത്തികളായ ഭക്തശിഷ്യന്മാർ...

പുണ്ഡരീകനെഴുന്നേററു—ശാലാ-
മണ്ഡലാന്തം പ്രശാന്തത പെററു.

ധിക്കൃതത്തള്ളലാൽ സ്വയം കണ്ഠം
പൊക്കി, മുററി മുഴങ്ങും സ്വരത്തിൽ,

കാപടികൻ നൃപസ്തുതിക്കമ്പ-
ക്കാലിനു തീ കൊളുത്തിപ്പുളച്ചു.

Digitized By Kerala Sahitya Akademi

അക്കൃതിയിൽ നൃപാലനൊരിക്കൽ
പൊക്കമുള്ളൊരു പർവ്വതമായി.

പിന്നെ വിസ്തൃതസാഗരമായി
പിന്നെയുഗ്രവനാന്തരമായി.

ചന്ദ്രനായ്നിന്നിട്ടിന്ദ്രനായ് മാറി
ചന്ദ്രഹാസമിളക്കിയലറി.

ബ്രഹ്മനായ്, വിഷ്ണുവായ്, ശിവനായി,
ഷണ്മുഖനായി, വിഘ്നേശനായി.

മിത്രവർഗ്ഗത്തിൽ കുല്പകമായി
ശത്രുരാശിക്കു കാലനുമായി.

കാമിനിമാക്കു കൺകുളിരേകി-
ക്കാമദേവനായ് കാൽക്ഷണം മേവി.

ഹന്ത, പാവം നൃപനെപ്പിടിച്ചെ-
ന്തിന്ദ്രജാലങ്ങൾ കാട്ടിയാ വീരൻ!

അബ്ധിവീചികൾ പോലിരച്ചാർത്ത-
ബ്ഭിത്തികളിലടിച്ചു ചിതറി,

കേട്ടുനില്ക്കും ജനങ്ങൾതന്നസ്ഥി-
ക്കൂട്ടിനുള്ളിലൂട്ടളിയിട്ടോടി,

വിത്രസിച്ചിതക്കൗസ്തുതികൻതൻ
വിഭ്രമപ്രദവാഗ്വിഭവങ്ങൾ!

തൽക്കൃതിയിൽ ധ്വനികളും മററും
തിക്കുകൂട്ടും പരമരഹസ്യം,

കെട്ടഴിച്ചിഴയോരോന്നു പൊക്കി-
ക്കാട്ടി പിന്നെയക്കാവ്യകണ്ഠീലൻ.

Digitized By Kerala Sahitya Akademi

ഹ്രസ്വമാകുമാ നാരായണാഖ്യ-
ഛത്രമായിരമേച്ചേച്ചുകെട്ടി,
പന്തലിപ്പിച്ചു മത്തിപ്പിടിച്ചോ-
രിന്ദ്രജാലത്തെ ദർശിച്ചനേരം,
ഒന്നൊഴിയാതെ കണ്ണും മിഴിച്ചു
നിന്നുപോയ് മർത്ത്യരാബാലവൃദ്ധം!

പുണ്ഡരീകനിരുന്നു—ഹാ, മർത്ത്യ-
മണ്ഡലമൊന്നു മൂരിനിവന്നു.
സ്ഥൂണരാശിക്കിടകളിൽ മർത്ത്യ-
മാനസങ്ങളിൽ, മാറ്റൊലി വീശി,
പിന്നെയും തങ്ങിനില്പതായ്ത്തോന്നി
മന്ദ്രഗംഭീരമാ സ്വരസ്പന്ദം,
അന്യദേശത്തുനിന്നണഞ്ഞോരാ-
ഢന്യരോരോ മഹാപണ്ഡിതന്മാർ,

"വീര,നെന്തൊരു വീരൻ!"—എന്നിത്ഥം
വീറൊടൊന്നിച്ചു കൈയടിച്ചാർത്തു!

മന്നവേന്ദ്രനൊരുൽക്കണ്ഠ വെമ്പും
കണ്ണുരച്ചു കവിയുടെ കണ്ണിൽ.
കാതരമാം കടമിഴിയാലേ
കാവ്യകാരൻ നൃപനെയും നോക്കി.

അസ്ത്രമേറ്റു കുതിക്കവേ, മാർഗ്ഗം
മുട്ടിവീണൊരു മാനിനെപ്പോലെ,

Digitized By Kerala Sahitya Akademi

പാട്ടുപെട്ടൊന്നെഴുന്നേററു, പാവം,
പാട്ടുവാനായൊരുമ്പെട്ടു നിന്നു.

മുത്തൊളിക്കവിൾത്തട്ടുകൾ മങ്ങി
മുഗ്ദ്ധയെപ്പോലെ നാണിച്ചൊതുങ്ങി,

ലോലതയിൽ തരുണിമയാടി
ലാലസിക്കുമക്കോമളരൂപം;

കണ്ഠകീലകമ്പനമൊതുക്കി–
ക്കമ്പിയെല്ലാം മുറുക്കിയിണക്കി,

ഒന്നു തൊട്ടാലുടൻ പാട്ടു പെയ്യാ–
നുന്നിനിന്നിടും വീണപോൽ തോന്നി!

നേർത്ത സൗമ്യസ്വരത്തിൽ, നിജാസ്യം
താഴ്ത്തി ഗായകൻ ഗാനം തുടങ്ങി.
ഒന്നുമേ കേട്ടതില്ലതിലാദ്യ–
മൊന്നുരണ്ടു വരികളൊരാളും.

മന്ദമന്ദമശ്ശിഷ്യന്റെ
മഞ്ജുഗാനവുമൊപ്പം വളർന്നു
അത്രമാത്രം തെളിമയും ചേർന്നു–
മൊത്തിണങ്ങിയൊരസ്വരനാളം,

പാളി മേലോട്ടു ഭരലോട്ടു, കത്തി–
ക്കാളിടുമൊരു തീജ്ജ്വാലപോലെ!

ഭൂതകാലതിമിരാന്തരത്തിൽ
പാതി മാഞ്ഞു,മൊളിഞ്ഞും തെളിഞ്ഞും,
ലാലസിക്കുമാ വിശ്രുതധാത്രീ–
പാലവംശപവിത്രചരിത്രം.

Digitized By Kerala Sahitya Akademi

വാഴ്ത്തിയോരോരോ സംഭവചിത്രം
കോർത്തിണക്കി രസാത്മകമാക്കി,

ഹാ, വിശിഷ്ടമൊരു ലഘുകാവ്യം
ഭാവസാന്ദ്രമായ് പാടീ കവീന്ദ്രൻ.

വീരകൃത്യസഹസ്രാപദാനം
ചോരയിൽനിന്നുറഞ്ഞോരാ ഗാനം

വന്നുവന്നതു മുന്നിലാ മിന്നും
മന്നവൻെറ ചരിതത്തിലെത്തി.

ഓട്ടമായ് ചുട്ടരഹം ഞരമ്പിൽ
കേട്ടുനില്ക്കും പ്രജകളിലെല്ലാം.

വിഷ്ടപേന്ദ്രമുഖത്താക്കവീന്ദ്രൻ
ദൃഷ്ടി ബന്ധിച്ചു ഗാനമച്ചിക്കെ,

കേട്ടു ചുററിലും കോൾമയിർക്കൊള്ളും
നാട്ടുകാക്കെഴും ഭക്തിപ്രകഷം.

തുഷ്ടിവാഴ്ക്കുമഗ്ഗാനത്തിൽനിന്നു-
മഷ്ടഗന്ധപ്പുകച്ചുരുൾപോലെ,

പൊങ്ങിയുന്നലഞ്ഞങ്ങനെ ചെന്നാ
മന്നവേന്ദ്രൻെറ സിംഹാസനത്തെ,

ചുററി, മാലാകലാപമിണക്കി-
പ്പുററി മിന്നിടുംമാതിരി തോന്നി!

അത്രമാത്രം മതിമറന്നോരോ
മർത്ത്യഹൃത്തുമീയാശംസയേകി:

"ഭാഷ പൂത്തും, വികാരം തളിത്തും
ഭാവനക്കു പുളകം കിളിത്തും:

Digitized By Kerala Sahitya Akademi

ചോരയിൽച്ചേർന്നലിഞ്ഞുപോം ഗാന-
ധാരകളേ, ജയ, ജയ, നിങ്ങൾ!..."

പാടവത്തിൽ, ധനാശിയിൽ, മെല്ലെ-
പ്പാടിനിർത്തിയഗ്ഗായകനിത്ഥം:

"വാക്കുകൾതൻ മഹേന്ദ്രജാലത്തിൽ-
ത്തോല്ലുവാനിടയാകാമടിയൻ;
എങ്കിലും, പ്രഭോ, മാമകഹൃത്തിൽ-
ത്തങ്കമങ്ങയോടുള്ളൊരീ സ്നേഹം,
വാശിയെത്ര വടംവലിച്ചാലും
വാട്ടകില്ല കട്ടകിടപോലും."

പാട്ടനിന്നു, കടക്കണ്ണിൽനിന്നു
കേട്ടനില്പോർക്കു കണ്ണീരു വന്നു!
ചീർത്തുയന്ന ജനാവലി പെട്ട-
ന്നാർത്തൊരാ ജയകോലാഹലങ്ങൾ!

മത്തടിച്ചാക്കൽ മേല്ക്കുമേൽ പൊങ്ങി
ഭിത്തി ചുററും കിടുങ്ങിക്കലുങ്ങി.
മൂഢമെന്നമട്ടാ മർത്ത്യഘോഷ-
മൂഢഗർവ്വം തൃണപ്രായമാക്കി,
ചില്ലി രണ്ടും ചുളിച്ചു, തൻ ശീർഷം
മെല്ലെയാട്ടി,ച്ചൊടിച്ചൊന്നു മൂളി,
പുണ്ഡരീകനെഴുന്നേററു മർത്ത്യ-
മണ്ഡലത്തിലിച്ചോദ്യമെറിഞ്ഞു:

Digitized By Kerala Sahitya Akademi

"ചൊന്നിടട്ടെകൊന്നു സംശയിക്കാതെ
മന്നിലെന്തുണ്ടു വാക്കിനു മീതെ?..."

മുററിനില്ക്കും ജനക്കൂട്ടമൊട്ടൊന്നൊ-
ടൊററമാത്രയിൽ നിശ്ശബ്ദമായി.

പുണ്ഡരീകൻ പ്രസംഗം തുടങ്ങി
മണ്ഡപാന്തം മുഴക്കിക്കലുങ്ങി.

കെട്ടഴിച്ചു നിരത്തിയൊന്നൊന്നാ-
യൊട്ടസംഖ്യകം വിജ്ഞാനഭാണ്ഡം:

വാക്കു, വാക്കാണു സൃഷ്ടിയിലാദ്യം
വാക്കിനില്ലൊരു കാലവ്യവസ്ഥ്യം

വാക്കു ശക്തിതന്നത്ഭുതകേന്ദ്രം
വാക്കു വാക്കത്രേ, വാക്കാണു ദൈവം!—

വൈഭവേന സമർത്ഥിച്ചിതിത്ഥം
വൈഖരീവൈശ്രവണനിത്തത്ത്വം.

നാലുവേദവും ചിക്കിച്ചികഞ്ഞു
നാവടിച്ചടിച്ചാത്താക്കികാഗ്ര്യൻ

ഉദ്ധൃതസൂക്തജാലം പട്ടത്തൊ-
ടുജ്ജ്വലോന്നതമണ്ഡപം തീർത്തു.

മന്നിലെന്നല്ല വിണ്ണിലും വേറി-
ട്ടൊന്നതിൻ മീതെയില്ലാത്തമട്ടിൽ,

വാച്ച ഭക്തിയോടാ മണ്ഡപത്തിൽ
വാക്കിനെപ്പൊക്കിപ്പൂജിച്ചുവെച്ചു.

പേർത്തുപേർത്തിടിവെട്ടും സ്വരത്തിൽ
വാഴ്ത്തറിഞ്ഞു സദസ്സിലശ്ചാദ്യം!—

Digitized By Kerala Sahitya Akademi

"ചൊന്നിട്ടുകൊന്നു സംശയിക്കാനെന്താ
ണന്നിലെന്തുണ്ടു വാക്കിനു മിതെ? ..."

ചുററുപാടും, മിഴികളിൽ ഗർവ്വം
ഏററിനിന്നു, വൈതണ്ഡികൻ നോക്കി.

പുണ്ഡരീകനോടുണ്ടായതിലൊട്ടും
ഖണ്ഡനത്തിനൊരുത്തനും ധൈര്യം.

പോർവിളികൊണ്ടിനിക്കായ്കയാൽ, തെന്താ-
രാവിയുമില്ലനക്കവുമില്ല.

ചെന്നരിയെക്കടിച്ചുകടഞ്ഞു
മണ്ണിലിട്ടടിച്ചാർത്തുള്ളി മാന്തി,
എല്ലുകൾ കാന്തിറച്ചി കഴിച്ചു
പള്ള വീപ്പിച്ചു സംതൃപ്തിയോടെ,
ഉത്തുടസടമാടിയിരിപ്പാ-
ത്യുഗ്രകണ്ഠീരവാഗ്ര്യനെപ്പോലെ,
മണ്ഡിതസ്വേദശേഷം തുടച്ചു-
പ്പുണ്ഡരീകൻ ഞെളിഞ്ഞൊന്നിരുന്നു.

"വിര, നെന്തു വിചാരഗംഭീരൻ!"
വീറൊടൊത്താർത്തു പണ്ഡിതസംഘം.

അപ്രതിമപ്രതാപനാം ഭൂപ-
നരുട്ടതസ്തബ്ധനായ് മുന്നിൽ മേവി.

"അദ്രികല്പനപ്പണ്ഡിതൻ, താനോ
ക്ഷുദ്രമാകും ചിതൽപ്പുററു മാത്രം!"

ലോലലോലമാം ശേഖരഹൃത്തിൽ
തുല്യ പാകിയിക്കുീബ വിഷാദം!

Digitized By Kerala Sahitya Akademi

അന്നു മത്സരമേവം കഴിഞ്ഞു
വന്നവർ പലപാടും പിരിഞ്ഞു!...

## ഏഴ്

വാ തുറന്നൊന്നു മിണ്ടുമ്പൊഴേക്കും
വാദവാർത്തയാണുള്ളതന്നാക്കും.
വാനിലോളമുയർന്നു നാടാകെ
വാശിവാച്ചൊരാ വാഗ്വാദഘോഷം.

"കണ്ടറിഞ്ഞിടാം, നാം തമ്മിലേവം
ശണ്ഠകൂട്ടിയിട്ടെന്തിതിൽ കാര്യം?..."
രണ്ടുകൂട്ടരുമൊന്നുപോലോതി:
"കണ്ടറിഞ്ഞിടാം."—"കണ്ടോളൂ, കാണാം."

"ഒന്നു നിശ്ചയം ശേഖരൻ തോക്കും."
"അന്നു കാക്ക മലന്നുപറക്കും!"

"താനിതിനെക്കുറിച്ചെന്തറിഞ്ഞു?"
"താനറിഞ്ഞതേക്കാളുമറിഞ്ഞു."

"താനറിയും മരക്കൊള്ളികുത്താൻ!"
"താനറിയും വിമാനം പറത്താൻ!"

"താനൊരു വെറും പുല്ലാഞ്ഞിമോറൻ!"
"താനോ?—താനൊരു വില്ലാളിവീരൻ!"

"നിന്നു ചുമ്മാ ചെലയ്ക്കാതെ പോയേ!"
"ഒന്നുപോടാ കൊരയ്ക്കാതെ നായേ!"

"എന്തു ചൊന്നെടാ കൂരാളിമന്താ?"
"മന്തനോ?—മന്തൻ, നോക്കു് നിൻ തന്ത!..."

Digitized By Kerala Sahitya Akademi

വാക്കു മൂത്തു പടക്കങ്ങൾ പൊട്ടി
വാശി വീപ്പിച്ചതച്ചെവിക്കററി.
ആളുകൾ കൂടി, മദ്ധ്യസ്ഥരെത്തി-
ത്തോളുരച്ചത്തു പൊരുത്തപ്പെട്ടത്തി!

തൊട്ടടുത്ത ദിവസം സദസ്സി-
ലൊട്ടുപേർ പുത്തനായ് വന്നണഞ്ഞു.
എന്തു തിക്കം, തിരക്കും, വഴക്കും
ഹന്ത, വീപ്പിടാൻപോലും ഞെരുക്കം!
മണ്ണിട്ടുകിലും ചോരാത്ത മട്ടിൽ
മണ്ഡപത്തിൽ നിറഞ്ഞു ജനങ്ങൾ.
ശാലയിലില്ല സൂചികടത്താൻ-
പോലുമല്പമിടമൊരിടത്തും.
ഭിത്തികാഗ്രതടങ്ങളി,ലങ്ങി-
ങ്ങുത്തരങ്ങളിൽ, ജാലകത്തട്ടിൽ,
നിന്നൊതുങ്ങിയും തൂങ്ങിയും തങ്ങി
വന്നു മുററിയ മത്ത്യപ്രവാഹം!

മന്നവേന്ദ്രനെ വന്ദിച്ചെഴുന്നേ-
ററന്നു ശേഖരനാദ്യമായ് പാടി.

ആ മനോഹരഗാനം വരച്ചു
ശ്യാമസുന്ദരവൃന്ദാവനാന്തം;
ചിത്തമാദകചൈത്രവിലോലം
ചിത്രശീതളയാമുനകൂലം;

Digitized By Kerala Sahitya Akademi

മന്ദമാരുതചുംബിതശ്വേത-
ചന്ദ്രികാവൃതയാമിനീകാലം;

വിണ്ണിൽ വെൺമുകിൽ വീപ്പിട്ടു പുല്ലി
മിന്നിനിന്നിടും താരകജാലം;

അന്തരീക്ഷത്തിൽ മന്ദിതസ്പന്ദം
ചിന്തിടും നേർത്ത ചമ്പകഗന്ധം!—

എങ്ങുനി,ന്നെങ്ങുനി,ന്നെങ്ങുനിന്നീ
മംഗളാലാപമാവിർഭവിപ്പൂ?—

സ്വാപകൗതുകംപോലും മറന്നു
ഗോപകന്യകൾ മുററത്തു വന്നു—

എങ്ങുനി,ന്നെങ്ങുനി,ന്നെങ്ങുനിന്നീ
മംഗളാലാപമാവിർഭവിപ്പൂ?—

നീലലോലാളകാവലി മാടി
നാലുപാട്ടമുഴന്നവർ നോക്കി—

"മന്നിൽ വിണ്ണി,ലെവിടെനിന്നൂറി
വന്നിടുന്നതാണീ വേണുഗാനം?

മന്ദമങ്ങിങ്ങു വീപ്പിട്ടലാത്തും
തെന്നലിൻമുഗ്ദ്ധഹൃത്തിൽനിന്നാമോ?

അദ്രിശൃംഗത്തിലെത്തിയലയു-
മഭ്രഖണ്ഡശതങ്ങളിൽനിന്നോ?

കർമ്മപുഷ്ടിതമായിട്ടമേതോ
നമ്മസങ്കേതസൂചനയോടേ,

പൊന്നുഷസ്സിൻെറ നാട്ടിൽനിന്നൂറി
വന്നിടുന്നുവോ വണ്ണഗംഗേ, നീ?

Digitized By Kerala Sahitya Akademi

വേഗം പേപ്പി തമോമയിട്ടമേതോ
വേദനതൻ നെട്ടവീർപ്പുമേന്തി,

അന്തിതൻ വക്കിലൂടൊലിച്ചെത്തി-
ച്ചിന്തിടുവതോ രാഗസുധേ, നീ?

ശർവ്വരിതൻ കിനാവുകൾ സർവ്വം
ദിവ്യസംഗീതധാരയിൽ മുക്കി,

ലാലസിക്കയോ വേണുവിൻരന്ധ്ര-
ജാലമോ, താരകങ്ങളേ, നിങ്ങൾ?

പുഷ്പവാടങ്ങൾ, കൈദാരകങ്ങൾ,
ശഷ്പശായിതശാദ്വലാങ്കങ്ങൾ;

പൂത്ത കായ് കനിത്തോപ്പുകൾ, ഹർഷം
ചാർത്തുമേകാന്തസൈകതകങ്ങൾ;

നീളെ നീളെയൊലിച്ചുപോം, വിണ്ണിൻ
നീലിമതൻ തരംഗരംഗങ്ങൾ,

നിർജ്ജനശ്ശൃംഗധരാധ്യകളോളം
പിച്ചവെച്ചുപോം പച്ചകളേവം

എങ്ങുനിന്നു ഞൊടിക്കകം പൊട്ടി-
പ്പൊങ്ങി മാത്സരസംഗീതമേ, നീ!

സാരമെന്തിതിനാരതറിഞ്ഞു
ചാരുഗാനമേ ഞങ്ങൾ വലഞ്ഞു!..."

എന്തിനോവേണ്ടി ദാഹിച്ചുദാഹി-
ച്ചന്തരംഗമവയ്ക്കു തളർന്നു.

എന്തിനെന്നു പറഞ്ഞറിയിക്കാൻ
ഹന്ത, വാക്കില്ലവയ്ക്കെന്തുചെയ്യും!

Digitized By Kerala Sahitya Akademi

ഭംഗിയുമൊത്തവരുടെ കണ്ണിൽ-
ത്തൊങ്ങിനിന്നു, ഹാ, കണ്ണീർക്കണങ്ങൾ!

"ഇന്നീ ജീവിതപൂർണ്ണിമയിങ്ക-
ലൊന്നു ഞങ്ങൾ മരിച്ചിരുന്നെങ്കിൽ!

എന്തു നിർവൃതി!..." കണ്ണുകൾ കൂമ്പി,
ചെന്തളിരിൽ നിലാവു വിതുമ്പി,

സ്വപ്നതുല്യമസ്സംഗീതകേന്ദ്രം
ലക്ഷ്യമാക്കി നടന്നവർ പോയി.

കണ്ണൊട്ടവിൽ തുറക്കവേ—നില്പൂ,
കണ്ണനു മുൻപിൽ, പൂമരച്ചോട്ടിൽ!

കന്ദളിതമദാലസയാമ-
ക്കണ്മണി രാധ തോൾചേർന്നു നില്പൂ.

ഹാ, വലംകാലൊരല്പം മടങ്ങി-
പ്പൂവെതിരിടംകാൽത്തണ്ടുരുമ്മി;

തെല്ലിടംഗളം ചാ,ഞ്ഞംഗുലികൾ
ലല്ലലല്ലലം തത്തിക്കളിക്കെ,

ചുണ്ടിലോടക്കുഴൽ ചേർന്നു, ഹർഷം
ചെണ്ടിട്ടമൊരു പുഞ്ചിരിയോടെ;

താളമൊപ്പിച്ചു പീലിയിളകി-
ച്ചേലിലാ വനമാലകളാടി;

ഗാനധാരയിൽ വിശ്വം മയക്കി
വേണുഗോപാലനങ്ങുല്ലസിപ്പൂ!

കാൽക്ഷണത്തിലത്താളക്രമത്തിൽ
കാൽച്ചിലമ്പൊലി ചുററിലും വീശി,

Digitized By Kerala Sahitya Akademi

വെമ്പിയൊന്നിച്ചു കൈകോർത്തലഞ്ഞ-
ച്ചെമ്പകാംഗികൾ വട്ടമിട്ടാടി;

നീലനീരദരേഖയ്ക്കു ചുററും
ലോലചഞ്ചലാലേഖകൾപോലെ,

കല്യമംഗല്യരാത്രിക്കു ചുററും
കന്യകതൻ പ്രതീക്ഷകൾപോലെ!

ജ്ഞാനകന്നോരവസ്ഥയെച്ചുററി
ജ്ഞാനഭക്തികർമ്മങ്ങളെപ്പോലെ!

വെണ്ണിലാവിൻെറ വെണ്മ വളർന്നു
കണ്ണിമയ്ക്കാതെ താരകൾ നിന്നു.

ഓളമൊന്നോടൊതുക്കിയൊരോമൽ-
ച്ചോലപോലാ യമുനയൊലിച്ചു.

ചുററഴിഞ്ഞു ലതാവലി താഴെ-
യ്ക്കുററുവീണേററു മൊട്ടിട്ടു നിന്നു.

തെന്നലുംകൂടി നിശ്ചലമായി
മന്നലിഞ്ഞലിഞ്ഞില്ലാതെയായി!—

ഒന്നുമാത്രമു,ണ്ടാ വേണുഗാന-
സ്പന്ദിതമായ നാദപ്രപഞ്ചം!...

ശേഖരഗാനമീവിധം മുക്തി-
മേഖലയിലേയ്ക്കാത്മാവുയർത്തി.

അസ്സുഭാഗ്യഹം, രാജാ,വതിലീ
മത്സരം, മഹാമാത്ത്യസമൂഹം,

Digitized By Kerala Sahitya Akademi

അപ്രമേയപ്രധീയ്യതനായോ-
രപ്രതിദ്വന്ദ്വി, പണ്ഡിതസംഘം,

തത്സമാധിയിൽ സർവ്വം മറന്നു
ചിത്സുഖത്തിലാ ഗായകൻ നിന്നു!

ചഞ്ചലഗ്രീഷ്മ വായുവിൽ,ത്തത്തി-
ക്കൊഞ്ചിടും പച്ചിലകളെപ്പോലെ,

ചുററിലുമുള്ള, ചിന്തകൾക്കെല്ലാ-
മൊത്ത മധ്യത്തിലൊററയ്ക്കു മേവി,

പ്രാണവേണുവിൽക്കൂടിയപ്രേമ-
ഗാനധാര പകന്നു കവീന്ദ്രൻ!

നിന്നിട്ടുന്നില്ല തൻ തോളുരുമ്മി-
ദ്ധന്യയാമൊരു രാധികമാത്രം.

എങ്കിലും തൻ മനസ്സിനു മുൻപിൽ
തങ്കിടുന്നൊരാ മഞ്ഞത്തിരമേൽ,

വീണ നീലനിഴൽപാടിൽനിന്നും
ചേണെഴുമൊരു മംഗളരൂപം,

വ്യക്തമല്ല—മുഖപടം മാററാ-
തുത്ഭവിപ്പൂ, ഹാ, സ്വപ്നസമാനം!

കാൽത്തളിർവെപ്പിൽ ദൂരെനിന്നേതോ
നേർത്തുനേർത്തൊരു ശിഞ്ജിതം കേൾപ്പൂ!...

നിന്നു ഗാനം—ഇരുന്നു കവീന്ദ്രൻ
മുന്നിലൊക്കെ പ്രതിമകൾ മാത്രം!

ഉണ്ടൊരാൾക്കു ചലനം—മഹാന-
പ്പുണ്ഡരീകൻ, മഹാഭാഗ്യശാലി!

Digitized By Kerala Sahitya Akademi

ചത്ത്യലക്ഷമുണന്നു—പെട്ടെന്ന-
സ്വപ്നലോകവുമെങ്ങോ പറന്നു.

വർണ്ണനാതീതമാമൊരാനന്ദം
തന്നിൽനിന്നൂറുമേതോ വിഷാദം;

ഉല്ക്കട,മപ്രമേയ,മവ്യക്തം
ഉൾക്കളത്തിലുലാവിയുലാവി,

ഹസ്തതാഡനംചെയ്യുവാൻപോലും
വിസ്മരിച്ചു വിറച്ചവർ നിന്നു.

അത്രമേലൊരനുഭൂതിയുൾച്ചേ-
ന്നദ്ധസുപ്തിയിലാണ്ടുപോയ് ഭൂപൻ...

തെല്ലുനേരം കഴിഞ്ഞീ വികാരം
മെല്ലെ മാഞ്ഞുമറഞ്ഞതിൻശേഷം,

പുണ്ഡരീകനെഴുന്നേററു രാജ-
മണ്ഡപാഗ്രേ നിവന്നൊന്നു നിന്നു.

"വിസ്തരിച്ചൊന്നു ചൊല്ലിടുകാരാ-
ണിത്ര കീത്തിച്ചൊരിക്കമിതാക്കൾ?..."

ആഞ്ഞെറിഞ്ഞിതിച്ചോദ്യം കവിത-
ന്നാനനത്തിലാ വാദപ്രവീണൻ.

ഒന്നുമോതീല ശേഖര,നൊന്നു-
മുന്നയിക്കാൻ തനിക്കില്ല തത്ത്വം.

കാളിടുന്നോരഹന്തയിൽ,ച്ചൂഴ-
മാളുകൾതൻ മുഖത്തുററുനോക്കി,

ഭക്തശിഷ്യസമൂഹത്തിനത്ഥം-
വെച്ചു കണ്ണാലൊരുത്സവമേകി,

Digitized By Kerala Sahitya Akademi

പിന്നെയും ജനമദ്ധ്യത്തിലേക്ക-
പ്പണ്ഡിതനെട്ടത്തെററിയച്ചോദ്യം:

"കാമുകൻ കൃഷ്ണനാരാണു നേരിൽ-
ക്കാമുകിയാമാ രാധയുമാരാം?..."

ശബ്ദമില്ല!—അശ്ശാബ്ദികൻ വേഗം
ശക്തിയായൊന്നു കൈക്കലിച്ചാർത്തു.

പിന്നെ ഗംഭീരഗൗരവത്തോടേ
നിന്നുറക്കെ പ്രസംഗം തുടങ്ങി.

ആ മനോഹരനാമദ്വയത്തെ—
പ്രേമസൗന്ദര്യസാരോദയത്തെ—

ബുദ്ധിതൻ കത്തി കുത്തിയിറക്കി-
ബ്ബദ്ധവീര്യം പിളർത്തി മലർത്തി,

ധാതു കിട്ടുവാൻ ചിക്കിച്ചികഞ്ഞു
വീതശങ്കം മദിച്ചിതാ ജ്ഞാനം!

ശക്തിചെയ്യൊരശ്ശസ്ത്രക്രിയതൻ
യുക്തിവൈഭവം സാധൂകരിക്കാൻ,

പാണിനി,യപ്പതഞ്ജലി, വ്യാസൻ,
ബാണഭട്ട,നശ്ശങ്കരാചാര്യൻ

എന്നുവേണ്ടെത്ര ദീക്ഷിതന്മാരാ-
ണന്നിറങ്ങിയതാ നാവിലൂടെ!

എട്ടുപത്തർത്ഥമാന്ന ധാതുക്കൾ
കട്ടകെട്ടിയതാണുപോൽക്കൃഷ്ണൻ!—

നാവുകൊണ്ടു നിമിഷത്തിനുള്ളി-
ലേവമുൽക്കടപാടവമോടേ,

Digitized By Kerala Sahitya Akademi

മല്ലവൈരിതൻ കണ്ഠമൊരൊററ-
ത്തല്ലിലക്കവിമല്ലനൊടിച്ചു!

നന്ദനന്ദനൻ കൃഷ്ണൻ മരിച്ചു
സുന്ദരനായ കൃഷ്ണൻ മരിച്ചു—

അത്ഥസമ്പുഷ്ടമായ, കൃഷ്ണൻത-
ന്നസ്ഥിക്കൂടമൊന്നങ്ങുയർന്നേററു!...

ആ മനോഹരഗാനത്തിൽ മുൻപ-
പ്രേമസാന്ദ്രയായ് സ്പന്ദിച്ച രാധ—

പുല്ലണിഞ്ഞ യമുനാതടത്തി-
ലുല്ലസൽപ്പൊൻകടമ്പിൻ ചുവട്ടിൽ;

ഫുല്ലശൈവലശീതളമാകും
നല്ല നീലശിലാതലമൊന്നിൽ;

കാന്തി ചിന്തുമക്കാൽത്തളിർ പുല്കാൻ
നീന്തിയോളങ്ങൾ വന്നെത്തിനിൽക്കേ,

അന്തിമാരുണകാന്തിയിൽ മുങ്ങി-
ക്കുന്തളാവലി കെട്ടഴിഞ്ഞു ചിന്നി,

ചെന്തളിർച്ചുണ്ടിൽ മന്ദസ്മിതമൊ-
ന്നെന്തിനോ വന്നലസമായ്ത്തങ്ങി,

അല്ലിലോടക്കുഴൽ വിളിച്ചെത്തും
വല്ലഭൻെറ കഴുത്തിലണിയാൻ,

പിച്ചിമാല കൊരുത്തുകൊ,ണ്ടോമൽ
സ്വപ്നവും കണ്ടിരുന്നൊരാ രാധ—

മഞ്ജുഹേമന്തചന്ദ്രികയിങ്കൽ
മന്മഥവ്യഥയേന്തിയ രാധ—

Digitized By Kerala Sahitya Akademi

അന്യഗോപികാസംഗമശങ്കാ-
ജന്യഖേദപരവശയായി,

വൃഷ്ണിവംശശ്രീചക്രികനാമ-
കൃഷ്ണനോട്ട പിണങ്ങിയ രാധ—

നീലവേണിയഴിച്ച വിതുക്കും
ശ്രീലകാളിന്ദിതൻതടഭൂവിൽ;

പൂത്തുമേളിച്ച വൃന്ദാവനത്തിൽ
പൂനിലാവല ചിന്നിയ രാവിൽ;

വാസുദേവനുമൊത്തൊരുമിച്ച
രാസകേളികളാടിയ രാധ—

വിശ്വനായികമാക്കൊരു ശീർഷ-
മൗക്തികമാം മദാലസ രാധ—

വിശ്വനാഥൻെറ ഹൃത്തിനെപ്പോലും
വിഭ്രമിപ്പിച്ച സൗന്ദര്യധാര—

മോഹബദ്ധമീ ലോകത്തിലെന്നും
സ്നേഹദീപമായ് മിന്നുമാ രാധ—

അത്ര മോഹിനി രാധതൻമാറിൽ
ക്കത്തിതാഴ്ത്തിയക്കററവയോധൻ!

ഹന്ത, കഷ്ടം,മപ്പൂവുടൽപോലും
ചീന്തിമാന്തിയക്കൗശികവ്യാധൻ!

ധാതുമൂല,മപ്പ്രേമസർവ്വസ്വം
പ്രേതമായ് പ്രാണനാഥനോടൊപ്പം!

കോട്ടവായിട്ടടിമുടിവേത്ത-
ക്കോട്ടനില്ലുവോർ കണ്ണുമിഴിച്ചു;

Digitized By Kerala Sahitya Akademi

ഹസ്തതാഡനഘോഷം മുഴക്കി
ബദ്ധകൗതുകം ശീഷം കുലുക്കി,

മേളമോടെ, മതിമറന്നേവം
മേവി മുന്നിലപ്പണ്ഡിതസംഘം.

ഒത്തുചേർന്നിതവരോടൊന്നിച്ചാ
മർത്ത്യപാകതിയുമുത്സാഹപൂർവ്വം

"എന്തു പാണ്ഡിത്യ,മമ്പോ!"—ജനങ്ങൾ-
ക്കന്തരംഗത്തിലത്ഭുതംപൊട്ടി.

"എന്തു വേദജ്ഞ,നെന്തു ഗംഭീരൻ,
എന്തു താർക്കിക,നെന്തൊരു വാഗ്മി!

കഷ്ടം,മീ വടവൃക്ഷത്തിനോടോ
പുല്ക്കൊടി നില്പു, മത്സരിച്ചീടാൻ!..."

ആർത്തു കൈയടിച്ചുച്ചത്തി,ലുള്ളി-
ലോർത്തിതേവമാ മാനവയൂഥം.

സത്യമുള്ളിലൊതുക്കി മറച്ചു
നിർത്തിയോരത്തിരശ്ശീലയെല്ലാം,

കെട്ടു പൊട്ടിച്ചു കീറി നിലത്തേ-
ക്കിട്ടനില്പിതപ്പണ്ഡിതരാജൻ!

ഇന്നൊരു തടവില്ലാതെ തങ്ങൾ
മുന്നിൽ നേരിട്ടു കാണ്മിതസ്സത്യം!

വാച്ച ഗർവ്വിലച്ചക്രാടകൻതൻ
വാക്കുകൊണ്ടുള്ള കമ്പക്കുത്താട്ടം;

അമ്പരപ്പിച്ചു മർത്ത്യരെയൊന്നോ-
ടിമ്പമാർന്നവരേററം രസിച്ചു.

Digitized By Kerala Sahitya Akademi

അപ്രകാരം മുഴങ്ങി, ഹാ, മേന്മേ-
ലത്ഭുതത്തിന്റെ കൂട്ടക്കുററാരം!

കാണിയും സത്യമൊന്നതിൻപിന്നിൽ
കാണുമോ?—വെറും കമ്മട്ടമാണോ?

ശേഖരോന്മാഥിയാം വീരനിന്നൊ-
രാഖനികബകൻമാത്രമാണോ?—

കൂടിനില്ലോരതാരാഞ്ഞറിയാൻ
പാടുപെട്ടി,ല്ലവക്കെന്തു കാര്യം!

അത്രമാത്രമാവേശകമാകു-
മത്ഭുതംകൊണ്ടു കല്പിച്ച ഭൂപൻ.

ഹന്ത, പാട്ടിൽ മയക്കംപിടിച്ചോ-
രന്തരീക്ഷത്തിനന്തരം കിട്ടി.

സ്വപ്നമൊക്കെപ്പറന്നു—യാഥാർത്ഥ്യം
തപ്പടിച്ചു പടയണി തുള്ളി

ആ മരതകപ്പച്ചകൾ പോയി
ഭൂമിയിൽക്കട്ടക്കല്ലാതയായി!

വാങ്മയഗന്ധമാദനത്തിങ്കൽ
വായുനന്ദനൻ ഭീമനെപ്പോലെ,

കണ്ട കല്ലും മരങ്ങളും തല്ലി-
ത്തുണ്ടുതുണ്ടാക്കി ദൂരത്തു തള്ളി,

വാദവീര്യഗദയും ചുഴററി
വാടിടാതെ ഗമിച്ചോരാ വീരൻ!—

തത്സമീപത്തു ശേഖരൻ മാട-
ത്തത്തതന്നിളംകുഞ്ഞുപോൽത്തോന്നി!

Digitized By Kerala Sahitya Akademi

"എന്തു ഗാനങ്ങൾ സാധാരണങ്ങൾ
ചിന്തയില്ലതി,ലില്ലൊരു ചക്രം.

ഒററവാക്കുമില്ലത്ഥമറിയാ-
നൊത്തിടാത്തതായ്—കാവ്യമിതാണോ!

ഇല്ലതിങ്കൽ പുതുമയശേഷം
ഇല്ല ലേശവും ധർമ്മോപദേശം.

കാൽക്കഴഞ്ഞു സംഗീതം കുഴച്ച
കാമജല്പനം കാവ്യമാണെന്നോ?

എന്തിനാണതു ലോകത്തി,നയ്യോ!
ഹന്ത, താനെന്തതോത്തീലിന്നോളം?

വേണമെങ്കിൽത്തനിക്കുമെഴുതാ-
മാനിലക്കുള്ളൊരായിരം ഗാനം.

ഒന്നുമാത്രം, മിനക്കെട്ടതിനാ-
യുന്നിയില്ല താൻ—അല്ലെങ്കിലിപ്പോൾ..."

മന്ത്രശാലയിലോരോ മനസ്സും
മന്ത്രണംചെയ്തിതീഷ്യയോടേവം.

ചിന്തയിൽനിന്നുണന്നു വീരാന്തി-
ട്ടന്ത്യമായൊരു കൈയൊന്നു നോക്കാൻ,

ക്ഷോണിപൻ കാവ്യകൃത്തിനെത്തൻ കൺ-
കോണുവെച്ചൊന്നുയത്തുവാൻ നോക്കി.

ഒത്തതി,ല്ലനങ്ങീ,ലൊരു ബിംബം
കൊത്തിവെച്ചതോ?—കോപിച്ചു ഭൂപൻ.

"എന്തു ഭോഷനിശ്ശേഖരൻ!"—ഏവം
ചിന്തയോടേററനുഭാവപൂർവ്വം,

Digitized By Kerala Sahitya Akademi

ഉജ്ജ്വലാഭം ഗളത്തിൽ തിളങ്ങും
വജ്രമാല്യമെട്ടത്താത്തവേഗം,

പുണ്ഡരീകൻെറ കണ്ഠത്തിലിട്ടു
മണ്ഡലം കൈയടിച്ചടിച്ചാർത്തു!

അത്തുമുലപ്പുളപ്പിൽ കല്യങ്ങി
കുഡ്യകുട്ടിമസ്തംഭകീർണ്ണങ്ങൾ...

ആ വിജയകോലാഹലം പൊങ്ങി-
ത്താവിയല്പാല്പമായ് സ്വയം താണു.

ഭിത്തികാഗ്രപ്പുറയില്ലിയിങ്കൽ-
ത്തത്തുമക്കിണ്ണുകുഞ്ചലജാലം,

മിന്നിയപ്പൊഴും—പിന്നിൽനിന്നെത്തി
സന്നമാം വസ്ത്രധൂനനനാദം.

മാലകൾ മണിമഞ്ജീരകങ്ങൾ
ലോലമായ്പ്പെയ്ത ശിഞ്ജാരവങ്ങൾ!—

കോൾമയിർക്കൊണ്ടു ശേഖരനേററു
കോമളമാം സഭാഗൃഹം വിട്ടു!...

## എട്ട്

തോററു ശേഖരൻ!—അന്തി വന്നോതി-
ക്കേട്ടമാത്രയിക്കണ്ണുനീർ പൊട്ടി,

മുന്നിരുട്ടും പുതച്ചു വന്നെത്തി
മന്നിടത്തിലഗ്രീഷ്മാന്തരാത്രി!

പുണ്ഡരീകൻെറ ജൈത്രാടനത്തിൽ
ഢുണ്ഡുലാവലി കൈമണി കൊട്ടി.

Digitized By Kerala Sahitya Akademi

മന്ദത വിട്ട ജംബുകവൃന്ദം
ദുന്ദുഭാച്ചണ്ഡനാദം മുഴക്കി.

കച്ചുകീടശ്രുതിയിടകൂടി
കങ്കശായങ്ങൾ കാഹളമൂതി.

രണ്ടു പുള്ളൊപ്പമമ്പയിട്ടാർത്തു
കുണ്ടുമാക്രികൾ രവമുയർത്തി.

ഇന്ദ്രഗോപങ്ങൾ പന്തം കൊളുത്തി
കന്ദളങ്ങൾ കളിമ്പക്കൂത്താടി.

ഏവമാടോപഘോഷങ്ങളൊത്ത-
ന്നാവിധാനഗനപ്പുരം വിട്ടു!...

അക്കുടിലിനകത്തതാ കാണ്മൂ,
പൊൽക്കതിരുകൾ പൂത്തൊരു ദീപം;

മുററി മുറ്റും വിഷാദപ്പടപ്പിൻ
കുററിരുട്ടിൽ മനശ്ശക്തിപോലെ!

ദുർവ്വിധിക്കാററതുതിക്കെടുത്താൻ
സവ്വയത്നവും ചെയ്യുകയാണോ?

ഏഡുകോപാന്തപേടകംതന്നി-
ലീടെഴുംമാററുക്കിയടുക്കി,

വെച്ച കൈപ്രതിക്കെട്ടുകളെല്ലാം
തച്ചുടച്ചിട്ടു താഴെക്കവീന്ദ്രൻ.

എന്തതെന്താണവയിൽച്ചിലതിൽ?—
ഹന്ത, തൻ ബാല്യകാലകാവ്യങ്ങൾ!—

ജീവിതത്തീവെയിലല്ല, ശൈത്യം
താവിടും കാല്യകാലസ്മിതങ്ങൾ!

Digitized By Kerala Sahitya Akademi

അക്കൃതികളെത്താനിന്നു, കഷ്ടം,
മിക്കവാറും മറന്നിരിക്കുന്നു!

ഏട്ടുകൾ മറിച്ചൊന്നതിലങ്ങി-
ങ്ങോടിയോടിച്ചു വായിച്ചുനോക്കി.

ഒക്കെയോട്ടകൾ, തൊണ്ടുകൾ, പൊട്ട-
ക്കക്കകൾ!—വെറും കുട്ടിക്കളികൾ!

ആളിട്ടുന്നോരവജ്ഞയാലൊക്കെ-
ത്താളുതാളായ് വലിച്ചുടൻ ചീന്തി.

മുന്നിലാളും നെരുപ്പോടിനുള്ളി-
ലൊന്നിനൊന്നിട്ടെരിച്ചു കവീന്ദ്രൻ.

ചർവ്വണംചെയ്തു തീയതുത്തപ്ത-
യൗവനത്തിൻ പിപാസകൾപോലെ!

പിന്നെയത്യന്തവേദനയോടേ
ചൊന്നിതിത്ഥമജ്ജ്വാലകൾ നോക്കി:

"അഗ്നിപുഞ്ജമേ, നിഷ്ഫലമായ് നി-
ന്നിത്രനാളുമെൻ ഹൃത്തിൽ നീ കത്തി,

മന്ദഭാഗ്യനായ് നിൻമുന്നിലിന്നെൻ-
മഞ്ജിമേ, മനം നൊന്തു ഞാൻ നില്പൂ,

അർപ്പണംചെയ്വൂ ഞാൻ നിനക്കായെ-
ന്നർത്ഥശൂന്യമാം സ്വപ്നങ്ങളാര്യേ!

ഈ മഹിയിലെൻജീവിതം,മയ്യോ,
ഹേമലേശമൊന്നായിരുന്നെങ്കിൽ,

തൽപരീക്ഷയിൽ മാറ്റേറെയേററി-
ന്നുജ്ജ്വലിച്ചീടുമായിരുന്നല്ലോ!

Digitized By Kerala Sahitya Akademi

അല്ലതു വെറും പുല്ലാം,ണണക്ക-
പ്പുല്ല്. ചികിച്ചാച്ചിട്ട പുല്ല്!
ആയതിലിനി ബാക്കിയായുള്ള-
തീയൊരുപിടിച്ചാമ്പല്യ മാത്രം!
അശ്മരാത്മവസുന്ധരേ, കൈക്കൊൾ-
കസ്മദഗന്യമീ യജ്ഞഭസ്മം!..."
നാഴികകൾ കടന്നുപോയ്—ദീപ-
നാളമാളിപ്പിടയുന്നു കാററിൽ!

വീട്ടിലുള്ള വിളക്കുകളെല്ലാം
കോട്ടമററെട്ടുത്തെണ്ണ പകർത്തി,
പട്ടുനൂൽത്തിരിയിട്ടൊക്കെ നീട്ടി-
പ്പൃഷ്ടമോദം കൊളുത്തീ കവീന്ദ്രൻ.
ജാലകങ്ങൾ തുറന്നിട്ടു—കാററിൽ-
ച്ചൂളമിട്ടാടിനില്പൂ മരങ്ങൾ!
സ്വർണ്ണരശ്മികൾ പാവീട്ടിരുട്ടിൽ
മിന്നിയാ ദീപമാലകൾ മുന്നിൽ
അഷ്ടഗന്ധം പുകച്ചു, തല്പത്തിൽ-
പ്പട്ടുവിരുത്തു നിവർത്തി വിരിച്ചു;
മുല്ലമൊട്ടുകൾ, വെൺപനീർപ്പൂക്കൾ
ഫുല്ലമല്ലികാപുഷ്പങ്ങ,ളേവം,
പ്രീതിയേററം തനിക്കിയന്നോര-
ശ്വേതപുഷ്പങ്ങളെല്ലാമൊരുക്കി,
ഒട്ടധിക,മാ മിന്നി മിനുത്ത
പട്ടുമെത്തയിൽ വാരി വിതറി.

Digitized By Kerala Sahitya Akademi

പിന്നെ,യേതോ വിഷച്ചെടിവേരിൽ-
നിന്നു ഞെക്കിയെടുത്തതാം നീരിൽ,
തേനൊഴിച്ചിട്ടു,തുററിക്കുടിച്ചു-
ഗ്ഗാനലോലൻ കിടന്നു തല്പത്തിൽ!...

പാരമാസ്യം വിളറിത്തളർന്നു
ചാതിരാക്ഷീണചന്ദ്രൻ കിളർന്നു.
കാററിലാ മരച്ചാർത്തൊന്നുലഞ്ഞു
കാട്ടുപക്ഷിയൊരുന്നതോ കരഞ്ഞു!...

അമ്മലരണിമുററത്തൊരേതോ
പൊന്മണിക്കാൽച്ചിലമ്പൊലി കേൾപ്പൂ.
തെന്നലിൽ നീന്തി നീന്തിയാ മച്ചിൽ
വന്നൊരു നേർത്ത സൗരഭം നില്പൂ.
ശേഷിയററു, മിഴി തുറക്കാതേ
ശേഖരനിദം ചോദിച്ചു മന്ദം:
"എത്ര കാലമാ,യിന്നെങ്കിലുമി-
ബ്ഭക്തദാസനിലുൾക്കനിവേന്തി,
ഒന്നവനെയനുഗ്രഹിച്ചീടാൻ
വന്നിതോ നീയൊട്ടുവി,ലെൻ ദേവി?..."

"വന്നു ഞാൻ, കവിരത്നമേ!..." ലജ്ജാ-
സന്നതന്വരമൊന്നു മന്ത്രിച്ചു.

Digitized By Kerala Sahitya Akademi

ംകെട്ടണഞ്ഞ വിളക്കുകൾ, ധൂപ-
ക്കുററിക,ളേകവിഫലദീപം!

ഹാ, നിലമാകെച്ചിന്നിച്ചിതറി
വീണു വാടിക്കിടക്കുന്ന പൂക്കൾ!

ഒത്തമധ്യത്തിൽപ്പട്ടടപോലെ
കത്തിനീറിയടങ്ങിയ ചാരം!...

കണ്ണു ശേഖരൻ ചിമ്മിത്തുറന്നു
മുന്നിലാരിതൊ,രംഗനാരൂപം!

കാണുവാനുള്ള കെല്പൊക്കെ മങ്ങി
കാമിനിയവളാരായിരിക്കും?

ചിത്തമാം മണിശ്രീകോവിലിൽത്താ-
നിത്രകാലവും പൂജിച്ച രൂപം;

നേത്ത നീലനിഴൽപ്പാടിൽനിന്നും
വാർത്തൊരുജ്ജ്വലവിദ്യുത്സ്വരൂപം;

തന്നവസാനയാത്രയിൽ,ക്കാണാൻ
വന്നതല്ലല്ലി ബാഹ്യലോകത്തിൽ?...

നാവെട്ടക്കുഴയും സ്വരത്തി-
ലാ വിധിഹതൻ ചോദിച്ചു മന്ദം:

"മായ മഞ്ഞ പിഴിഞ്ഞു ഞെറിഞ്ഞോ-
രാ യവനിക നീങ്ങിയോ, മുഗ്ദ്ധേ?

സത്യമോതണേ, നീയെൻെറ സാക്ഷാൽ
മൃത്യുദേവതയല്ലയോ ഭദ്രേ?..."

Digitized By Kerala Sahitya Akademi

"അ,ല്ലജിതകുമാരി ഞാൻ!..." മെല്ലെ-
ച്ചൊല്ലിയുല്ലസദ്വല്ലകീവാണി.

പാരവശ്യം വളർന്നു, കവീന്ദ്രൻ
പാട്ടുപെട്ടൊന്നെഴുന്നേററിരുന്നു.
മഞ്ഞവർണ്ണയവനികയിന്മേൽ
മഞ്ജുളമഴവില്ലുകളാടി.

മന്ദമന്ദമതങ്ങനെ നീങ്ങി—
മന്ദഭാഗ്യൻെറ കണ്ണുകൾ മങ്ങി!
ശിഞ്ജിത ദുകൂലാഞ്ചലനാദ-
രഞ്ജിതസ്വപ്നരൂപിണിയായി,
സർവ്വസന്താപഭഞ്ജകമാകും
നിർവൃതിതൻ പരിമളം വീശി,
ദേവദുർല്ലഭമാകുമൊരാർദ്ര-
ഭാവസാന്ദ്രമൃദുസ്മിതം പൂശി,
വന്നതാ, ദിവ്യകല്യാണരശ്മി
മുന്നിൽ നില്ക്കുന്നു, സൗന്ദര്യലക്ഷ്മി!

തജ്ജഡിതശ്രുതിപുടംതന്നി-
ലുജ്ജ്വലാപാംഗി മന്ത്രിച്ചിതിത്ഥം:
"മത്സരത്തിൽ വിജയമങ്ങേയ്ക്കാ-
ണത്സുകയാണു ഞാനിതൊന്നോതാൻ!
നീതിയായില്ല ചെയ്തതിന്നച്ഛൻ
നീരസം തോന്നരുതതിൽ, ദേവ!

Digitized By Kerala Sahitya Akademi

അങ്ങതൻ മൃദുഹൃത്തിൽനിന്നൂറി-
പ്പൊങ്ങിടും ഗാനമെന്തൊരു ഗാനം!

എത്ര ലോകം തപസ്സുചെയ്താലാ-
ണൊത്തിടുന്നതൊരിക്കലിസ്സുബ്ബം!

ഉത്തമകവേ, നന്നായറിവൂ
ഹൃത്തിൽ ഞാനതിൻ ദിവ്യമഹത്വം!

ഇങ്ങിതാ നില്പൂ ഞാ,നിന്ഗളത്തിൽ
മംഗളജയമാല്യമണിയാൻ!..."

കോമളാംഗി, തൻ കണ്ഠത്തിൽനിന്ന-
ക്കുമലർമാല കൈയിലെടുത്തു.

രോമഹർഷപരവശയായി-
ട്ടാ മഹാൻതൻ ഗളത്തിലണിഞ്ഞു!

ശിഞ്ജിതങ്ങൾ!—കവിയുടെ കണ്ഠ-
മൊന്നു ചാഞ്ഞു...മിഴികൾ മറിഞ്ഞു:

"വൈകി, ദേവി..." മുഖത്തുടനേതോ
വൈകൃതം വന്നു...വൈഖരി നിന്നു.

ഉത്തരക്ഷണമക്കവിവര്യൻ
മെത്തയിന്മേൽ മരവിച്ചുവീണു!

കെട്ട ദീപം!—നിഴൽച്ചുരുൾക്കുന്തൽ-
ക്കെട്ടഴിഞ്ഞു നിലാവു കരഞ്ഞു!...

★

Digitized By Kerala Sahitya Akademi

# യവനിക

## ചങ്ങമ്പുഴ

"വികാരസംക്രമണമാണ് കലയുടെ ജീവനെങ്കിൽ സാമാന്യജനങ്ങളെ വികാരഭരിതരാക്കിത്തീർത്ത മഹാകവി ചങ്ങമ്പുഴയെ അവർ ആരാധിക്കുന്നതു സ്വാഭാവികംമാത്രമാണ്. ചങ്ങമ്പുഴക്കവിതയിൽ തെളിഞ്ഞുപ്രകാശിക്കുന്ന സംഗീതാത്മകത്വത്തിന്റെ വശ്യത അന്യാദൃശമാണ്. അത്യൽകൃഷ്ടമായ ലോകവീക്ഷണകോടിയും സാമൂഹ്യയാഥാത്ഥ്യങ്ങളെ ചിത്രീകരിക്കുന്നതിനുള്ള പ്രാഗത്ഭ്യവും അനന്യസുലഭമായ സംഗീതാത്മകത്വവുമാണ് ചങ്ങമ്പുഴയുടെ തെളിഞ്ഞു വിളങ്ങുന്ന വ്യക്തിമുദ്രകൾ. സാരള്യവും സൗ മാര്യവും ലാളിത്യവും ആ രചനാശില്പത്തിന്റെ പ്രത്യേകതകളാണ്. 'യവനിക' എന്ന ഇ കൃതിയാകട്ടെ, രചനാസൗഷ്ഠവത്തിൽ 'രമണ നെപ്പോലും പിൻതള്ളിയിട്ടുണ്ട്. ചങ്ങ ക്കാവ്യസുധയിലെ ഗുണങ്ങൾ—അതിന്റെ ഗീതമാധുരിയും വികാരത്തള്ളലും ജീവിക പാത്രങ്ങളും ജീവിതത്തിന്റെ സ്പന്ദനവു 'യവനിക'യിലും തെളിഞ്ഞുകാണാം."

വില 2·00

---

നാഷനൽ ബുക്ക്സ്റ്റാൾ

Digitized By Kerala Sahitya Akademi